SINCE 1976

# ഐക്യദീപം

വില ₹ 10

2018 സെപ്റ്റംബർ








## ബെഥനി @100











# PUSHPAGIRI PRIVILEGE CARD

**നിർധനരായ രോഗികൾക്ക് ഒരു കൈത്താങ്ങ്**

**പ്രിവിലേജ് കാർഡ് മുഖാന്തിരം അഡ്മിറ്റാകുന്ന രോഗികൾക്ക്**

# 50%

**മുതൽ**

# 100%

**വരെ ഇളവ്**

കാർഡ് ലഭിക്കുന്നതിനായി
നിങ്ങളുടെ സമീപത്തുള്ള
ജനപ്രതിനിധികളുമായോ
പൊതുപ്രവർത്തകരുമായോ ബന്ധപ്പെടുക


## പ്രിവിലേജ് കാർഡ്

പ്രിവിലേജ് കാർഡിലൂടെ 50% മുതൽ 100% വരെ ഇളവ് ലഭിക്കും. ജനറൽ വിഭാഗത്തിൽ അഡ്മിറ്റാകുന്ന രോഗികൾക്ക് മരുന്നുകൾക്കും പരിശോധനകൾക്കും 2000 രൂപ വരെയും അതിനുശേഷം വരുന്ന മരുന്നുകൾക്ക് 20%വും മറ്റ് പരിശോധനകൾക്ക് 50%വും ഇളവ് ലഭിക്കും. ജനറൽ വിഭാഗത്തിൽ ഒരാഴ്ച്ചത്തേക്കാണ് കാർഡിന്റെ ആനുകൂല്യം. സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങളിൽ മരുന്നുകൾക്കും പരിശോധനകൾക്കുമായി 5000 രൂപ വരെയും തുടർന്ന് വരുന്ന മരുന്നുകൾക്ക് 20% വും പരിശോധനകൾക്ക് 30%വും ഇളവ് ലഭിക്കും. രണ്ടാഴ്ച്ചത്തേക്കാണ് സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങളിൽ കാർഡിന്റെ കാലാവധി. അഡ്മിഷൻ സമയത്ത് പ്രിവിലേജ് കാർഡ് നൽകേണ്ടതാണ്.

**കൂടുതൽ വിവരങ്ങൾക്ക്**

**+91 9447764772**

**www.pushpagiri.in**





2018 സെപ്റ്റംബർ
പുസ്തകം 51 ലക്കം 9


# ഐക്യദീപം


രക്ഷാധികാരി
**മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ**

ചീഫ് എഡിറ്റർ
**റവ. ഡോ. ഏബ്രഹാം ഇരുമ്പിനിക്കൽ**

പ്രസാധകൻ
**റവ. തോമസ് കൊടിനാട്ടുകുന്നേൽ കോർ എപ്പിസ്കോപ്പാ**

അസോസിയേറ്റ് എഡിറ്റർ, മാർക്കറ്റിംഗ് & സർക്കുലേഷൻ കോ-ഓർഡിനേറ്റർ
**ഫാ. സാം ഒറ്റക്കല്ലിൽ**

ഓഫീസ് സെക്രട്ടറി
**ചിന്നു എൽസ ഐസക്**


## ഉള്ളടക്കം




ബഥനി ആശ്രമം ശതാബ്ദി നിറവിൽ — 6
ഫാ. ജയിംസ് പുതുപ്പറമ്പിൽ ഒ.ഐ.സി

അതിവേഗം വളരുന്ന മലങ്കര സുറിയാനി കത്തോലിക്കാസഭ — 19
ഫാ. ഐസക് പറപ്പള്ളിൽ

മെത്രാൻ സ്ഥാനത്ത് മൂന്ന് പതിറ്റാണ്ട് പിന്നിടുന്ന തിരുവല്ലയുടെ വലിയ തിരുമേനി — 24
ജയ്സ് കോഴിമണ്ണിൽ

അച്ചോ, മാതാവ് ഉടലോടെ സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടുവെന്നതിന് തെളിവെന്ത്? — 30
ഫാ. മാത്യു പഞ്ഞിക്കാട്ടിൽ

മറക്കാൻ കഴിയില്ല ആ ദിവസങ്ങൾ — 34
സെലഷ് മെറിൻ



Annual Subscription ₹ 120.00
Single Copy ₹ 10.00
Overseas : $40.00 or ₹ 2750

Bank Details :
Chief Editor, Aikyadeepam
AndhraBank, Tiruvalla 689 101
A/c No. 110110100023901
IFSC. ANDB0001101
SWIFT CODE : ANDBINBB

Printed at :
Viani Press, Ernakulam
Designed by :
St. Joseph Press
Kacherippady, Tiruvalla
Ph : 0469 2602936
sjtvla10@gmail.com

All correspondence regarding Agency and Subscription : Chief Editor, Aikyadeepam Monthly
Theological and Catechetical Centre, Sameeksha, Kulakkad, Tiruvalla-1. Phone: 0469-2600626
E-mail : aikyadeepamtvla@gmail.com

## എഡിറ്റോറിയൽ





# നന്മയുടെ നൂറുവർഷം

മലങ്കരസഭയിലെ ദേശീയമായ ആദ്യ സന്ന്യാസ സംവിധാനമാണ് ക്രിസ്താനുകരണ സന്ന്യാസ സമൂഹം എന്ന ബഥനി ആശ്രമം. ഭാരതീയ സന്ന്യാസത്തിന്റെയും പൗരസ്ത്യ ആശ്രമപാരമ്പര്യത്തിന്റെയും അരൂപി സമന്വയിപ്പിച്ച് 1919, ഓഗസ്റ്റ് 15 ന് പെരുന്നാട്ടിൽ മാർ ഈവാനിയോസ് തുടക്കം കുറിച്ചു. ആശ്രമസ്ഥാപകനും ആദ്യ അന്തേവാസികളും 1930 സെപ്റ്റംബർ 20 ന് കത്തോലിക്കാസഭാ സംസർഗ്ഗത്തിലേക്ക് പുനഃപ്രവേശിച്ചു. പുനരൈക്യപ്രസ്ഥാനത്തിനും മലങ്കരസഭയിൽ വന്നുഭവിച്ച പിളർപ്പുകൾക്ക് പരിഹാരം കണ്ടെത്താനും ബഥനി സന്ന്യാസ സമൂഹത്തിന് സാധിച്ചു. സന്ന്യാസ സമൂഹത്തിന്റെ ദൗത്യം ജീവിതസമർപ്പണവും ദൈവേഷ്ടത്താലും പ്രായോഗികമായി വെളിപ്പെട്ട ചരിത്രസന്ദർഭമാണിത്. ഇത്തരം നന്മനിറഞ്ഞ നവീകരണ യജ്ഞങ്ങൾക്ക് മലങ്കര സഭയിലും ഭാരതസഭയിലും ചാലകശക്തിയായി 100–ാം വർഷത്തിലേക്ക് ബഥനി പ്രവേശിക്കുന്നു. പ്രാർത്ഥനാശംസകൾ അർപ്പിക്കാൻ ഐക്യദീപം ആഗ്രഹിക്കുന്നു.

കേരള ചരിത്രത്തിലെ എക്കാലത്തെയും വലിയ പ്രളയദുരന്തത്തിനു 2018 ഓഗസ്റ്റ് മാസം സാക്ഷിയായി. ദൈവകൃപയാൽ നാം ഇപ്പോൾ അതിജീവനത്തിന്റെ വഴിയിലാണ്. ആരെയും വിധിക്കാനും പഴിക്കാനും കാത്തുനില്ക്കാതെ നന്മയുള്ള മനുഷ്യർ കൈകോർത്ത് രക്ഷാപ്രവർത്തനത്തിനും പുനഃരധിവാസത്തിനും തയ്യാറായത് മഹത്തായ സാക്ഷ്യമാണ്. എടുത്തുപറയേണ്ടത് മത്സ്യതൊഴിലാളികളായ സഹോദരങ്ങളുടെ ധീരോദാത്തമായ സേവനത്തെയാണ്. മറ്റെല്ലാസംവിധാനവും പ്രളയത്തിന്റെ ആദ്യനാളുകളിൽ പകച്ചു നിന്നപ്പോൾ സ്വന്തം വള്ളങ്ങൾ ലോറിയിൽ കയറ്റി ചെങ്ങന്നൂരിലും ചാലക്കുടിയിലും പന്തളത്തും കല്ലിശ്ശേരിയിലും എത്തിച്ച് രക്ഷാപ്രവർത്തനം ഇവർ നടത്തി. തിരുവനന്തപുരം ലത്തീൻ അതിരൂപതയിലെ പിതാക്കന്മാർക്കും വൈദികർക്കും വിശ്വാസികൾക്കും നന്ദി, ആയിരക്കണക്കിനു ജീവനുകൾ രക്ഷിച്ചതിന്. അതിലൊരാളായിരുന്ന അഞ്ചുതെങ്ങിൽ നിന്നെത്തിയ നെൽസന്റെ വാക്കുകൾ, ''അച്ചോ, എല്ലായിടത്തും മതിൽ, ഗേറ്റുകൾ എല്ലാം അടച്ചിരിക്കുന്നു, ഇനിയും ചുറ്റുമതിലിൽ ചവിട്ടാമെന്ന് വിചാരിച്ചാൽ അതിൽ കുപ്പിച്ചില്ലും ആണിയും തറച്ചു വച്ചിരിക്കുന്നു''. ആരും ഒന്നും മാറ്റണമെന്നില്ല, ഒരാളുടെ നിരീക്ഷണം അവതരിപ്പിച്ചതാണ്. കുറെ മതിലൊക്കെ ഇടിഞ്ഞു വീണിട്ടുണ്ട്. കൊടികളും മുള്ളുകളും അടയാളങ്ങളുമായി അതിലേറെ പടുത്തുയർത്തിക്കൊണ്ടിരിക്കുന്നു. നല്ലതുമാത്രം സൃഷ്ടിക്കാം, അതിനായി ഒരുമിക്കാം.

മനുഷ്യ നന്മ അസ്തമിക്കയില്ല ഒരിക്കലും എന്നൊരു പ്രതീക്ഷ ഈ ദുരന്തകാലം ഉറപ്പുതരുന്നു എല്ലാറ്റിനുമൊടുവിൽ.

ചീഫ് എഡിറ്റർ

**ഫാ. ഏബ്രഹാം ഇരിമ്പിനിക്കൽ**



# ഇടയശബ്ദം



**മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ്**
**മെത്രാപ്പോലീത്തൻ ആർച്ച്ബിഷപ്പ്**

## എന്നും ഫലംചൂടി നിൽക്കുന്ന "അത്തിയുടെ ഭവനം" – ബഥനി

**‘ദൈ**വത്തിന്റെ സ്വന്തം നാട് ‘ എന്നു അന്താരാഷ്ട്രതലത്തിൽ അറിയപ്പെടുന്ന നമ്മുടെ നാടിന്റെ പ്രളയകാല ദുരന്താവസ്ഥ കണ്ട് ലോകമാസകലം അമ്പരന്നു. അപ്രതീക്ഷിത മഹാ പ്രളയം കേരളജനതയെ അക്ഷരാർത്ഥത്തിൽ ഭയപ്പെടുത്തി. ‘ഞങ്ങൾക്കൊന്നും സംഭവിക്കില്ല‘ എന്ന സുരക്ഷിത ചിന്തയിൽ കഴിഞ്ഞിരുന്നവർ പ്രളയദുരന്തത്തിന്റെ രൂക്ഷതയിൽ സ്തബ്ധരായി. എന്താണു ചെയ്യേണ്ടതെന്നറിയാതെ ഭരണാധികാരികൾപോലും ഭയചകിതരായി. സാധാരണ കാലവർഷക്കാലത്ത് ഉണ്ടാകുന്നതുപോലെ കടൽക്ഷോഭംകൂടി ജലപ്രളയത്തോടും ഉരുൾപ്പൊട്ടലിനോടും ഒപ്പം ഉണ്ടായിരുന്നെങ്കിൽ കേരളജനങ്ങളുടെ അവസ്ഥ എന്താകുമായിരുന്നു എന്നത് അചിന്തനീയമാണ്. അധികാരകേന്ദ്രങ്ങളും ശാസ്ത്രജ്ഞാനവും സാങ്കേതിക വിദ്യകളും പ്രതിവിധി കാണാതെ പകച്ചു നിന്നപ്പോൾ ദൈവിക ഇടപെടൽ ഉണ്ടായതുകൊണ്ട് മാത്രമല്ലേ പ്രളയം നിയന്ത്രണ വിധേയമായത് ? കാലവർഷക്കാലത്തെല്ലാം കഷ്ടതനേരിടുന്ന കടലിന്റെ മക്കളുടെ സമയോചിതവും നിസ്വാർത്ഥവുമായ അദ്ധ്വാനവും യുവജനങ്ങളുടെയും ബഹു. വൈദികരുടെയും സമർപ്പിതരുടെയും വിശ്രമരഹിതമായ ഇടപെടലും ദുരന്തത്തെ നേരിടാൻ സഹായകമായി എന്നത് പ്രത്യേകം ഓർക്കുന്നു. ദുരന്തമുഖത്ത് കേരളജനത പ്രകടിപ്പിച്ച ഐക്യവും സഹകരണവും പങ്കുവയ്ക്കൽ മനോഭാവവും ചുരുങ്ങിയ സമയം കൊണ്ട് പ്രളയ ദുരന്തത്തെ അതിജീവിക്കുവാനും ജനജീവിതം സാധാരണനിലയിലാക്കുവാനും ഇടയാക്കിയത് ഏറ്റം അഭിനന്ദനാർഹം തന്നെ. സർക്കാരും സന്നദ്ധ സംഘടനകളും സർവ്വോപരി സഭാസംവിധാനങ്ങളും അരയും തലയും മുറുക്കി രക്ഷാപ്രവർത്തനങ്ങളിലും ദുരന്തനിവാരണ പ്രവർത്തനങ്ങളിലും തുടർന്ന് പുനഃരധിവാസപ്രവർത്തനങ്ങളിലും വ്യാപൃതമായിരുന്നത് ശ്രദ്ധേയമാണ്.

സഭ വലിയ പ്രതിസന്ധികൾ നേരിടുന്ന സന്ദർഭമാണല്ലോ ഇത്. മാദ്ധ്യമങ്ങളിലും പൊതുവേദികളിലും സഭ അപമാനിതയായിക്കൊണ്ടിരിക്കുന്നു. സഭാനേതൃത്വവും സഭാമക്കളും അപഹസിക്കപ്പെടുമ്പോഴും അവർ തങ്ങളുടെ നാഥന്റെ കല്പനയനുസരിച്ച് വിനയാന്വിതയായി വിവിധ ശുശ്രൂഷകളിൽ വ്യാപൃതയായിരിക്കുന്നത് പ്രത്യേകം ശ്രദ്ധേയമാണ്. അശരണരുടെയും ആലംബഹീനരുടെയും ശുശ്രൂഷകളിൽ വ്യാപൃതയായിരിക്കുന്ന സഭയെയും അവൾ ഉയർത്തിപ്പിടിക്കുന്ന മൂല്ല്യങ്ങളെയും തേജോവധം ചെയ്യാൻ ശ്രമിക്കുന്നവരുടെ ലക്ഷ്യവും താല്പര്യങ്ങളും സംശയാസ്പദമാണ്. ശത്രുക്കളുടെ കെണിയിൽ വീഴാതിരിക്കാൻ ഉണർന്നിരുന്ന് പ്രാർത്ഥിക്കാം.

ബഥനി ആശ്രമത്തിന്റെ ശതാബ്ദി ആഘോഷിക്കുന്ന ഈ വേളയിൽ ‘ബഥനി‘ എന്ന മഹാപ്രസ്ഥാനത്തെ അനുസ്മരിക്കുവാനും പുണ്യശ്ലോകനായ മാർ ഈവാനിയോസ് പിതാവിന്റെ ദീർഘവീക്ഷണവും വ്യക്തിത്വപ്രഭാവവും സർവ്വോപരി ദൈവകടാക്ഷവും പ്രതിപാദിക്കുന്ന ലക്കമാണ് ഇന്ന് നിങ്ങളുടെ കൈവശം എത്തിച്ചേർന്നിരിക്കുന്നത്. ബഥനി എന്ന വാക്കിന് അത്തിയുടെ ഭവനം എന്നും കഷ്ടത്തിന്റെ ഭവനം എന്നും അർത്ഥമുണ്ട്. യേശുതമ്പരാൻ ഏറെ താത്പര്യത്തോടെ സന്ദർശിച്ച സ്ഥലമാണ് ബഥനി. അവിടെ മാർത്താ, മറിയം, ലാസർ എന്നീസഹോദരങ്ങൾ സ്നേഹത്തോടെ കഴിഞ്ഞിരുന്നു. യേശുനാഥൻ അവ

*(ശേഷം 47-ാം പേജിൽ)*

# ബഥനി ആശ്രമം

## ശതാബ്ദി നിറവിൽ (1919-2019)



**ഫാ. ജയിംസ് പുതുപ്പറമ്പിൽ ഒ.ഐ.സി**

**ചരിത്രപശ്ചാത്തലം**

'കൂദാശ ശെമ്മാശൻ', 'എം.എ.അച്ചൻ' 'എം.ഡി.സെമിനാരി പ്രിൻസിപ്പൽ,' മലങ്കര സഭയിൽ കാതോലിക്കേറ്റ് സ്ഥാപിക്കുന്നതിൽ മുഖ്യപങ്കു വഹിച്ച വ്യക്തി, സെറാമ്പൂർ കോളേജ് പ്രൊഫസർ എന്നീ പേരുകളിൽ അറിയപ്പെട്ടിരുന്ന ഫാദർ പി.റ്റി.ഗീവർഗീസ് പണിക്കരു വീട്ടിൽ (ആർച്ചു ബിഷപ്പ് മാർ ഈവാനിയോസ്) 1919 ആഗസ്റ്റ് 15-ന് റാന്നി പെരുന്നാട്ടിലെ മുണ്ടൻമലയിലാണ് ബഥനി ആശ്രമം എന്നറിയപ്പെടുന്ന മ്ശിഹാനുകരണ സന്യാസി സമൂഹം സ്ഥാപിച്ചത്. പുത്തൻകൂർ വിഭാഗത്തിൽ പുരുഷന്മാർക്കുവേണ്ടി സ്ഥാപിക്കപ്പെടുന്ന ആദ്യത്തെ സന്യാസി സമൂഹമാണിത്. ശൈശവകാലം മുതൽ സന്യാസജീവിതം വഴി തന്നെത്തന്നെ ദൈവത്തിനു സമ്പൂർണമായി സമർപ്പിക്കണമെന്നാഗ്രഹിച്ച ഫാദർ പി.റ്റി. ഗീവർഗീസ് സെറാമ്പൂർ കോളജ് പ്രൊഫസറായിരിക്കുമ്പോഴാണ് അദ്ദേഹത്തിന്റെ ഈ ആഗ്രഹം സഫലീകരിച്ചത്.

കാലഘട്ടത്തിന്റെ ആവശ്യമനുസരിച്ച് ദൈവികപ്രചോദനത്താലാണ് ഈ സന്യാസി സമൂഹം സ്ഥാപിക്കപ്പെടുന്നത്. 1653-ൽ കൂനൻ കുരിശു സത്യത്തെത്തുടർന്ന് ഭാരതത്തിലെ മാർത്തോമ്മാ ക്രിസ്ത്യാനികൾ പഴയ കൂറ്റുകാരെന്നും പുത്തൻകൂറ്റുകാരെന്നും വിഭജിക്കപ്പെട്ടതും, സാധുവായ പൗരോഹിത്യം ലഭിക്കാൻ പുത്തൻകൂർ വിഭാഗം യാക്കോബായ സംസർഗ്ഗത്തിൽ എത്തിച്ചേർന്നതും അന്ത്യോക്യൻ യാക്കോബായ പാത്രിയർക്കീസ്, പുത്തൻകൂർ സമുദായത്തിന്റെ ഭരണസ്വാതന്ത്ര്യത്തിന്മേൽ അധീശത്വം പുലർത്തിക്കൊണ്ട് മെത്രാപ്പോലീത്തായോട് ഉടമ്പടി പത്രം ആവശ്യപ്പെട്ടതും, അദ്ദേഹം അതിനു വശംവദനാകാതിരുന്നതിനെ തുടർന്ന് സഭയിൽ സംജാതമായ വ്യവഹാരങ്ങൾ, കോടതി കയറ്റം, പുത്തൻകൂർ സമുദായത്തിന്റെ സിരാകേന്ദ്രമായ പഴയ സെമിനാരിയുടെ മുറ്റത്ത് ആനപാപ്പി എന്ന് അറിയപ്പെട്ടിരുന്ന മെത്രാപ്പോലീത്തായുടെ അംഗരക്ഷകന്റെ കൊലപാതകം മുതലായ സംഭവങ്ങൾ നടന്നതും ചരിത്രപണ്ഡിതനും, സഭാസ്നേഹിയും, സുകൃതവാനുമായ ഫാദർ പി.റ്റി.ഗീവർഗീസിൽ ഉളവാക്കിയ നൊമ്പരം ചരിത്രപഠനം നടത്തുന്നതിനും, യാഥാർത്ഥ്യങ്ങൾ ആഴത്തിൽ മനസ്സിലാക്കാനും അദ്ദേഹ



ത്തെ സഹായിച്ചു. സഭയുടെ ദുഃസ്ഥിതിയിൽ മെത്രാപ്പോലീത്തയായിരുന്ന മാർ ദിവന്നാസ്യോസ് തിരുമേനിയെ ദൂരെയായിരുന്നുകൊണ്ട് സഹായിക്കാനാവില്ലെന്നുള്ള ദുഃഖഭാരത്തോടെയാണ് 1913-ൽ സെറാമ്പൂർ കോളജിൽ പ്രൊഫസറായി പോകുന്നത്. പി.റ്റി.ഗീവർഗ്ഗീസ് ശെമ്മാശൻ 1907-ൽ ഉപരിപഠനം കഴിഞ്ഞു വന്നപ്പോൾ മുതൽ കാതോലിക്കാസിംഹാസനം മലങ്കരയിൽ സ്ഥാപിക്കുന്നതുൾപ്പെടെ എല്ലാവിധമായ ഉയർച്ചക്കുവേണ്ടിയും അത്യദ്ധ്വാനം ചെയ്തിരുന്നെങ്കിലും, ആ ശ്രമങ്ങളൊക്കെ അപര്യാപ്തമായിരുന്നുവെന്ന് ആ സാഹചര്യത്തിൽ നിന്ന് മാറിനിന്ന് വീക്ഷിച്ചപ്പോൾ അദ്ദേഹത്തിന് ബോദ്ധ്യം വന്നു. പ്രശ്നങ്ങളും പ്രശ്നകാരണങ്ങളും അദ്ദേഹം തന്റെ ആത്മകഥയിൽ ഇങ്ങനെ കുറിച്ചു: ''പഴയ സെമിനാരിയുടെ മുറ്റം മനുഷ്യരക്തം കുടിച്ചതിനാൽ മാത്രം പിന്നെയൊന്നും അവിടെ നടന്നില്ല. സുറിയാനി സമുദായത്തിനു കുറേ കാലമായി ഉണ്ടായിരുന്ന ദാഹം അതിനായിരുന്നു എന്ന് ഏവർക്കും ബോദ്ധ്യമായി. സ്വസമുദായത്തിന്റെ ഈ ഒരു ദാഹശമനം ഏതൊന്നിന്റെ അത്യുച്ചത്തെയാണ് സൂക്ഷ്മതപ്പെടുത്തുന്നതെന്നു പറയണമോ? ദൈവഭയമില്ലായ്മയുടെയും ദൈവസ്നേഹമില്ലായ്മയുടെയും തന്നെ. ഇവ രണ്ടിന്റെയും അഭാവം പാപ്പിയുടെ തലയെ പതിമൂന്നു കഷണങ്ങളാക്കി തീർത്തു. അവന്റെ രക്തം സമുദായമാകമേ തളിക്കപ്പെടുകയും ചെയ്തു. എന്നിട്ടും അനേകം പേർക്കു പശ്ചാത്താപം ഉണ്ടാകാത്തതിന്റെ കാരണമെന്ത്?''

അഭ്യസ്തവിദ്യരും പ്രബുദ്ധരുമായ നേതൃത്വം സഭയിലുണ്ടായാൽ ഈ പ്രശ്നത്തിന് പരിഹാരമുണ്ടാകുമെന്നു ധരിച്ച അദ്ദേഹം ശെമ്മാശന്മാരെയും, ശെമ്മാശന്മാരാകാൻ പഠിക്കുന്നവരെയും തന്റെ സ്വന്തചെലവിൽ തൃശിനാപ്പള്ളി, സെറാമ്പൂർ, കൽക്കത്താ, അലഹബാദ്, മദ്രാസ് എന്നീ കോളജുകളിൽ ഉന്നതവിദ്യാഭ്യാസത്തിനയച്ചു. 'വൈദികരുടെ ഉയർച്ചയാണ് സമുദായത്തിന്റെ ഉയർച്ചയെന്നും, അവരുടെ വിജ്ഞാനമാണ് സമൂഹത്തിന്റെ മൂലധനമെന്നും' വിശ്വസിച്ചിരുന്ന ഫാദർ പി.റ്റി.ഗീവർഗീസ് ഒരു വൈദികവിദ്യാലയം സ്ഥാപിച്ചുകൊണ്ട് ഈ സമുദായത്തെ ഉയർത്താമെന്ന് കരുതി. ശെമ്മാശന്മാർ ശ്രേഷ്ഠമായ വിധത്തിൽ വിദ്യാഭ്യാസം പൂർത്തിയാക്കിയപ്പോൾ ഗീവർഗീസച്ചനിൽ അടിസ്ഥാനപരമായ ചില ചോദ്യങ്ങൾ രൂപം കൊണ്ടു. അന്നത്തെ സാഹചര്യത്തിൽ വൈദിക വിദ്യാലയസ്ഥാപനം സാധിതമാകുമോ? ''സാധിച്ചാൽ തന്നെയും അതു നിലനില്ക്കുമോ? നിലനിന്നാൽ അതുകൊണ്ടു മാത്രം സമുദായോന്നമനം കൈവരുമോ? സമുദായത്തിന്റെ യഥാർത്ഥമായ ഐശ്വര്യം ഇവയിൽ മാത്രം നിക്ഷിപ്തമോ?'' ഈ ചോദ്യങ്ങൾക്ക് ഉത്തരം കാണാനായിരുന്നു അദ്ദേഹത്തിന്റെ അടുത്ത ശ്രമങ്ങളും, പ്രാർത്ഥനയും, ചിന്തകളും. ക്രൈസ്തവസഭ അതിന്റെ സ്വഭാവത്താൽ തന്നെ പ്രേഷിതയാണെന്നും, മാർത്തോമ്മാ ശ്ലീഹായാൽ സ്ഥാപിക്കപ്പെട്ടതും ഇരുപത് നൂറ്റാണ്ടുകൾ പഴക്കമുള്ളതെന്ന് അഭിമാനിച്ചു വരുന്ന മലങ്കര സുറിയാനി സമുദായം സുവിശേഷപ്രചരണമെന്ന അതിന്റെ ദൗത്യനിർവഹണത്തിൽ ശ്രദ്ധിച്ചിട്ടില്ലെന്നുമുള്ള യാഥാർത്ഥ്യം അദ്ദേഹം തിരിച്ചറിഞ്ഞു. ഭൂതകാലത്തിലെ ആലസ്യവും അശ്രദ്ധയും എങ്ങനെയുമിരിക്കട്ടെ. കഴിഞ്ഞ തലമുറകളിൽ ഉണ്ടായിരുന്നവരുടെ അപരാധം പോലും പരിഹരിക്കത്തക്ക വിധത്തിൽ സുറിയാനി സമുദായം ഉണർന്നു പ്രവർത്തിക്കേണ്ടതായിരിക്കുന്നു. ഇതിനായി ശുശ്രൂഷകരെ ഒരുക്കുകയാണു വേണ്ടതെന്നു ചിന്തിക്കുകയും ശെമ്മാശന്മാരിൽ പലർക്കും ഈ വിഷയത്തിൽ അഭിരുചിയുണ്ടെന്നു മനസ്സിലാക്കുകയും ചെയ്തു. ഇങ്ങനെയുള്ളവരെ ചേർത്ത് ഒരു മിഷനറി സംഘം രൂപീകരിക്കുന്നത് നല്ലതാണെന്ന് അദ്ദേഹത്തിനു തോന്നി. സമൂഹത്തിലുണ്ടായ ആത്മീയാസ്വാസ്ഥ്യങ്ങൾക്ക് പരിഹാരമുണ്ടാക്കുക, സണ്ടേസ്കൂൾ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കിക്കൊണ്ട് ബാലികാബാലന്മാരിൽ ആത്മീയ ബോധം കൈവരുത്തുക, വിജാതീയരുടെയിടയിൽ സുവിശേഷം പ്രസംഗിച്ച് സത്യവിശ്വാസത്തിലേക്കാനയിക്കുക എന്നീ കാര്യങ്ങൾ മിഷനറി സംഘത്തിന്റെ ലക്ഷ്യങ്ങളായിരുന്നു.

മിഷനറി സംഘം സ്ഥാപിച്ചതുകൊണ്ടു മാത്രം സമുദായത്തിന് യഥാർത്ഥമായ അഭ്യുദയവും സുവിശേഷപ്രചരണത്തിന് വാസ്തവമായ ഫലപ്രാപ്തിയുമുണ്ടാകുമോ എന്ന് അദ്ദേഹം സംശയിച്ചു. സുവിശേഷ പ്രചരണം വാക്കുകളാലോ പ്രസംഗത്താലോ മാത്രമല്ല; സുകൃത നടപടികളാലും പരോപകാരാർത്ഥമായ സ്നേഹവ്യാപാരങ്ങളാലും നിർവഹിക്കപ്പെടണം. ലോകരെ ദൈവത്തിങ്കലേക്കു തിരിക്കണമെങ്കിൽ യഥാർത്ഥമായ ദൈവഭക്തിയും ദൈവസ്നേഹവുമുള്ള സുവിശേഷകന്മാർ ഉണ്ടാവണം. സുവിശേഷപ്രചരണാർത്ഥം വരാവുന്ന ക്ലേശങ്ങളെല്ലാം അവഗണിച്ചു ദൈവത്തെ മഹത്വപ്പെടുത്തിക്കൊണ്ട് ജീവിപ്പാൻ പ്രാപ്തരാക്കണമെ എന്ന നിയോഗത്തോടുകൂടി പ്രാർത്ഥിച്ച കാലഘട്ടത്തിൽ അദ്ദേഹത്തിനു വെളിപ്പെടുത്തി കിട്ടിയ ആദർശമാണ്: ''ദൈവസേവനത്തേക്കാൾ അത്യുത്തമം ദൈവസമ്പാദനം.'' ദൈവസമ്പാദനത്തേക്കാൾ ശ്രേഷ്ഠമായ ഒന്നും നശ്വരമായ ഈ ലോകജീവിതത്തിൽ നിന്ന് ലഭിക്കാനിടയില്ലെന്നും, ത്യാഗംകൊണ്ടല്ലാതെ ദൈവസാമീപ്യം ലഭിക്കുകയില്ലെന്നും അദ്ദേഹം

തിരിച്ചറിഞ്ഞു. 'സകലതും ഉപേക്ഷിച്ച് നിന്റെ പിന്നാലെ വന്നിരിക്കുന്നു' എന്ന് പറഞ്ഞ് ശ്ലീഹ ാരെപ്പോലെ യേശുവിനെ പിഞ്ചെല്ലുന്നവരാണ് ദൈവത്തെ സമ്പാദിച്ചവർ. അവരാണ് യഥാർത്ഥ സുവിശേഷകന്മാർ. അവരാലാണ് യേശുമ്ശിഹായെ ലോകത്തിനു അറിയാൻ കഴിഞ്ഞിട്ടുള്ളതും. സന്യാസപദം സ്വീകരിക്കുന്ന ഒരാളാൽ ഇവയൊക്കെ സാധിക്കും. സ്വയമേവ തങ്ങളെത്തന്നെ ദൈവത്തിനു പ്രതിഷ്ഠിക്കപ്പെട്ട സന്യാസികളടങ്ങിയ ഒരു സമൂഹമാണ് വേണ്ടതെന്നും ദൈവതിരുവിഷ്ടം അതാണെന്നും മനസ്സിലാക്കിയ പി.റ്റി.ഗീവർഗീസച്ചൻ ദൈവത്തിൽ നിന്നു ലഭിച്ച ഈ ആദർശത്തെ അമൂല്യനിധിയായി കണക്കാക്കി സ്ഥാപിച്ചു പരിപാലിച്ച സന്യാസി സമൂഹമാണ് ബഥനി ആശ്രമം എന്ന പേരിൽ 1915 ആഗസ്റ്റ് 15-ന് റാന്നി-പെരുന്നാട്ടിൽ സ്ഥാപിച്ച മ്ശിഹാനുകരണ സന്യാസി സമൂഹം. ഉടനെതന്നെ പ്രൊഫസർ ഉദ്യോഗം രാജിവച്ചു പോരാൻ പ്രയാസമായതിനാൽ ശ്രേഷ്ഠാനുമതിയോടുകൂടി സന്യാസനിഷ്ഠകളായ മൗനം, ഏകാന്തത, യാമനമസ്കാരം, വചനാധിഷ്ഠിതമായ ധ്യാനം എന്നീ ലഘുനിഷ്ഠകൾ ആദർശത്തിൽ തന്നോടു യോജിച്ച ശെമ്മാശന്മാരോടൊത്ത് സെറാമ്പൂരിൽ വച്ചുതന്നെ അനുഷ്ഠിച്ചുകൊണ്ട് 'ശൈശവാശ്രമം' അവിടെ ആരംഭിച്ചു.

ദൈവത്തെ മഹത്വപ്പെടുത്തുന്നതിനും മറ്റുള്ളവർക്കു നന്മ ചെയ്യുന്നതിനും ഏറ്റവും ശ്രേഷ്ഠമായ മാർഗ്ഗം സന്യാസജീവിതമാണെന്നു ബോദ്ധ്യമായപ്പോൾ, തന്റെ ശിഷ്യന്മാരിൽ ഈ ആദർശത്തോടു താല്പര്യവും ദൈവവിളിയുമുള്ളവർ അതിനു പുറപ്പെടണമെന്ന് ഉപദേശിക്കുക മാത്രം ചെയ്യാതെ അദ്ദേഹം അതിലേക്കു മുന്നിട്ടിറങ്ങി മാതൃക കാണിക്കുകയാണ് ചെയ്തത്. സന്യാസ സമൂഹസ്ഥാപനത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ ചിന്തകൾ ഇപ്രകാരമായിരുന്നു: ''എങ്ങോട്ടു പോയി എന്തു ചെയ്കയാണു വേണ്ടതെന്നു ചിന്തിക്കാൻ ആരംഭിച്ചു. പഞ്ചാബ് രാജ്യത്തിൽ ഒരിടത്തു ചെന്ന് അവിടെയുള്ള പാവപ്പെട്ടവരുടെ ഇടയിൽ താമസിച്ചു സുവിശേഷ പ്രചരണം നടത്തി സന്യാസിമാരായി ജീവിക്കാമെന്നു നാം ആലോചിച്ചു.'' സമുദായസ്നേഹിയും പി.റ്റി. ഗീവർഗീസച്ചന്റെ സുഹൃത്തുമായിരുന്ന മിസ്റ്റർ ഇ.ജെ. ജോൺ വക്കീൽ, നാട്ടിൽ വന്ന് വിജനമായ ഒരു സ്ഥലത്ത് സന്യാസാശ്രമം തുടങ്ങുന്നതാണ് ആവശ്യമെന്നും, അതിലേക്കായി പെരുന്നാട്ടിലുള്ള അദ്ദേഹത്തിന്റെ സ്ഥലം ഉപയോഗപ്പെടുത്താവുന്നതാണെന്നും അറിയിച്ചു. അദ്ദേഹം ദാനമായി കൊടുത്ത നൂറേക്കർ സ്ഥലവും അതിനോടുചേർന്ന് ഗീവർഗീസച്ചൻ വാങ്ങിയ മുന്നൂറേക്കർ സ്ഥലവും ഉൾപ്പെടെ നാനൂറേക്കർ സ്ഥലം വാങ്ങിയ ശേഷം ആശ്രമം തുടങ്ങുന്നതിന് പ്രാരംഭക്രമീകരണങ്ങൾക്കായി തന്റെ ശിഷ്യനായ മട്ടയ്ക്കൽ അലക്സ്യോസ് ശെമ്മാശനെയും, ഉമ്മൻ വാദ്ധ്യാരെയും സ്വന്തം അനുജൻ മി.മത്തായി പണിക്കരെയും ചുമതലപ്പെടുത്തി.

**ബഥനി ആശ്രമസ്ഥാപനം**

സമൂഹജീവിതം പൗരസ്ത്യ സന്യാസപാരമ്പര്യത്തിൽ നടപ്പിലാക്കിയ വി.ബസേലിയോസിന്റെ ആദർശങ്ങളും നിയമവുമാണ് ബഥനി ആശ്രമം സ്വീകരിച്ചത്. ദൈവൈക്യവും സമുദായ സേവനവും സമ്യക്കായി യോജിപ്പിച്ച ഈ പാരമ്പര്യം പി.റ്റി.ഗീവർഗീസച്ചന്റെ അഭിരുചിക്കു യോജിച്ചതായിരുന്നു. ബ.അലക്സ്യോസച്ചനെ പെരുന്നാട്ടിലേക്കയപ്പോൾ തന്നെ രണ്ട് അനാഥബാലന്മാരെയും അദ്ദേഹത്തിന്റെ കൂടെ അയച്ചിരുന്നു. അങ്ങനെ, ആശ്രമ ഉദ്ഘാടനത്തിനു മുമ്പുതന്നെ അവിടെ ഒരു അനാഥശാല പ്രവർത്തനം തുടങ്ങിയിരുന്നു. പാവപ്പെട്ടവർക്കായി ഒരാശുപത്രി, അനാഥശാല, സുവിശേഷവേലയ്ക്കായി പരിശീലനകേന്ദ്രം, പള്ളിക്കൂടം, സന്യാസികൾക്കായി ആശ്രമം ഇങ്ങനെ പരിത്യാഗ ജീവിതത്തെ സ്നേഹപൂർണതയിൽ എത്തിക്കുന്ന പരോപകാര പ്രവർത്തനങ്ങൾക്ക് പ്രാമുഖ്യം കൊടുക്കുന്ന സമർപ്പണജീവിതത്തിനാണ് അവിടെ പ്രാധാന്യം കൊടുത്തത്.

ക്രൈസ്തവ വിശ്വാസത്തിനു ഭേദം വരാത്ത വിധത്തിൽ ക്രിസ്തുമതത്തെ ഭാരതത്തിൽ സ്വദേശിയമാക്കേണ്ടതുണ്ടെന്ന ബോദ്ധ്യം അദ്ദേഹത്തിനുണ്ടായിരുന്നു. സ്വദേശീയമായ അവസ്ഥ ക്രിസ്തുമതത്തിനു കൈവരാത്തിടത്തോളം കാലം മറ്റു സമുദായങ്ങളെ ക്രിസ്തുവിലേക്ക് ആകർഷിക്കാൻ കഴിയുകയില്ല. ലളിതജീവിതം മുഖമുദ്രയായി സ്വീകരിച്ചുകൊണ്ട് തറയിൽ ചമ്രം പടഞ്ഞിരുന്ന വചനധ്യാനവും മറ്റു ഭക്താഭ്യാസങ്ങളും, മൗനവും ഏകാന്തതയും, കായികാദ്ധ്വാനവും സ്വീകരിച്ചതിനു പുറമെ കാഷായവസ്ത്രവും, ചരടിൽ ബന്ധിച്ച ഒരു മരക്കുരിശും കഴുത്തിൽ ധരിച്ചുകൊണ്ട് തികച്ചും ഭാരതീയ ആദ്ധ്യാത്മിക പാരമ്പര്യങ്ങളെ ഉൾക്കൊണ്ടുകൊണ്ടുള്ള ജീവിതശൈലിയാണ് സമൂഹസ്ഥാപകൻ ആവിഷ്കരിച്ചത്. വിശുദ്ധനിയമത്തിൽ അത് ഇപ്രകാരമാണ് ക്രോഡീകരിച്ചിരിക്കുന്നത്. ''മിശിഹാനുകരണ സന്യാസി സമൂഹത്തിന്റെ സിദ്ധി (charism) പൗരസ്ത്യ സന്യാസപാരമ്പര്യത്തിലും ഭാരതീയ സന്യാസത്തിലും സാക്ഷാത്കരിക്കപ്പെട്ടതും, മലങ്കരസഭയുടെ ആദ്ധ്യാത്മിക നവീകരണം വഴി ഭാരതത്തെ സുവിശേഷവത്കരിക്കുക എന്ന ലക്ഷ്യത്തോടുകൂടിയും യേശുമ്ശിഹായെ, അവിടുത്തെ പ്രാർത്ഥനാ ജീവിതത്തിലും കർമ്മോദ്യുക്ത ജീവിതത്തിലും അനുകരിക്കുക എന്നതാണ്.''



**മിഷൻ ഫോട്ടോ**

1919 ആഗസ്റ്റ് 15-ന് സ്ഥാപിതമായ ആശ്രമത്തിലെ പ്രഥമാംഗങ്ങൾ ആഗസ്റ്റ് മാസം 23-ാം തീയതി ഒരു ഭരണഘടന എഴുതിയുണ്ടാക്കുകയും 1920 മാർച്ച് 9-ാം തീയതി അത് അൾത്താരയിൽ സമർപ്പിച്ചുകൊണ്ട് സന്യാസ പ്രതിഷ്ഠ നടത്തുകയും ചെയ്തു. അന്ത്യോക്യൻ പാത്രിയർക്കീസിനോ, കാതോലിക്കാബാവായ്ക്കോ, യാക്കോബായസഭയ്ക്കോ, ഏതെങ്കിലും സംഘടനയ്ക്കോ വിധേയമാകാത്ത വിധത്തിൽ ഒരു സ്വതന്ത്ര സ്ഥാപനമായിട്ടാണ് ഈ സമൂഹം സ്ഥാപിക്കപ്പെട്ടത്. ബഥനിയുടെ സ്വതന്ത്രനില ഒരിയ്ക്കലും ഉപേക്ഷിക്കരുതെന്ന് വട്ടശ്ശേരിൽ തിരുമേനി പി.റ്റി. ഗീവർഗീസച്ചനോടു പറയാറുണ്ടായിരുന്നു. തിരുവിതാംകൂർ ഹൈക്കോടതിയിൽ വീരരാഘവ അയ്യങ്കാർ മാർ ദിവന്നാസ്യോസ് തിരുമേനിക്ക് ദോഷമായി വിധി എഴുതിയ കാലമായിരുന്നു അത്. പ്രസ്തുത കേസിൽ അപചയം നേരിടുന്നതായാൽ യാക്കോബായ സഭയിൽ നിന്ന് നിഷ്കാസിതനാകാൻ ഇടയുള്ളതുകൊണ്ട് അപ്പോൾ സ്വൈര്യമായിരിക്കാൻ ഒരു ഇടം ഇരിക്കട്ടെ എന്നു കരുതി വട്ടിപ്പണക്കേസിന്റെ പര്യവസാനംവരെയും ബഥനിയുടെ സ്വതന്ത്രനിലയെ അദ്ദേഹം മാനിച്ചിരുന്നു.

ഹ്യസ്വകാലംകൊണ്ട് ബഥനി ആശ്രമം പുത്തൻകൂർ സമുദായത്തിന്റെ ആത്മീയസ്രോതസായി മാറി. അവിടെ നടക്കുന്ന ആത്മീയ ശുശ്രൂഷകളിൽ പങ്കെടുക്കുന്നതിന് നൂറു കണക്കിനാളുകൾ എത്താറുണ്ടായിരുന്നു. ആശ്രമത്തിൽ താമസിച്ച് ഒരുങ്ങി, കുമ്പസാരം നടത്തുന്നതിന് ആളുകൾ എത്തുമായിരുന്നു. വലിയ നോമ്പിലെ അനുഷ്ഠാനങ്ങൾക്ക് പ്രത്യേകതയുണ്ടായിരുന്നു. എല്ലാ ദിവസങ്ങളിലും ഉപവാസവും തപശ്ചര്യകളു മുണ്ടായിരുന്നു. 40-ാം വെള്ളിയാഴ്ച മുതൽ ഉയിർപ്പുവരെ താഴ്വരയിലുള്ള ഇടവകപ്പള്ളിയിൽ സന്യാസിമാരെല്ലാവരും ഒന്നിച്ചു താമസിക്കുകയും ധ്യാനം, പ്രാർത്ഥന, പ്രസംഗം മുതലായ ഭക്തികൃത്യങ്ങളിൽ വ്യാപരിക്കുകയും ചെയ്യുമായിരുന്നു. ആ മലനാട്ടിലേക്കുള്ള യാത്ര ക്ലേകകരവും അസൗകര്യവുമായിരുന്നെങ്കിലും കഷ്ടാനുഭവാഴ്ചയിലെ കർമ്മങ്ങളിൽ പങ്കെടുത്ത് അനുഗ്രഹീതരാകുന്നതിന് ഭക്തജനങ്ങൾ തീർത്ഥയാത്രയായി അവിടേക്കു പ്രവഹിച്ചുകൊണ്ടിരുന്നു. ദിവസവും 65-70 പറ അരിയും അതിനു വേണ്ടുന്ന വിഭവങ്ങളും തീർത്ഥാടകർക്ക് കഞ്ഞി കൊടുക്കുന്നതിന് ആവശ്യമായിരുന്നെന്നു പറയുമ്പോൾ ഓശാന, പെസഹാ, ദുഃഖവെള്ളി എന്നീ ദിവസങ്ങളിൽ അവിടെ വന്നുകൂടിയിരുന്ന വരുടെ സംഖ്യ ഊഹിക്കാമല്ലൊ.

**ആശ്രമത്തിന്റെ നാമം - ബഥനിആശ്രമം**

പ്രാർത്ഥനയ്ക്കും പ്രവർത്തനത്തിനും പരമപ്രാധാന്യം നല്കുന്ന ഈ ആശ്രമത്തിന്റെ സ്വഭാവത്തെയും സിദ്ധിയെയും ദ്യോതിപ്പിക്കുന്നതും സുവിശേഷത്തിലുള്ളതുമായ ഒരു നാമമാണ് ബഥനി - കർത്താവായ യേശുമിശിഹായെ അവഗാഢം സ്നേഹിക്കുകയും, യേശു സവിശേഷമായി സ്നേഹിക്കുകയും ചെയ്ത ഒരു ഭവനം. ലാസർ, യേശുവിന്റെ സുഹൃത്തും പുനരുത്ഥാനത്തിന്റെ സാക്ഷിയും. മറിയം, പ്രാർത്ഥനാജീവിതത്തിന്റെ പ്രതീകം. മർത്താ, സേവനത്തിന്റെയും പ്രേഷിത പ്രവർത്തനങ്ങളുടെയും പ്രതീകം. ഈ

ദർശനങ്ങളോട് ഭാരത സന്യാസിമാരുടെ വാസ സ്ഥലത്തിനു കൊടുക്കുന്ന ആശ്രമം എന്ന പേരുകൂടി സ്വീകരിച്ചുകൊണ്ട് ബഥനി ആശ്രമം എന്ന് ഈ ഭാരത ക്രൈസ്തവാശ്രമം വിളിക്കപ്പെട്ടു. ഔദ്യോഗികമായി മിശിഹാനുകരണ സന്യാസി സമൂഹം (Order of the Imitation of Christ) എന്നാണ് ഇതിന്റെ നാമം.

**ബഥനി മൂന്നാം സഭ**

കുടുംബജീവിതക്കാരായ ആളുകൾക്ക് നിഷ്കർഷയായ ക്രിസ്തീയ ജീവിതം നയിക്കാൻ സഹായിക്കത്തക്കവണ്ണം ഒരു തൃതീയാശ്രമവും 1925-ൽ രൂപീകൃതമായി. പരിശുദ്ധമായി കുടുംബ ജീവിതം നയിക്കാൻ ആദ്ധ്യാത്മികമായി അവരെ സഹായിക്കുകയാണ് തൃതീയാശ്രമം വഴി ലക്ഷ്യം വയ്ക്കുന്നത്. മാർ ഈവാനിയോസ് തിരുമേനി ഇതേപ്പറ്റിയുള്ള ആദർശത്തെ ഇങ്ങനെ വ്യക്തമാക്കുന്നു: ''അവരുടെ സ്വന്തദേശത്തും കുടുംബത്തിലും ദാമ്പത്യജീവിതത്തിൽ താമസിച്ചു യേശുമിശിഹായോടുള്ള നിഷ്കളങ്ക സ്നേഹത്തെ തങ്ങളുടെ ജീവിതത്തിൽ പൂർണ്ണമാക്കി ചെയ്യാൻ തക്കവണ്ണം കാതോലിക സഭാതത്വങ്ങൾക്കനുസരണമായി പരിശുദ്ധ കുടുംബജീവിതം നയിക്കണമെന്നുള്ള ചുമതലയാണ് തൃതീയാശ്രമപദങ്ങൾക്കുള്ളത്.'' ബഥനി സന്നദ്ധ സേവാസംഘം എന്ന പേരിൽ 1978 വരെ ബഥനി മൂന്നാം സഭ പ്രവർത്തിച്ചിരുന്നു.

**സമൂഹസ്ഥാപകൻ മേല്പട്ടസ്ഥാനത്തേക്ക്**

സ്വതന്ത്രസ്ഥാപനമായ ബഥനിക്ക് മിഷൻ പ്രവർത്തനവും, പള്ളികൾ ആരംഭിക്കാൻ സന്ദർഭവവും, സാമൂഹ്യക്ഷേമപ്രവർത്തനങ്ങളും കാര്യക്ഷമമായി നടത്തുന്നതിന് ഒരു മേല്പട്ടക്കാരൻ ഉണ്ടെങ്കിൽ അത് പ്രയോജകീഭവിക്കുമെന്നതിനാൽ ഫാദർ പി.റ്റി.ഗീവർഗീസ് ബഥനിയുടെ മെത്രാനായി അഭിഷേകം പ്രാപിച്ചു. മാർ ഈവാനിയോസ് എന്ന പേർ അദ്ദേഹം സ്വീകരിച്ചു. 1915 മുതൽ സന്യാസപരിശീലനം നടത്തിക്കൊണ്ടിരുന്ന അർത്ഥിനികളുടെ വ്രതവാഗ്ദാനം നടത്തിക്കൊണ്ട് ബഥനി സന്യാസിനി സമൂഹം സ്ഥാപിച്ചതാണ് മേല്പട്ടക്കാരനെന്ന നിലയിൽ അദ്ദേഹം നിർവ്വഹിച്ച പ്രഥമ കർത്തവ്യം. സ്ത്രീവിദ്യാഭ്യാസത്തിലൂടെ സ്ത്രീകളുടെ ഉന്നമനം ലക്ഷ്യമാക്കി സ്ഥാപിച്ച ബഥനി സന്യാസിനി സമൂഹമാണ് പുത്തൻകൂർ വിഭാഗത്തിൽ സ്ത്രീകൾക്കുവേണ്ടി സ്ഥാപിതമായ പ്രഥമസന്യാസിനി സമൂഹം.

**വിജാതീയ മിഷൻ**

''നിങ്ങൾ ലോകമെങ്ങും പോയി സകല മനുഷ്യരോടും സുവിശേഷം പ്രസംഗിക്കുക'' എന്ന മിശിഹാതമ്പുരാന്റെ ആഹ്വാനം ഉത്സാഹപൂർവ്വം ഏറ്റെടുക്കാൻ മേല്പട്ടസ്ഥാനം ലഭിച്ചതോടുകൂടി മാർ ഈവാനിയോസിനു കഴിഞ്ഞു. പല സ്ഥലങ്ങളിലും വിജാതീയമിഷൻ ആരംഭിച്ചു. നിർബന്ധിത മതപരിവർത്തനം ബഥനി ഒരിക്കലും പ്രോത്സാഹിപ്പിച്ചിരുന്നില്ല. മിഷൻ പ്രവർത്തനത്തേക്കുറിച്ചുള്ള കാഴ്ചപ്പാട് അദ്ദേഹം ഇങ്ങനെ വ്യക്തമാക്കുന്നു: ''ബഥനി വിജാതീയ മിഷൻ ക്രിസ്തുമത പരിവർത്തനത്തിനായി ആരെയും പ്രേരിപ്പിക്കുന്നില്ല. സാമൂഹികമായ അഭിവൃദ്ധിയെയോ സഹായസഹകരണങ്ങളെയോ അതു വാഗ്ദാനം ചെയ്യുന്നുമില്ല.'' യേശുവിന്റെ രക്ഷാസുവിശേഷം കേൾക്കാൻ എല്ലാവർക്കും അവകാശമുണ്ടെന്നും തിരുവചനത്താൽ ആകർഷിക്കപ്പെടുന്നവരെ തിരുസഭയിലേക്കു സ്വാഗതം ചെയ്യണമെന്നുമുള്ള അദ്ദേഹത്തിന്റെ മിഷൻ ദർശനം ബഥനി ആശ്രമം ഏറ്റെടുത്ത് പല സ്ഥലങ്ങളിലും പ്രവർത്തനം നടത്തിയിരുന്നു.

**ബഥനിപ്പള്ളികൾ**

1925-നുശേഷം ബഥനിപ്പള്ളികൾ സ്ഥാപിച്ചുകൊണ്ട് ആത്മീയ ജീവിതത്തെ പരിപോഷിപ്പിക്കാനുള്ള ശ്രമം ഉണ്ടായിരുന്നു. ചാപ്പൽ, മിഷൻ പള്ളി, ഇടവകപ്പള്ളി എന്നിങ്ങനെ മൂന്നു തരത്തിലുള്ള ബഥനിപ്പള്ളികളുണ്ടായിരുന്നു. ബഥനിപ്പള്ളികളുടെ ചുമതല ബഥനി എപ്പിസ്കോപ്പായായ മാർ തിയോഫിലോസ് തിരുമേനിക്കായിരുന്നു. ഇടവകകൾ തോറുമുള്ള ആത്മീയ യോഗങ്ങൾ അദ്ദേഹത്തിന്റെ മേൽനോട്ടത്തിലാണ് നടന്നിരുന്നത്. വൈദികർ താമസിക്കുന്ന ബഥനിപ്പള്ളികളിൽ, യാക്കോബായ ദേവാലയങ്ങളിൽ ഉള്ള ആചാരങ്ങളിൽ നിന്ന് വ്യത്യസ്തമായി, അനുദിനം വിശുദ്ധ കുർബാന അർപ്പിക്കപ്പെടുകയും, കുർബാന അനുഭവിക്കുകയും ചെയ്തിരുന്നു. കർമ്മഫീസ് ഈടാക്കാതെ ബഥനി വൈദികർ കർമ്മാനുഷ്ഠാനങ്ങൾ നടത്തുകയും ചെയ്തിരുന്നു.

കുടുംബങ്ങളെ ദൈവഭക്തിയിൽ വളർത്തുവാൻ ഓരോ ഇടവകയെയും സഹായിക്കുമാറ് തിരുക്കുടംബസമാജവും, പരസ്പരശുശ്രൂഷാസമാജവും, വിവാഹിതരല്ലാത്ത ആൺകുട്ടികളെ ഉദ്ദേശിച്ച് മാർ യൂഹാനോൻ സമാജവും വിവാഹിതരല്ലാത്ത പെൺകുട്ടികൾക്കായി മർത്തമറിയം സമാജവും സണ്ടേസ്കൂളിനു പുറമെ നടത്തിവന്നിരുന്നു. 5 വർഷത്തിനുള്ളിൽ 30 സ്ഥലങ്ങളിലായി സ്ഥലങ്ങൾ വാങ്ങുകയും പല സ്ഥലങ്ങളിലും മുകളിൽ പറഞ്ഞ വിധത്തിലുള്ള പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.

**ബഥനിപ്രസ്, പ്രസിദ്ധീകരണങ്ങൾ**

അച്ചടിശാലകൊണ്ടും, ദൈവവേല നിർവഹിക്കാമെന്നുള്ളതിനാൽ തിരുമൂലപുരം ബഥനി ആശ്രമത്തോടു ചേർന്ന് ഒരു പ്രസ് ആരംഭിച്ചു. വിശ്വാസസംബന്ധമായ 20-ൽ പരം ഗ്രന്ഥങ്ങൾ, പ്രാർത്ഥനാപുസ്തകങ്ങൾ എന്നിവ പ്രസിദ്ധീകരി

ച്ചുകൊണ്ട് സഭയെ ധന്യയാക്കാൻ ഇതുവഴി സാധിച്ചു. ആദ്ധ്യാത്മിക വിഷയങ്ങളും ലേഖനങ്ങളും ഉൾക്കൊള്ളുന്ന 'ബഥനി മാസിക'യും സഭയ്ക്കുള്ള ഒരു പ്രധാന സംഭാവനയായിരുന്നു.

**ആശ്രമസ്ഥരുടെ ഉപജീവനം**

ആശ്രമത്തിന് 400 ഏക്കർ സ്ഥലമുണ്ടായിരുന്നെങ്കിലും കാട് വെട്ടിത്തെളിച്ച് കൃഷിയോഗ്യമാക്കാൻ ഏതാനും വർഷങ്ങളെടുത്തു. ആശ്രമസ്ഥരുടെയുടെയും അനാഥക്കുഞ്ഞുങ്ങളുടെയും ഉപജീവനത്തിനും കൃഷിപ്പണികൾക്കും സമൂഹസ്ഥാപകൻ ഭിക്ഷാടനം നടത്തിയിരുന്നു. ആശ്രമസ്ഥരുടെ ലളിതജീവിതത്തെയും സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളെയും കുറിച്ചറിഞ്ഞ ആളുകൾ, പണത്തിന്റെ ദുർഭിക്ഷം ദൈവവേലയ്ക്ക് തടസ്സമായിരിക്കരുതെന്ന ചിന്തയോടെ ബഥനിക്ക് സംഭാവനകൾ നല്കിയിട്ടുണ്ട്. പലരും ''അച്ചൻ ഒന്നിനാലും ബുദ്ധിമുട്ടരുത്. കടം വന്നാൽ ഞങ്ങൾ നികത്തിക്കോളാം. ബഥനി നടത്തിക്കൊണ്ടുപോകുകയാണാവശ്യം'' എന്നു പറഞ്ഞുകൊണ്ട് സ്ഥാപകനെ പ്രോത്സാഹിപ്പിച്ചിട്ടുണ്ട്. സമൂഹത്തിലെ എല്ലാ തുറകളിലും ഉള്ള ആളുകൾ ബഥനിക്കായി സംഭാവന നല്കിയിട്ടുണ്ട്. ''പണ്ഡിതന്മാരും പാമരന്മാരും, ധനവാന്മാരും, ദരിദ്രന്മാരും, ക്രിസ്ത്യാനികളും, ക്രിസ്ത്യേതരുമായി പലരും ദൈവത്തെയോർത്ത് ബഥനിക്കായി സംഭാവന നല്കിയിട്ടുണ്ട്; നല്കുന്നുമുണ്ട്.' ഇടവകകളിൽ സുവിശേഷധ്യാനങ്ങൾക്ക് പോകുമ്പോൾ ബഥനിയെ പരിചയപ്പെടുത്തുകയും, ആളുകൾ പിടിയരി, മാസവരി, സംഭാവനകൾ എന്നിവ വഴിയായി ഈ പ്രസ്ഥാനത്തെ ശക്തിപ്പെടുത്തുകയും ചെയ്തു.

**ബഥനി ആശ്രമവും**
**പുനരൈക്യസാക്ഷാത്കാരവും**

1653-ലെ കൂനൻ കുരിശുസത്യത്തെ തുടർന്ന് സാർവത്രിക സഭാസംസർഗ്ഗത്തിൽനിന്ന് ഭിന്നിച്ചുപോയ സഭാവിഭാഗം ഒന്നാം മാർത്തോമ്മായുടെ കാലം മുതൽ പുലിക്കോട്ട് മാർ ദിവന്നാസ്യോസ് തിരുമേനിയുടെ കാലം വരെ നടന്ന പുനരൈക്യ ശ്രമം ഫലമണിയുന്നത് ബഥനി ആശ്രമസ്ഥാപകൻ മാർ ഈവാനിയോസ് തിരുമേനിയുടെ ശ്രമഫലമായിട്ടാണ്. വട്ടിപ്പണക്കേസിൽ തോറ്റുനിന്ന കാലത്ത്, 1923-ൽ യാക്കോബായ പാത്രിയർക്കീസിനെ കണ്ട് സമാധാനപദ്ധതി ആലോചിക്കാൻ മർദീനിലേക്കു പോയ മാർ ദിവന്നാസ്യോസ് തിരുമേനി, പാത്രിയർക്കീസുമായുള്ള സമാധാനസന്ധി വിഫലമാകുന്ന പക്ഷം അന്ത്യോക്യൻ കത്തോലിക്കാസഭയുമായി പുനരൈക്യപ്പെടുന്ന കാര്യം ആലോചിക്കാനായി ബാഗ്ദാദിൽ താമസിച്ചിരുന്ന കത്തോലിക്കാ ബിഷപ്പായ മാർ പീലക്സിനോസിനെ സന്ദർശി



ബഥനി ആശ്രമം, മുക്കമ്പാല



തെക്കൻ കേരളത്തിലെ പുനരൈക്യപ്രസ്ഥാനം



പുനരൈക്യപ്രസ്ഥാനം നാടാർ വിഭാഗങ്ങളിൽ



നെടുമങ്ങാട് മിഷൻ

ച്ചുവെങ്കിലും യാക്കോബായ പാത്രിയർക്കീസ് അനുഭാവിയായ യൂലിയോസ് മെത്രാപ്പോലീത്താ സന്നിഹിതനായിരുന്നതിനാൽ ഈ വിഷയത്തെ ക്കുറിച്ച് സംസാരിക്കാൻ കഴിയാതെ മടങ്ങുകയും ചെയ്തു. മാർ ഈവാനിയോസ് മെത്രാനായ ശേഷമുള്ള 'മെത്രാൻ കക്ഷി'യുടെ സുന്നഹദോ സിൽ കത്തോലിക്കാസഭയുമായുള്ള പുനരൈ ക്യത്തെക്കുറിച്ച് വേണ്ട കത്തിടപാടുകൾ നട ത്താൻ സെക്രട്ടറിയായ അദ്ദേഹത്തെ ചുമതലപ്പെ ടുത്തി. വർഷങ്ങൾ നീണ്ടുനിന്ന കത്തിടപാ ടുകൾക്കുശേഷം പരിശുദ്ധ സിംഹാസനം പുത്ത ൻകൂർ വിഭാഗത്തിൽപ്പെട്ട മെത്രാൻ കക്ഷിയുടെ നിവേദനം സ്വീകരിച്ചുകൊണ്ട് പുനരൈക്യത്തി നുള്ള അനുമതി കൊടുത്തു. അപ്പോഴേക്ക് വട്ടിപ്പണക്കേസിന്റെ വിധി 'മെത്രാൻ കക്ഷി'ക്ക് അനുകൂലമായി വന്നു. ആ സാഹചര്യത്തിൽ, സഭാപുനരൈക്യത്തിന് എടുത്ത തീരുമാന ത്തിൽ നിന്ന് കാതോലിക്കാബാവായും, മലങ്കര മെത്രാപ്പോലീത്തായും പിൻമാറുകയും ചെയ്തു. കേസിൽ വിജയിച്ചു നില്ക്കുന്ന സ്ഥിതിക്ക് പരുമല സെമിനാരിയും പഴയ സെമിനാരിയും ഉപേക്ഷിച്ച് കത്തോലിക്കാസഭയിൽ ചേരാൻ സഭാനേതൃത്വം മടിച്ചപ്പോൾ, ''മരിക്കുമ്പോൾ ഇതെല്ലാം വിട്ടുപോകേണ്ടി വരുമല്ലോ. എങ്കിൽ ഇപ്പോൾത്തന്നെ ചെയ്യുകയല്ലേ ഉത്തമം'' എന്ന വസ്തുത അനുസ്മരിച്ചുകൊണ്ട് മാർ ഈവാനി യോസ് തിരുമേനിയും, മാർ തിയോഫിലോസ് തിരുമേനിയും സഭാസംസർഗ്ഗത്തിലേക്കു കടന്നു വരാൻ തീരുമാനിച്ചു. അതുകൊണ്ട്, മെത്രാൻ കക്ഷിയിൽപെട്ട എല്ലാ മെത്രാന്മാരും, പട്ടക്കാരും ജനങ്ങളുമൊരുമിച്ച് കത്തോലിക്കാസഭയിൽ യോജിക്കുകയെന്ന പ്രഥമ തീരുമാനം നടക്കാതെ പോയി.

ഫാദർ പി.റ്റി.ഗീവർഗീസ് സെറാമ്പൂരിൽ കൊണ്ടുപോയി ഉന്നത വിദ്യഭ്യാസം നേടാൻ സഹായിച്ച ബ.അലക്സിയോസച്ചൻ, ദൈവാശ്ര യത്തോടും ത്യാഗമനോഭാവത്തോടും ബഥനി ആശ്രമത്തിന്റെ സ്ഥാപനത്തിലും വളർച്ചയിലും സഹകരിച്ചെങ്കിലും സഭൈക്യത്തോടു യോജി ച്ചില്ല; ഏതാനും സാധുക്കളും അദ്ദേഹത്തോടു ചേർന്നു. സഭൈക്യത്തെക്കുറിച്ച് രണ്ട് സമീപ നങ്ങൾ ആശ്രമസ്ഥർക്കിടയിലുണ്ടായതിനെ തുടർന്ന് ആശ്രമത്തിലെ സമൂഹജീവിതത്തിന്റെ സൗന്ദര്യം നഷ്ടപ്പെട്ടു. കേസിലും, വഴക്കിലും, കോടതി കയറ്റത്തിലും ആത്മീയ തേജസ് സഭ യിൽ നഷ്ടപ്പെട്ടുകൊണ്ടിരുന്ന ആ സാഹചര്യ ത്തിൽ കരണീയമായ ഒരു തീരുമാനത്തിലെ ത്താൻ പ്രാർത്ഥനയിലും പ്രായശ്ചിത്തത്തിലും മാർ ഈവാനിയോസ് ദിവസങ്ങൾ ചെലവഴിച്ചു. ''എല്ലാം വിട്ടുപേക്ഷിച്ച് നാഥനെ പിഞ്ചെല്ലുക' എന്ന ദിവ്യസ്വരം ശ്രവിച്ച അദ്ദേഹം ബഥനി മല യോടു വിടപറയാൻ തീരുമാനിച്ചു.

**ബഥനി മലയോടു വിട**

1919 ആഗസ്റ്റ് 17-ന് തന്റെ തീരുമാനം ആശ്രമ സ്ഥരെ അറിയിച്ചു. വീടായും, പ്രാർത്ഥനാലയ മായും, ആത്മീയ കേന്ദ്രമായും 11 വർഷക്കാലം ജീവിക്കുകയും അദ്ധ്വാനിക്കുകയും ചെയ്ത ആശ്രമത്തോടും അതിന്റെ സ്വത്തുക്കളോടും വിട പറയുവാൻ എളുപ്പമായിരുന്നില്ലെങ്കിലും, 277 വർഷക്കാലം ഭിന്നിച്ചു നിന്ന സഭയെ സാർവത്രിക സഭാ സംസർഗ്ഗത്തിലെത്തിക്കുന്നതിനുവേണ്ടി സന്തോഷപൂർവ്വം ഈ ത്യാഗം ബഥനി ആശ്രമ സ്ഥർ ഏറ്റെടുത്തു. ആഗസ്റ്റ് 19-ന് ഫാ. അലക്സി യോസിനെ അദ്ദേഹം തന്റെ തീരുമാനം അറ യിച്ചു: ''ഞങ്ങൾ ആശ്രമം വിട്ട് വേറെ എവിടെയെ ങ്കിലും പോയി താമസിക്കാൻ നിശ്ചയിച്ചിരിക്ക യാണ്.'' ആഗസ്റ്റ് 20-ന് പത്തുമണിക്ക് ബഥനി മലയോടു വിട പറയുമ്പോൾ, ചെന്നു പാർക്കു ന്നതിന് വാസസ്ഥലം ഒരുക്കിയിട്ടില്ലായിരുന്നു. അവരവരുടെ ''നിത്യോപയോഗത്തിനുള്ള സാധ നങ്ങൾ മാത്രം എടുത്താൻ മതി'' എന്ന നിർദ്ദേ ശത്തെ തുടർന്ന് തങ്ങളുടെ സാധനങ്ങളുമെടുത്ത് മാർ ഈവാനിയോസും, മാർ തിയോഫിലോസും 18 ആശ്രമസ്ഥരും പടിയിറങ്ങുമ്പോൾ, തിരുവ ല്ലായിൽ പോയി താമസിക്കാമെന്നു വിചാരിച്ചി രുന്നു. തിരുവല്ലായിൽ പുനരൈക്യത്തോട് എതി ർപ്പു കൂടുതലായതു കൊണ്ട് വെണ്ണിക്കുളത്തേക്കു പോകാമെന്ന് കൂട്ടത്തിൽ ഒരാൾ പറഞ്ഞപ്പോൾ, ''എങ്കിൽ അങ്ങനെ തന്നെ'' എന്നു പ്രതികരിച്ചു കൊണ്ട് വെണ്ണിക്കുളത്തു വന്നു. പ്രവാസത്തിലാ യിരുന്ന ബഥനിക്കാർക്ക് വെണ്ണിക്കുളത്തുകാർ അത്താഴം കൊടുത്തു. അടുത്ത ദിവസം കാഞ്ഞു രത്തുങ്കൽ കുട്ടി എന്നു പേരായ ഒരാൾ തന്റെ ഭവനം ആശ്രമസ്ഥർക്കുവേണ്ടി ഒഴിഞ്ഞുകൊ ടുത്തു. ആശ്രമസ്ഥരുടെ പരിവ്രാജക അവസ്ഥ കണ്ട ഒരു അക്രൈസ്തവൻ സ്വന്തം കയ്യിൽ നിന്ന് പണമിറക്കി നാലര ഏക്കർ സ്ഥലം പുല്ലാട് എന്ന പ്രദേശത്ത് ബഥനിക്കു വാങ്ങിക്കൊടുത്തു. നവംബർ 5-ാം തീയതി അവിടെ പണിയപ്പെട്ട ഷെഡ്ഡുകൾ കൂദാശ ചെയ്ത് ബഥനി ആശ്രമസ്ഥർ അവിടെ താമസമായി - ബഥനിയുടെ രണ്ടാമത്തെ ഭവനം സ്ഥാപിതമായി.

**വിജയമണിഞ്ഞ പുനരൈക്യം**

1926 നവംബറിൽ സഭൈക്യത്തിനായി മെമ്മോ റാണ്ഡം സമർപ്പിച്ച മെത്രാൻ കക്ഷിയിൽപെട്ട അഞ്ചുമെത്രാ ാരിൽ ഒരുവനും അന്നത്തെ നിശ്ച യത്തിൽ വിശ്വസ്തനായി നില്ക്കുന്ന മാർ ഈവാനിയോസിനെയും പ്രസ്തുത അപേക്ഷ യിൽ സഹകരിക്കുന്ന മാർ തിയോഫിലോസി നെയും യോഗ്യരും, ആത്മാർത്ഥത നിറഞ്ഞവരും

ബഹുമാന്യരുമാണെന്ന് ബോദ്ധ്യമായിരിക്കുന്ന തിനാൽ സാർവത്രിക സഭാകൂട്ടായ്മയിലേക്ക് സ്വീകരിക്കുന്നതിന് പരിശുദ്ധ സിംഹാസനം തീരുമാനിക്കുകയും ഈ തീരുമാനം നടപ്പാക്കുന്ന തിന് കൊല്ലം രൂപതാദ്ധ്യക്ഷൻ അലോഷ്യസ് മരിയ ബൻസിഗർ തിരുമേനിയെ ചുമതലപ്പെടു ത്തുകയും ചെയ്തു. തന്റെ 48-ാം ജ ദിനമായ സെപ്റ്റംബർ 21-ന് കത്തോലിക്കാസഭയിൽ ആദ്യ മായി വിശുദ്ധ കുർബാന ചൊല്ലാൻ ആഗ്രഹിക്കു ന്നുവെന്നും അതിനാൽ സെപ്റ്റംബർ 20-ാം തീയതി പുനരൈക്യം നടത്താൻ ആഗ്രഹിക്കു ന്നെന്നും മാർ ഈവാനിയോസ് താല്പര്യം പ്രകടിപ്പിച്ചതിനാൽ അതിനുള്ള ക്രമീകരണങ്ങൾ ചെയ്തു. തിരുമേനിമാർ രണ്ടുപേർ ബൻസിഗർ തിരുമേനിയുടെ മുമ്പാകെ 20-ാം തീയതി രാവിലെ സത്യപ്രതിജ്ഞ ചെയ്തുകൊണ്ട് കത്തോലിക്കാ സഭാംഗങ്ങളായി. 18-ാം തീയതി മുതൽ അരമന ചാപ്പലിൽ ധ്യാനത്തിലും പ്രാർത്ഥനയിലും കഴി ഞ്ഞിരുന്ന ജോൺ അച്ചനെയും, അലക്സാണ്ടർ ശെമ്മാശനെയും ബഥനി തൃതീയ സഭാംഗമായി രുന്ന കിളീലേത്ത് ചാക്കോച്ചനെയും അന്ന് സന്ധ്യയ്ക്ക് മാർ ഈവാനിയോസ് തിരുമേനി കത്തോലിക്കാസഭയിലേക്ക് സ്വീകരിച്ചു. അങ്ങ നെ ഒരു വ്യക്തിഗത സഭയുടെ പ്രതീകമായി മേല്പട്ടക്കാരും, പട്ടക്കാരനും, ശെമ്മാശനും, അല്മേനിയും സഭാപ്രവേശനം നടത്തിക്കൊണ്ട് 1930 സെപ്റ്റംബർ 20 സഭാചരിത്രത്തിലെ അവി സ്മരണീയ ദിവസമാക്കി മാറ്റി.

**ബഥനി ആശ്രമം പുനരൈക്യപ്രസ്ഥാനത്തിന്റെ വളർച്ചയിൽ**

വെണ്ണിക്കുളത്ത് താമസിച്ചിരുന്ന ബഥനി ആശ്രമസ്ഥരെ മാർ ഈവാനിയോസ് തിരുമേനി സെപ്റ്റംബർ 23-ാം തീയതി കത്തോലിക്കാസഭയി ലേക്കു സ്വീകരിച്ചു. തുടർന്ന് സഭൈക്യത്തോടു താല്പര്യമുണ്ടായിരുന്ന ആളുകളെ കത്തോലി ക്കാസഭയിലേക്കു സ്വീകരിച്ചുകൊണ്ട് മാർ ഈവാനിയോസ് തിരുമേനിയും മാർ തെയോഫി ലോസ് തിരുമേനിയും പുനരൈക്യപ്രസ്ഥാന ത്തിനു നേതൃത്വം കൊടുത്തു. ബഥനി അതിരൂപ തയുടെ ആർച്ചുബിഷപ്പ് എന്ന പേരിലാണ് മാർ ഈവാനിയോസ് തിരുമേനി അറിയപ്പെട്ടിരുന്നത്; അദ്ദേഹത്തിന്റെ ആസ്ഥാനം തിരുമൂലപുരത്താ യിരുന്നു. തിരുവല്ലാ രൂപതയുടെ അദ്ധ്യക്ഷനായ മാർ തെയോഫിലോസ് തിരുമേനി തിരുവല്ലയിൽ താമസിച്ചുകൊണ്ട് പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്തു. തിരുമേനിമാരുടെ ശുശ്രൂഷകൾക്ക് ബഥനി ആശ്രമസ്ഥർ എല്ലാ സഹായങ്ങളും ചെയ്തുകൊണ്ടിരുന്നു. വി. കൂദാശകൾ, തിരുവ ചനം, തിരുസഭ എന്നീ വിഷയങ്ങൾ ആസ്പദമാ ക്കിയുള്ള ക്ലാസ്സുകൾ, പ്രാർത്ഥനാ കൂട്ടായ്മകൾ, ഭവനസന്ദർശനങ്ങൾ എന്നിങ്ങനെ വിവിധ പ്രവർ ത്തനങ്ങളിലൂടെ പുനരൈക്യപ്പെട്ട ദൈവമക്കളെ അവർ വിശ്വാസത്തിൽ സ്ഥിരീകരിച്ചു കൊണ്ടി രുന്നു. മാർ ഈവാനിയോസ് തിരുമേനിയുടെ അപ്പസ്തോലിക തീക്ഷ്ണ ഏറ്റുവാങ്ങിയ ആശ്രമസ്ഥർ വീരോചിതമായ നേതൃത്വം ഈ പ്രസ്ഥാനത്തിനു കൊടുത്തുകൊണ്ടിരുന്നു. തിരു വനന്തപുരം അതിരൂപത സ്ഥാപിച്ചതിനുശേഷം ചുരുങ്ങിയ കാലംകൊണ്ട് അനേകരെ ക്രിസ്തുവി ലേക്ക് ആകർഷിക്കുന്നതിന് അവർക്ക് കഴിഞ്ഞു. ഹ്രസ്വകാലം കൊണ്ട് അവർ ഒരുക്കിയ 117 ദൈവമക്കൾക്ക് 1933 നവംബറിൽ മണലയം എന്ന പ്രദേശത്ത് ആരംഭിച്ച കൂട്ടായ്മയിൽ വച്ച് മാർ ഈവാനിയോസ് തിരുമേനി ജ്ഞാനസ്നാനം കൊടുത്തു എന്നറിയുമ്പോൾ അവരുടെ ശുഷ്ക്കാന്തി മനസ്സിലാക്കാമല്ലൊ.

വ്യത്യസ്തമായ പ്രതികൂല സാഹചര്യങ്ങൾ നേരിട്ടുകൊണ്ടായിരുന്നു അഭി. തിരുമേനിമാരും,



**ബഥാനിയൻസ് – 1960**

ബഥനി ആശ്രമസ്ഥരും പുനരൈക്യപ്രസ്ഥാനത്തിന് നേതൃത്വം കൊടുത്തത് എന്നുകൂടി നാം ഓർക്കേണ്ടതുണ്ട്. ആരാധനയ്ക്ക് ദേവാലയങ്ങൾ ഇല്ലാത്തതും മൃതരെ സംസ്കരിക്കാൻ സെമിത്തേരികൾ ഇല്ലാത്തതും, അനുദിനച്ചെലവുകൾക്ക് പണം ഇല്ലാത്തതും വലിയ ബുദ്ധിമുട്ടുണ്ടാക്കിയിരുന്നു. എന്നാൽ മറ്റു രണ്ടു വെല്ലുവിളികൾ കൂടി അവർക്ക് നേരിടേണ്ടതായുണ്ടായിരുന്നു. അതിൽ ആദ്യത്തേത് തിരുവനന്തപുരം അതിരൂപതയുടെ തെക്കൻ പ്രദേശങ്ങളിൽ നടത്തിക്കൊണ്ടിരുന്ന സുവിശേഷവേലയെ ആസ്പദമാക്കിയുള്ളതായിരുന്നു. ഈ പ്രദേശങ്ങളിൽ നേരത്തേ സുവിശേഷവേല തുടങ്ങിയിരുന്ന കത്തോലിക്കാ സഭാധികാരികളുടെ ചിന്താഗതിയനുസരിച്ച് മാർ ഈവാനിയോസ് തിരുമേനിയും ബഥനി വൈദികരും അക്രൈസ്തവരുടെയിടയിൽ പ്രേഷിതവേല ചെയ്യാൻ പാടില്ലായിരുന്നു. പുത്തൻകൂർ സമുദായത്തിൽപ്പെട്ട യാക്കോബായ, മാർത്തോമ്മാ സഭാംഗങ്ങളുടെ പുനരൈക്യത്തിനുവേണ്ടി മാത്രം അവർ പ്രവർത്തിച്ചാൽ മതിയെന്നായിരുന്നു അവരുടെ വാദം. രണ്ടാമത്തെ എതിർപ്പ് യാക്കോബായ സഭയിൽ നിന്നായിരുന്നു. മാതൃസഭയോടുള്ള അവിശ്വസ്തതയാണ് പുനരൈക്യപ്രസ്ഥാനമെന്നും, മാതൃസഭയെ വഞ്ചിച്ചുകൊണ്ട് ഭൗതികമോഹങ്ങളിൽ ആകൃഷ്ടനായാണ് മാർ ഈവാനിയോസ് തിരുമേനി കത്തോലിക്കാസഭയിൽ ചേർന്നതെന്നും അവർ പറഞ്ഞുകൊണ്ടിരുന്നു. എന്നാൽ സഭ, അവളുടെ സ്വഭാവത്താൽ തന്നെ പ്രേഷിതയാണെന്നും സുവിശേഷവേല ചെയ്യാത്ത സഭ മൃതപ്രായയാണെന്നും മനസ്സിലാക്കിയിരുന്ന മാർ ഈവാനിയോസ് സുവിശേഷവേലയ്ക്ക് മുൻഗണന കൊടുത്തുകൊണ്ട് പ്രവർത്തനം തുടർന്നു. തന്നെ വഞ്ചകനെന്നും, അധികാര പ്രേമിയെന്നും മുദ്രകുത്താനും അപമാനിക്കാനും ശ്രമിച്ചവരോട് വാഗ്വാദത്തിന് അദ്ദേഹം മുതിർന്നില്ല. പ്രാർത്ഥനയിലും ദൈവാശ്രയത്തിലും അദ്ദേഹം സാന്ത്വനം കണ്ടെത്തി. പുത്തൻകൂർ വിഭാഗത്തിലെ എല്ലാ അദ്ധ്യക്ഷന്മാരും നടത്തിയ പുനരൈക്യ പരിശ്രമമാണ് 1930 സെപ്റ്റംബർ 20ന് ഫലപ്രാപ്തി നേടിയതെന്നും, 'പിതാവേ, അങ്ങ് എന്നിലും ഞാൻ അങ്ങയിലും ആയിരിക്കുന്നതുപോലെ അവരും നമ്മിൽ ഒന്നായിരിക്കണം' (യോഹ. 17:21) എന്നു പ്രാർത്ഥിച്ച യേശുവിന്റെ തിരുഹിതം നിർവഹിക്കാൻ ദൈവം തന്നെ ഉപകരണമാക്കിയെന്നുമുള്ള ബോദ്ധ്യം അദ്ദേഹത്തെ നയിച്ചു. ദൈവേഷ്ടമനുസരിച്ച് പ്രവർത്തിക്കുകയും പ്രസംഗിക്കുകയും ചെയ്ത അപ്പസ്തോലന്മാരെപ്പോലെ ക്രിസ്തുവിനുവേണ്ടി തെറ്റിദ്ധരിക്കപ്പെടുകയും അപമാനിക്കപ്പെടുകയും പീഡനങ്ങൾക്കിരയാകുകയും ചെയ്തതിൽ ദൈവത്തെ മഹത്വപ്പെടുത്തുകയും പ്രാർത്ഥനയിൽ ശരണപ്പെടുകയുമാണ് അദ്ദേഹവും സഹപ്രവർത്തകരായ ബഥനി ആശ്രമസ്ഥരും ചെയ്തത്.

പുനരൈക്യപ്രസ്ഥാനത്തിന്റെ ആദ്യകാലങ്ങളിൽ ബഥനി പ്രസ്ഥാനം എന്ന പേരിലാണ് ഈ പ്രസ്ഥാനം അറിയപ്പെട്ടിരുന്നത്. പുനരൈക്യപ്രസ്ഥാനത്തിന്റെ പുരോഗതിയെക്കുറിച്ച് അഭ്യുദയകാംക്ഷികളെ അറിയിക്കുന്നതിന് തിരുവനന്തപുരം അതിരൂപതയിൽ നിന്ന് ഒരു പ്രസിദ്ധീകരണം നടത്തിയിരുന്നു. അതിന്റെ പേര് 'ബഥനി ലെറ്റേഴ്സ്' എന്നായിരുന്നു. പുനരൈക്യപ്രസ്ഥാനത്തിന്റെ പിള്ളത്തൊട്ടിലായും പിന്നീട് പോറ്റമ്മയായും ബഥനി ആശ്രമസ്ഥർ പ്രവർത്തിച്ചിരുന്നു.

ബഥനി ആശ്രമം – നാലാഞ്ചിറ; ബഥനി ആശ്രമം – തിരുവല്ല

മാർ ഈവാനിയോസ് തിരുമേനിയുടെ റോമ്മാ സന്ദർശനവേളയിൽ തിരുവനന്തപുരം ആസ്ഥാനമാക്കി അതിരൂപത സ്ഥാപിക്കുന്നതിനുള്ള അനുവാദം ലഭിച്ചപ്പോൾ, അവിടുത്തെ പ്രവർത്തനങ്ങൾക്കു തുടക്കം കുറിക്കുന്നതിനായി രണ്ട് ബഥനി ആശ്രമസ്ഥരെ തിരുവനന്തപുരത്തേക്കയയ്ക്കണമെന്ന് അഡ്മിനിട്രേറ്ററായിരുന്ന വന്ദ്യ പുലിക്കോട്ട് ജോസഫ് റമ്പാനോട് തിരുമേനി ആവശ്യപ്പെട്ടിരുന്നു. തിരുമേനിക്ക് താമസിക്കാനായി വാടകക്കെട്ടിടം ക്രമീകരിക്കാനും, ഹയരാർക്കി സ്ഥാപിക്കുന്നതിനുള്ള ദേവാലയം നിർമ്മിക്കുന്നതിന്റെ ഭാഗമായി പാളയത്ത് പാമ്പദോർ സിനിമശാല വാങ്ങിക്കുന്നതിനുമുള്ള ക്രമീകരണങ്ങൾ അവർ ചെയ്തു. 1933 ജൂൺ മാസത്തിൽ വെണ്ണിക്കുളത്തിനടുത്ത് പുല്ലാട്ട് ബഥനി ആശ്രമത്തിൽ താമസിച്ചു വന്നിരുന്ന എല്ലാ ആശ്രമസ്ഥരെയും നാലാഞ്ചിറയിൽ ആരംഭിച്ച ആശ്രമത്തിലേക്ക് കൊണ്ടുവന്നു. പെരുനാട്, പുല്ലാട് എന്നിവിടങ്ങളിലെ വാസത്തിനുശേഷം സ്ഥാപിക്കപ്പെട്ട നാലാഞ്ചിറ ആശ്രമമാണ് ബഥനിയുടെ ഇന്നത്തെ മാതൃഗൃഹം. പുല്ലാട് ആശ്രമത്തിൽ വച്ച് നിര്യാതനായ ബ. സ്തേഫാനോസച്ചന്റെയും, തെക്കൻ മേഖലകളിൽ പ്രവർത്തിച്ചിട്ടുള്ള സന്യസ്തരുടെയും ഭൗതികശേഷിപ്പ് ഈ ആശ്രമത്തോടു ചേർന്നുള്ള സെമിത്തേരിയിൽ ആണ് സംസ്കരിച്ചിരിക്കുന്നത്.

നാലാഞ്ചിറയിൽ സ്ഥാപിതമായിരിക്കുന്ന ഈ ആശ്രമം പ്രേഷിതവേലയുടെ കേന്ദ്രമായിത്തീർന്നു. ഇവിടെ വസിച്ചുകൊണ്ടാണ് തിരുവനന്തപുരം, നെടുമങ്ങാട്, അമ്പിളികോണം, കൊട്ടാരക്കര, മാവേലിക്കര, കറ്റാനം, ചെങ്ങന്നൂർ, പത്തനംതിട്ട എന്നീ മേഖലകളിലേക്ക് സന്യസ്തർ അജപാലന ശുശ്രൂഷകൾക്കായി പോയിരുന്നത്. 1951 മുതൽ ആയാതർ, അർത്ഥികൾ, നവശിഷ്യർ,

തല്ക്കാലവ്രതസ്ഥർ എന്നിങ്ങനെ വിവിധ ഘട്ടത്തിൽപെട്ടവരുടെ പരിശീലനകേന്ദ്രമായിരുന്നു നാലാഞ്ചിറ ബഥനി ആശ്രമം. 1974 വരെ ഏകദേശം 20 വർഷക്കാലം ബഥനി ആശ്രമത്തിന്റെ ജനറലേറ്റായും ഈ ആശ്രമം വർത്തിച്ചിരുന്നു. ബഥനി നവജീവൻ പ്രോവിൻസിന്റെ ആസ്ഥാനമന്ദിരം ഇവിടെയാണ് സ്ഥിതി ചെയ്യുന്നത്. ചികിത്സയിലും, വിശ്രമത്തിലും ബാംഗ്ലൂർ സെന്റ് മാർത്താസിൽ കഴിഞ്ഞിരുന്ന മാർ ഈവാനിയോസ് തിരുമേനി, നാട്ടിലേക്കു തിരിച്ചെത്തിയപ്പോൾ നാലാഞ്ചിറ ആശ്രമത്തിൽ ഏതാനും ആഴ്ചകൾ വിശ്രമിക്കുകയും 1952 സെപ്റ്റംബർ 2-ാം തീയതി ഇവിടെ വച്ച് കന്തീലാ ശുശ്രൂഷ സ്വീകരിക്കുകയും ചെയ്തു.

തിരുവല്ല ബഥനി ആശ്രമം മാർ തെയോഫിലോസ് തിരുമേനിയുടെ അപ്പസ്തോലിക ശുശ്രൂഷയുടെയും, തീക്ഷ്ണതയുടെയും ഫലമായിട്ടുണ്ടായതാണ്. 1933 നവംബർ മാസത്തിൽ തിരുവല്ല രൂപതയുടെ അദ്ധ്യക്ഷനായി ചുമതല ഏറ്റെടുത്തപ്പോൾ, സന്യസ്തവൈദികരുടെ സേവനം ആവശ്യമാണെന്നു ബോദ്ധ്യമായതിനാൽ ഏതാനും ബഥനി വൈദികരെ തിരുവല്ലയിലേക്കയക്കണമെന്ന് അദ്ദേഹം മാർ ഈവാനിയോസ് തിരുമേനിയോട് ആവശ്യപ്പെട്ടു. 1934 ൽ ബഥനി ആശ്രമസ്ഥർ തിരുവല്ലയിൽ എത്തുന്നതിനു മുമ്പുതന്നെ ചെത്തിപ്പുഴയിൽ നിന്നും കർമ്മലീത്താ വൈദികരെ തിരുവല്ലയിൽ കൊണ്ടുവന്നു. അവർ നേതൃത്വം കൊടുത്ത ദിവ്യരക്ഷാ ആശ്രമം (Holy Redeemer's Monastery) ഒരു രൂപതാ സന്യാസിസമൂഹമാക്കിത്തീരുകയും, തിരുവനന്തപുരത്തുനിന്നും എത്തിയ വൈദികരെ, ആ സമൂഹത്തിന്റെ ഭാഗമാക്കിത്തീർത്തുകൊണ്ട്, ഡയോസിസൻ സമൂഹത്തിന്റെ നിയമസംഹിതകൾ നല്കുകയും ചെയ്തു. ആശ്രമസ്ഥരെ തിരുവല്ലായിലേക്കയച്ചപ്പോൾ മാർ ഈവാനിയോസ് തിരുമേനി കൊടുത്ത നിബന്ധനകൾക്ക് വിരുദ്ധമായിരുന്നു ഈ ക്രമീകരണം. കർമ്മലീത്താ വൈദികരോടൊത്ത് തിരുമൂലപുരത്ത് താമസിച്ചുകൊണ്ട് തിരുവല്ല രൂപതയുടെ വിവിധ ഭാഗങ്ങളിൽ അജപാലന ശുശ്രൂഷയിൽ അവർ ഏർപ്പെടുകയും ചെയ്തു. പുല്ലാട്, വെണ്ണിക്കുളം, തച്ചമം, ചെങ്ങരൂർ, തിരുവല്ല, കടമാൻകുളം എന്നീ പ്രദേശങ്ങളിലെ അവരുടെ സേവനം പ്രത്യേകം ഓർമ്മിക്കേണ്ടതാണ്. 'ദയറാ' പദവിയിലുള്ള ഈ ആശ്രമം കുറേക്കാലം നവശിഷ്യാലയം കൂടിയായിരുന്നു. ബഥനി നവജ്യോതി പ്രോവിൻസ് 2000-ാം ആണ്ടിൽ രൂപീകരിക്കപ്പെട്ടപ്പോൾ, ഇവിടെയാണ് പ്രൊവിൻഷ്യൽ ആശ്രമം പ്രവർത്തിച്ചിരുന്നത്. മദ്ധ്യതിരുവിതാംകൂർ പ്രദേശങ്ങളിൽ ജോലി ചെയ്തിരുന്ന ആശ്രമസ്ഥർ അന്ത്യവിശ്രമം



ബഥനി ആരോഗ്യകേന്ദ്രം - നാലഞ്ചിറ



മിഷൻ ഫോട്ടോ



മിഷൻ ഫോട്ടോ



ഗിരിദീപം



അമേരിക്കൻ മിഷൻ

കൊള്ളുന്നത് ഈ ആശ്രമത്തോട് ചേർന്നുള്ള സെമിത്തേരിയി ലാണ്.

**ബഥനി ആശ്രമം : രണ്ടു രൂപതാസമൂഹങ്ങൾ**

ബഥനി ആശ്രമസ്ഥർ പുനരൈക്യപ്രസ്ഥാനത്തിനു വേണ്ടി ത്യാഗപൂർവം പ്രവർത്തിക്കു കയും പ്രശംസനീയമായ വിധത്തിൽ അജപാലന ശുശ്രൂഷ നിർവഹിക്കുകയും ചെയ്തിരുന്നെങ്കിലും തിരുവനന്തപുരം അതിരൂപതയും, തിരുവല്ല രൂപതയും സ്ഥാപിക്കപ്പെട്ടതിനുശേഷം ഒന്നരപ്പതിറ്റാണ്ട് കാലം, ഒരു സന്യാസിസമൂഹമെന്ന നിലയിലുള്ള ബഥനിയുടെ അസ്തിത്വം വെല്ലുവിളികൾ നിറഞ്ഞതായിരുന്നു. ആശ്രമം വിട്ടിറങ്ങിയ ആശ്രമസ്ഥർ രണ്ട് രൂപത അദ്ധ്യക്ഷന്മാരുടെ കീഴിൽ രണ്ടു ഡയോസിസൻ സമൂഹങ്ങളായി മാറി എന്നുള്ളതായിരുന്നു അതിന്റെ പ്രധാനകാരണം. ബഥനിയുടെ നൈയാമികമായ ഈ അവസ്ഥ ഈ കാലയളവിൽ ഒരു ശാഖാ മന്ദിരം പോലും തുടങ്ങുന്നതിന് സാധിച്ചില്ല. വിവിധ സ്ഥലങ്ങളിലുള്ള ജോലികൾ ഭരമേല്പിക്കുന്നതിനും കഴിഞ്ഞില്ല. സന്യാസജീവിതത്തിലേക്കുള്ള ദൈവവിളികൾ പ്രോത്സാഹിപ്പിക്കുന്നതിന് പര്യാപ്തമായ ക്രമീകരണങ്ങളും ഈ കാലയളവിൽ ചെയ്തിരുന്നില്ല. തിരുവല്ലായിലെ ദിവ്യരക്ഷാശ്രമത്തിൽ പരിശീലനം നേടിയ 4 പേരും ബ. ബനഡിക്ട് അച്ചനും (ബനഡിക്ട് മാർ ഗ്രിഗോറിയോസ്) മാത്രമാണ് ഈ കാലയളവിൽ വൈദികപട്ടം സ്വീകരിച്ചവർ. 1948 –ൽ ബഥനി ആശ്രമം ഇന്റർ ഡയോസിസൻ സമൂഹമായപ്പോൾ ദിവ്യരക്ഷാ ആശ്രമാംഗങ്ങളായിരുന്നവരിൽ 3 പേരും ആശ്രമം വിട്ട് തിരുവല്ല രൂപതയിൽ ചേരുകയും ചെയ്തു. തിരുവനന്തപുരത്തും, തിരുവല്ലായിലും ആയിരുന്ന ആശ്രമസ്ഥർ ഒരു സമൂഹാദ്ധ്യക്ഷന്റെ നേതൃത്വത്തിൽ ഒരു സമൂഹമായിത്തീരണമെന്നുമുള്ള ആവശ്യം രൂപതാദ്ധ്യക്ഷന്മാരെയും, മാർപാപ്പായുടെ പ്രതിനിധിയെയും അറിയിച്ചുകൊണ്ടിരുന്നു; 1948 –ൽ അത് യാഥാർത്ഥ്യമാകുകയും ചെയ്തു. ജനറലേറ്റ് മന്ദിരമായി പ്രവർത്തിക്കാൻ സൗകര്യമുള്ള ഒരു ആശ്രമം ഇല്ലാതിരുന്നതിനാൽ ചെങ്ങന്നൂർ മലങ്കര കത്തോലിക്കാ ദേവാലയത്തോടു ചേർന്നുള്ള കെട്ടിടത്തിലാണ് ബഥനി ആശ്രമത്തിന്റെ ആദ്യത്തെ ജനറലേറ്റ് പ്രവർത്തിച്ചിരുന്നത്.

**ബഥനി ആശ്രമം വളർച്ചയുടെ പാതയിൽ**

പുനരൈക്യപ്രസ്ഥാനത്തിന്റെ പുരോഗതിയ്ക്കുവേണ്ടി പൂർണ്ണമായി സമർപ്പിക്കയാൽ ഒരു മുരടിച്ച അവസ്ഥയിലൂടെ ബഥനി ആശ്രമം കടന്നുപോയെങ്കിലും ബഥനിയുടെ ഭാവിയെക്കുറിച്ച് അതിന്റെ സ്ഥാപകനും ബഥാനിയർക്കും ശുഭാപ്തി വിശ്വാസം ഉണ്ടായിരുന്നു. ബഥനിയെക്കുറിച്ചുള്ള ദൈവികപദ്ധതി ഉചിതമായ സമയത്ത് നടക്കുമെന്ന് അവർ വിശ്വസിച്ചിരുന്നു. പുനരൈക്യപ്രസ്ഥാനത്തിനു വേണ്ടി സമ്പൂർണ്ണ സമർപ്പണം ചെയ്ത ബഥനി ആശ്രമത്തെ കാനോനികമായി സ്ഥാപിക്കുന്നതിനോ, അതിന്റെ വളർച്ചയ്ക്കുവേണ്ടി കാര്യമായ ഒന്നും ചെയ്യുന്നതിനോ സാധിച്ചില്ലെന്ന കാര്യം അനുസ്മരിച്ചുകൊണ്ട് സന്യാസജീവിതത്തിന്റെ പ്രസക്തിയെയും, സന്യാസദൈവവിളി പ്രോത്സാഹിപ്പിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ഉദ്ബോധിപ്പിച്ചുകൊണ്ടും മാർ ഈവാനിയോസ് തിരുമേനി 1946 നവംബർ 12–ാം തീയതി ഒരു ഇടയലേഖനം പ്രസിദ്ധീകരിച്ചു. അതോടൊപ്പം ചില പ്രായോഗിക നടപടികളും സ്വീകരിച്ചു. ശ്രദ്ധേയമായ ചില തീരുമാനങ്ങളും എടുത്തു. യോഗ്യരായ അർത്ഥികളെ ബഥനി ആശ്രമത്തിൽ സ്വീകരിച്ചുകൊള്ളാനും അവരുടെ ചിലവുകൾ അരമനയിൽ നിന്നും വഹിച്ചുകൊള്ളുമെന്നും അറിയിച്ചു. കറ്റാണത്ത് സ്ഥാപിതമായ പീയൂസ് പതിനൊന്നാം മാർപാപ്പയുടെ പേരിലുള്ള സ്കൂൾ ബഥനി ആശ്രമത്തിനു വിട്ടുകൊടുത്തു. സ്കൂൾ നടത്തുന്ന വകയിൽ ലഭിക്കുന്ന വരുമാനം കറ്റാണം ആശ്രമത്തിൽ പരിശീലനം നടത്തുന്ന അർത്ഥികൾക്കായി വിനിയോഗിക്കാമെന്നും നിർദേശിച്ചു. ഡയോസിസൻ സമൂഹങ്ങളായി രൂപതാദ്ധ്യക്ഷന്മാർ ഭരിച്ചുകൊണ്ടിരുന്ന ബഥനി ആശ്രമത്തെ യോജിപ്പിച്ച് ഒരു സുപ്പീരിയർ ജനറലിന്റെ നേതൃത്വത്തിൽ കൊണ്ടുവരുന്നതിനുള്ള പ്രായോഗിക നടപടികളും അദ്ദേഹം സ്വീകരിച്ചു.

1948 –ൽ ജനറൽ ചാപ്റ്റർ കൂടുകയും, തെരഞ്ഞെടുക്കപ്പെട്ട സമൂഹാദ്ധ്യക്ഷന്റെ നേതൃത്വത്തിൽ ഒരു സമൂഹമായി അതിന്റെ അസ്ഥിത്വം വീണ്ടെടുക്കുകയും പുരോഗതി പ്രാപിക്കുകയും ചെയ്തുകൊണ്ടിരുന്നു. 1953 ൽ അപ്പസ്തോലിക വിസിറ്ററായി റോമിൽ നിന്നും നിയമിച്ച ഫാ. അഗസ്റ്റിൻ ലൊംബാർഡിയുടെ കാനോനിക സന്ദർശനം ബഥനി ആശ്രമത്തിന്റെ വളർച്ചയിൽ വളരെ നിർണായകമായിരുന്നു. അദ്ദേഹത്തിന്റെ നിരീക്ഷണം ഗൗരവമായ വിധത്തിൽ പരിഗണിച്ച പൗരസ്ത്യതിരുസംഘത്തിന്റെ അദ്ധ്യക്ഷൻ കർദ്ദിനാൾ റ്റിസറന്റിന്റെ പ്രത്യേക നിർദേശമനുസരിച്ചാണ് വൈദികപരിശീലനത്തിനുള്ള പഠനഗൃഹം പൂനായിൽ ആരംഭിച്ചത്. കേരളത്തിനു വെളിയിൽ താമസമാക്കിയ മലങ്കര കത്തോലിക്കാ സഭാ മക്കളുടെ ആത്മീയകാര്യങ്ങൾക്കു നേതൃത്വം കൊടുക്കാൻ നമ്മുടെ സഭ ശ്രദ്ധിച്ചു തുടങ്ങിയത് പൂനാ ബഥനി ആശ്രമത്തിന്റെ സ്ഥാപനത്തോടുകൂടിയാണ്. പ്രാരംഭ ദശയിൽ പൂനായിലും, പിന്നീട് ബോംബെ, നാസിക്, അഹമ്മദ്നഗർ, ഹൈദരാ

ബാദ്, സൂറത്ത്, കൽക്കത്ത, ഭിലായ്, പഞ്ചാബ് എന്നിവിടങ്ങളിലും ബഥനി ആശ്രമവൈദികർ പ്രവാസികളായ സഭാമക്കളെ സംഘടിപ്പിച്ചിട്ടുണ്ട്. 1978 ൽ സ്ഥാപിതമായ ബത്തേരി രൂപതയുടെ ഭാഗമായിരുന്ന സൗത്ത് കാനറാ മിഷൻ പ്രദേശങ്ങൾ ഒരു രൂപതയായി രൂപീകരിക്കത്തക്കവിധം വളർച്ച പ്രാപിച്ചതിനു പിന്നിലും ബഥനി ആശ്രമസ്ഥരുടെ ത്യാഗവും, അദ്ധ്വാനവും വളരെയുണ്ട്. ബത്തേരി, കല്ലാർ മീനങ്ങാടി എന്നീയിടങ്ങളിലും ആശ്രമങ്ങൾ സ്ഥാപിച്ച് പുനരൈക്യപ്രവർത്തനങ്ങൾ നടത്തി.

അംഗസംഖ്യയിൽ ചെറുതായിരുന്നെങ്കിലും പരിശുദ്ധ സിംഹാസനം 1964 ഏപ്രിൽ 14 ന് ബഥനി ആശ്രമത്തെ പൊന്തിഫിക്കൽ പദവി നല്കി. 1974 ൽ നാലാഞ്ചിറ നിന്നും ബഥനി ആശ്രമത്തിന്റെ ജനറലേറ്റ് കോട്ടയത്ത്, കളത്തിപ്പടി എന്ന സ്ഥലത്തേക്ക് മാറ്റി സ്ഥാപിച്ചു. 1977 ൽ ആലുവായിൽ അശോകപുരം എന്ന സ്ഥലത്ത് നവസന്യാസപരിശീലനഗൃഹം ആരംഭിച്ചു. 1983 ൽ പൂനാ ബഥനി ആശ്രമത്തിൽ പൗരസ്ത്യദൈവശാസ്ത്ര പഠനങ്ങളിൽ കൂടുതൽ ശ്രദ്ധ കൊടുക്കുന്നതിനായി ബഥനി വേദവിജ്ഞാനപീഠം എന്ന ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിച്ചു. ഇങ്ങനെ വളർന്നുകൊണ്ടിരുന്ന ബഥനി ആശ്രമം പ്രവർത്തനങ്ങളുടെ ഏകോപനവും, വളർച്ചയും, മെച്ചമായ സഭാശുശ്രൂഷയും ലക്ഷ്യം വച്ചുകൊണ്ട് രണ്ട് പ്രോവിൻസുകളായി ഭരണസംവിധാനം ക്രമപ്പെടുത്തി.

**പ്രോവിൻസ് ഭരണസംവിധാനം**

ബഥനി നവജീവൻ പ്രോവിൻസ്, ബഥനി നവജ്യോതി പ്രോവിൻസ് എന്നീ പേരുകളിൽ രണ്ടായിരാമാണ്ടിൽ പ്രോവിൻസ് സംവിധാനം നിലവിൽ വന്നതോടുകൂടി ബഥനി ആശ്രമം വളർച്ചയുടെ കുതിപ്പിലാണ്. ദൈവവിളി പ്രോത്സാഹനവും അപ്പസ്തോലിക പ്രവർത്തനങ്ങളുടെ ഏകോപനവും ഈ കാലയളവിലെ സവിശേഷതയാണ്. ആദ്ധ്യാത്മിക ശുശ്രൂഷകൾ, ആതുരസേവനം, വിദ്യാഭ്യാസ പ്രവർത്തനങ്ങൾ എന്നിവ വഴിയായി മനുഷ്യസമൂഹത്തിനു പൊതുവായും സഭയ്ക്ക് പ്രത്യേകമായും ശുശ്രൂഷ ചെയ്യാൻ ബഥനിക്കു കഴിയുന്നു. 2009-ൽ എത്യോപ്യയിൽ പ്രവർത്തനമാരംഭിച്ച ബഥനി ആശ്രമസ്ഥർ കോപ്റ്റിക് ആരാധനക്രമം പിഞ്ചെല്ലുന്ന എംഡി ബീർ രൂപതയിലും, റോമൻ ആരാധനക്രമം പിഞ്ചെല്ലുന്ന നെകംതേ രൂപതയിലും പൗരോ ഹിത്യ ശുശ്രൂഷ ചെയ്യുന്നു. പഞ്ചാബിലെ പാവപ്പെട്ടവരുടെയിടയിൽ സുവിശേഷം പ്രസംഗിച്ചുകൊണ്ട് സന്യാസികളായി ജീവിക്കണമെന്ന്, സന്യാസജീവിതത്തെക്കുറിച്ച് സ്വപ്നം കണ്ട സമബഹസ്ഥാപകന്റെയും, സഹകാരികളുടെയും ആഗ്രഹം സഫലമാക്കിക്കൊണ്ട് ഭാരതത്തിന്റെ ഏഴ് വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ ക്രിസ്തുവിന്റെ സാന്നിധ്യമായി ബഥനി ആശ്രമസ്ഥർ ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നു.

**ബഥനിയിൽ നിന്നുള്ള മേല്പട്ടക്കാർ**

മാർ ഈവാനിയോസ് തിരുമേനി ഉൾപ്പെടെ ആറുപേർ ബഥനിയിൽ നിന്ന് മേല്പട്ടസ്ഥാനത്തേക്ക് ഉയർത്തപ്പെട്ടിട്ടുണ്ട്. 1930 മുതൽ 2007 വരെ (മാർ ഈവാനിയോസ് 1930-1953, മാർ ഗ്രിഗോറിയോസ് 1953-1994, മാർ ബസ്സേലിയോസ് 1994-2007) ബഥനിയിൽ നിന്നുള്ള മേല്പട്ടക്കാർ മലങ്കര കത്തോലിക്കാ സഭയുടെ അദ്ധ്യക്ഷന്മാരായിരുന്ന് സഭയെ നയിച്ചു. ബഥനി ആശ്രമത്തിന്റെ സുപ്പീരിയർ ജനറലായിരിക്കെ, ബത്തേരി രൂപതയുടെ പ്രഥമമെത്രാനായി നിയമിതനായ




**ഉദ്ഘാടനം - നവജ്യോതി പ്രൊവിൻസ്**

സിറിൽ മാർ ബസ്സേലിയോസ് തിരുമേനി ഈ സഭയുടെ പ്രഥമ മേജർ ആർച്ചുബിഷപ്പ് - കാതോലിക്കാ ബാവായാണ്.

ബഥനി ആശ്രമത്തിന്റെ സ്ഥാപനദിനം മുതൽ സ്ഥാപകനോടൊത്ത് പ്രവർത്തിച്ച കളപ്പുരയ്ക്കൽ യാക്കോബ് ശെമ്മാശൻ ബഥനിയിലെ ആദ്യത്തെ നവസന്യാസ ഗുരുവും പിന്നീട് ബഥനിയുടെ എപ്പിസ്ക്കോപ്പായുമായിരുന്നു. മലങ്കര ഹയരാർക്കി സ്ഥാപനത്തിനുശേഷം തിരുവല്ല രൂപതയുടെ പ്രഥമമെത്രാനായി സ്ഥാനമേറ്റ മാർ തെയോഫിലോസ് മെത്രാപ്പോലീത്താ 1935 വരെ വളരെ തീക്ഷ്ണമായ വിധത്തിൽ രൂപതയെ നയിച്ചു.

ഗുഡ്ഗാവ് രൂപതയുടെ പ്രഥമ മെത്രാപ്പോലീത്ത അഭി. ജേക്കബ് മാർ ബർണബാസ് തിരുമേനിയും, മലങ്കര മേജർ ആർക്കി എപ്പിസ്ക്കോപ്പൽ സഭയുടെ പ്രഥമ കൂരിയാ മെത്രാനും കഡ്കി എക്സാർക്കേറ്റിന്റെ അദ്ധ്യക്ഷനുമായ തോമസ് മാർ അന്തോണിയോസ് തിരുമേനിയുമാണ് ഇപ്പോൾ ബഥനിയിൽ നിന്നുള്ള മേല്പട്ടക്കാർ.

**ബഥനി ആശ്രമത്തിന്റെ പ്രവർത്തനങ്ങൾ**

മലങ്കര സഭയുടെയും ആഗോള സഭയുടെയും അജപാലന ശുശ്രൂഷയിലാണ് ബഥനി ആശ്രമസ്ഥരിൽ കൂടുതൽ പേരും വ്യാപൃതരായിരിക്കുന്നത്. ഇതുകൂടാതെ ധ്യാനശുശ്രൂഷ, ആതുര ശുശ്രൂഷ, തൊഴിൽ പരിശീലനം, വിദ്യാഭ്യാസപ്രവർത്തനങ്ങൾ, മാദ്ധ്യമപ്രവർത്തനങ്ങൾ എന്നിവയിലൂടെയും ബഥനി ആശ്രമം മനുഷ്യസമബഹത്തിനു പൊതുവായും, മലങ്കര സഭയ്ക്കു പ്രത്യേകമായും നന്മ ചെയ്തുകൊണ്ടിരിക്കുന്നു.

| | | |
|---|---|---|
| ധ്യാനമന്ദിരങ്ങൾ | – | 6 |
| വൃദ്ധ മന്ദിരങ്ങൾ | – | 5 |
| അനാഥ മന്ദിരങ്ങൾ | – | 2 |
| സ്കൂളുകൾ | – | 22 |
| കോളേജുകൾ | – | 8 |
| ബോർഡിംഗുകൾ | – | 8 |
| ബോയ്സ് ഹോം | – | 2 |
| പുനരധിവാസ കേന്ദ്രം | – | 1 |
| പ്രസ് | – | 3 |
| ബുക്ക് സ്റ്റോൾ | – | 5 |
| തൊഴിൽ പരിശീലന കേന്ദ്രം | – | 2 |

**ഇന്നത്തെ നേതൃത്വം**

രണ്ട് മേല്പട്ടക്കാരും, ഏഴ് സന്യാസി സഹോദരന്മാരും 207 വൈദികരുമുൾപ്പെടെ 216 അംഗങ്ങളാണ് ബഥനി ആശ്രമത്തിൽ ഇപ്പോൾ ഉള്ളത്. പരിശീലനത്തിന്റെ വിവിധ ഘട്ടങ്ങളിലായി 76 അംഗങ്ങളും ബഥനി ആശ്രമത്തിലുണ്ട്. സമൂഹാദ്ധ്യക്ഷൻ ഫാ. ജോസ് കുരുവിള പീടികയിൽ ഒ.ഐ.സി.യും, നവജീവൻ പ്രൊവിൻഷ്യൽ സുപ്പീരിയർ ഫാ. മാത്യു ജേക്കബ് തിരുവാലിൽ ഒ.ഐ.സി.യും, നവജ്യോതി പ്രൊവിൻഷ്യൽ സുപ്പീരിയർ ഫാ. ജോസ് മരിയദാസ് പടിപ്പുരയ്ക്കൽ ഒ.ഐ.സി.യും ബഥനി ആശ്രമത്തിന് നേതൃത്വം കൊടുക്കുന്നു.

**കൂടുതൽ പ്രതിബദ്ധതയോടെ മുന്നോട്ട്**

ശതാബ്ദി നിറവിൽ ആയിരിക്കുന്ന ബഥനിയ്ക്ക് ഇത് കൃതജ്ഞരാകാനും പ്രവർത്തനങ്ങളെ വിലയിരുത്തിക്കൊണ്ട് മുമ്പോട്ട് പോകാനുമുള്ള കാലമാണിത്.

**കൃതജ്ഞത :**

- പരിശുദ്ധാത്മ പ്രചോദനത്താൽ ബഥനിയെ സ്ഥാപിക്കാനും ഉന്നതാദർശങ്ങളാൽ അതിനെ നയിക്കുന്നതിന് ഫാ. പി.റ്റി. ഗീവർഗീസിനെ അനുഗ്രഹിച്ചതിന്,
- പ്രാർത്ഥനയും, ആഴമായ ദൈവാനുഗ്രഹവും, ജീവിതവിശുദ്ധിയും കൊടുത്ത് ബഥനിയെ മലങ്കരസഭയുടെ ആത്മീയ സ്രോതസ്സാക്കിത്തീർത്തതിന്,
- ത്യാഗജീവിതവും, വിനയവും, ദൈവികമായ അനുസരണയും വഴി മലങ്കര യാക്കോബായ സമൂഹത്തെ സാർവത്രിക സഭാ കൂട്ടായ്മയിലേക്കു നയിക്കാൻ ബഥനിയെ ഉപകരണമാക്കിയതിന്,
- ദൈവത്തെ ആഴമായി സ്നേഹിക്കാനും, പരസ്നേഹ പ്രവൃത്തികളിലൂടെ അനേകർക്കു നന്മ ചെയ്തുകൊണ്ട് ക്രിസ്തുവിന്റെ സ്നേഹത്തിനു സാക്ഷികളാകാൻ ആശ്രമസ്ഥരെ വിളിച്ചു വേർതിരിച്ച് അനുഗ്രഹിച്ചതിന്

ത്യാഗജീവിതത്തിലൂടെ സ്നേഹപൂർണതയ്ക്കായി പ്രയത്നിക്കാൻ സ്ഥാപിക്കപ്പെട്ടിരിക്കുന്ന ബഥനി ആശ്രമം, കഴിഞ്ഞകാല നേട്ടങ്ങളെക്കുറിച്ച് സംതൃപ്തിയടയാനുള്ള സന്ദർഭമായി ഈ സന്തോഷ മുഹൂർത്തത്തെ കാണുന്നില്ല. സമൂഹത്തിന്റെ വിശുദ്ധ നിയമം ആദർശമാക്കിയുള്ള ജീവിതശൈലിയിലൂടെയും അപ്പസ്തോലിക പ്രവർത്തനങ്ങളിലൂടെയും ബഥനി പുനരർപ്പണം നടത്തുന്ന കാലമാണിത്. സമൂഹത്തിന്റെ ഉറവിടങ്ങളിലേക്കു തിരിയേണ്ട കാലം. സ്ഥാപകനെയും പ്രഥമാംഗങ്ങളെയും നയിച്ച ആദ്ധ്യാത്മിക ഊർജ്ജം സമൂഹാംഗങ്ങൾക്കു പ്രചോദനമായിത്തീരണം. പ്രവാചകൻ ഓർമ്മിപ്പിക്കുന്നതുപോലെ, ''കർത്താവിനെ അന്വേഷിക്കുന്നവരേ, രക്ഷ തേടുന്നവരോ, എന്റെ വാക്കു കേൾക്കുവിൻ. നിങ്ങളെ വെട്ടിയെടുത്ത പാറയിലേക്കും നിങ്ങളെ കുഴിച്ചെടുത്ത ഖനി ഗർഭത്തിലേക്കും നോക്കുവിൻ'' (ഏശ.51:1). ഉറവിടങ്ങളിലേക്കുള്ള തിരിഞ്ഞുനോട്ടം ദൈവമുമ്പാകെയും, മനുഷ്യനന്മയ്ക്കുവേണ്ടിയുമുള്ള സമർപ്പണം കൂടുതൽ തീക്ഷ്ണമായി നിർവഹിക്കാൻ ബഥനിയെ അനുഗ്രഹിക്കട്ടെ. കരഗതമായത് നഷ്ടപ്പെടാതിരിക്കാനും, നേടിയെടുക്കാനുള്ളതിനുവേണ്ടി പരിശ്രമിക്കാനും ഈ വിലയിരുത്തൽ സഹായമാവട്ടെ. വിനയത്തിന്റെയും പൊതുസ്വീകാര്യതയുടെയും സമീപനത്തോടെ സഭയെയും വിശാലമായ മനുഷ്യസമൂഹത്തെയും ശുശ്രൂഷിക്കാൻ ബഥനിയെ ദൈവം ശക്തിപ്പെടുത്തട്ടെ. ●

# അതിവേഗം വളരുന്ന മലങ്കര സുറിയാനി കത്തോലിക്കാസഭ

ഫാ. ഡോ. ഐസക് പറപ്പള്ളിൽ

**പു**നരൈക്യത്തിന്റെ 88 വർഷങ്ങൾ പൂർത്തിയാക്കുന്ന മലങ്കര സുറിയാനി കത്തോലിക്കാസഭ വളർച്ചയുടെ പാതയിലൂടെ ഇതിനോടകം ഏറെ മുന്നോട്ട് പോയിരിക്കുന്നു. ഒന്നുമില്ലായ്മയുടെ നടുവിലൂടെ കടന്നുപോയ ഈ സഭയുടെ വളർച്ച ദൈവത്തിന്റെ വലിയ പരിപാലനയും ശക്തമായ കരുതലും വെളിവാക്കുന്നു. ഒന്നായിരുന്ന സഭ 17-ാം നൂറ്റാണ്ടിലെ കൂനൻകുരിശ് സത്യത്തോടെ പഴയകൂറ്റുകാരെന്നും, പുതിയ കൂറ്റുകാരെന്നും രണ്ടായി പിരിഞ്ഞതോടെ, പുതിയ കൂറ്റുകാർ അന്ത്യോക്യൻ സഭയുമായി ഒരു പുതിയ കൂറ് സ്ഥാപിച്ച് സുറിയാനി പാരമ്പര്യത്തിലും ആചാരാനുഷ്ഠാനങ്ങളിലും ഉറച്ചു നിന്നെങ്കിലും, കത്തോലിക്കാ ബന്ധത്തിൽനിന്ന് വേർപെടുകയും, മൂന്ന് നൂറ്റാണ്ടുകൾക്ക് ശേഷം, 1930 സെപ്റ്റംബർ 20-ാം തീയതി, മാർ ഈവാനിയോസ് പിതാവിന്റെ നേതൃത്വത്തിൽ 5 അംഗങ്ങൾ, കത്തോലിക്കാസഭയുമായി വീണ്ടും ഐക്യപ്പെട്ടതിന്റെ ശ്രേഷ്ഠവും മഹനീയവുമായ ഓർമ്മയാണ് സഭാമക്കൾ പുതുക്കുന്നത്. മുമ്പോട്ടുള്ള യാത്രയ്ക്ക് ഒന്നും കരുതാതെ, ഉണ്ടായിരുന്നതെല്ലാം വിട്ടെറിഞ്ഞ്, മാർ ഈവാനിയോസ് തിരുമേനിയും കൂടെയുള്ള 4 അംഗസംഘവും പുറപ്പെടുമ്പോൾ, എല്ലാം ഇതോടുകൂടി അവസാനിക്കുമെന്ന് കരുതിയവരുടെ മുമ്പിൽ, ദൈവപരിപാലനയുടെയും കരുതലിന്റെയും, ശക്തിയും രഹസ്യവും എന്തായിരുന്നുവെന്ന് 88 വർഷങ്ങൾ പിന്നിടുമ്പോൾ വ്യക്തമാകുന്നു. 'ബലിക്കുള്ള കുഞ്ഞാട് എവിടെ' എന്ന ഇസഹാക്കിന്റെ ചോദ്യത്തിന് 'ദൈവം എല്ലാം കരുതിക്കൊള്ളും' എന്നു പറഞ്ഞ അബ്രഹാമിനെപ്പോലെ, മാർ ഈവാനിയോസ് പിതാവും ദൈവപരിപാലനയിൽ മാത്രം ആശ്രയിച്ച് ലക്ഷ്യം മുൻനിർത്തി തീർത്ഥാടനം ആരംഭിച്ചു. ദൈവം ആഗ്രഹിച്ചത് ദൈവംതന്നെ മാർ ഈവാനിയോസ് പിതാവിലൂടെ നടത്തി എന്നത് ചരിത്രസത്യം. ദൈവപരിപാലനയിൽ മാത്രം ആശ്രയിച്ച്, ദൈവഹിതത്തിന് പൂർണമായി സമർപ്പിച്ച്, ശൂന്യമായ കൈകളോടെ ഇറങ്ങിത്തിരിച്ച്, ദൈവഹിതത്താൽ മലങ്കരസഭയെ, മലങ്കര കത്തോലിക്കാസഭയായി രൂപപ്പെടുത്തുവാൻ ഇടയാക്കിയ, മലങ്കരസഭയുടെ മഹാന്മാർക്ക് ആധുനികതലമുറയുടെ നമോവാകം.

ദൈവം ശൂന്യതയിൽനിന്ന് പ്രപഞ്ചത്തെ സ്രഷ്ടിച്ചതുപോലെ, ശൂന്യമായ കൈകളുമായി ഇറങ്ങിത്തിരിച്ചവർക്ക്, ഒരു സഭാകൂട്ടായ്മയെ കെട്ടിപ്പടുക്കുവാൻ ദൈവത്തിന്റെ ശക്തമായ കരങ്ങളുടെ സ്പർശനവും കരുതലും ഉണ്ടായിരുന്നു. ആരംഭകാലത്ത് പരിമിതമായ അംഗങ്ങളോടും, സാഹചര്യങ്ങളോടും, 2 രൂപതകളോടും കൂടെ മാത്രം തുടങ്ങിയ സഭ ഇന്ന് വളർച്ചയുടെ ഒരു വലിയ ഘട്ടം പിന്നിട്ടിരിക്കുന്നു. ഈ സഭയുടെ ദൃശ്യമായ വളർച്ചയുടെ നേർക്കാഴ്ച കണ്ടാണ്, ഭാഗ്യസ്മരണാർഹനായ ജോൺ പോൾ രണ്ടാമൻ മാർപാപ്പാ അഭി. പിതാക്കന്മാരോട് ആദ് ലമീനാ വേളയിൽ, മലങ്കര സുറിയാനി കത്തോലിക്കാസഭയെ ആഗോളസഭ യിൽ 'അതിവേഗം വളരുന്ന സഭ' എന്ന് വിശേഷിപ്പിച്ചത്. 23 വർഷം ഈ സഭയ്ക്ക് ശക്തമായ നേതൃത്വം നല്കിയ മാർ ഈവാനിയോസ് പിതാവും, 26 വർഷം കൂടെ നിന്ന് ഈ സഭയെ ബലപ്പെടുത്തിയ മാർ തെയോഫിലോസ് പിതാവും, മാർ ഈവാ നിയോസ്



പിതാവിന്റെ കാലശേഷം ദീർഘമായ 41 വർഷങ്ങൾ നേതൃത്വം നല്കിയ ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവും, 12 വർഷം ദീർഘവീക്ഷണത്തോടെ നേതൃത്വം നല്കിയ സിറിൽ മാർ ബസേലിയോസ് കാതോലിക്കാബാവായും, ഈ സഭയെ ആഗോള കത്തോലിക്കാസഭയിലും, മറ്റ് ക്രൈസ്തവ സഭാസമൂഹങ്ങളിലും, പൊതുസമൂഹത്തിലും ശ്രദ്ധിക്കപ്പെടുന്ന ഒരു സഭാകൂട്ടായ്മയായി വളർത്തി. ഇപ്പോൾ 11 വർഷമായി ഈ സഭയ്ക്ക് അതിശ്രേഷ്ഠമായ നേതൃത്വം നല്കുന്ന കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവാ, ഈ സഭയുടെ ആത്മീയ ശുശ്രൂഷകളെ, കേരളത്തിൽ മാത്രമല്ല വിശാലമായ ഭാരതത്തിലും, മറ്റ് അനേക രാജ്യങ്ങളിലേക്കും വ്യാപിപ്പിച്ച്, സാമൂഹ്യ-സാംസ്കാരിക-ആതുര- വിദ്യാഭ്യാസ മേഖലകളിൽ, ക്രിസ്തു സന്ദേശം പങ്കുവയ്ക്കുന്നു. ഒന്നുമില്ലായ്മയിലും, പ്രതികൂല സാഹചര്യങ്ങളിലും, അടിപതറാതെ ദൈവാശ്രയത്തിൽ മാത്രം ഉറച്ച് നിന്ന്, പരിഹാസങ്ങളെയും വിമർശനങ്ങളെയും കുറ്റപ്പെടുത്തലുകളെയും ക്ഷമയോടെ, ആത്മസം യമനത്തോടെ നേരിട്ട് പുനരൈക്യപ്രസ്ഥാനത്തെ വളർത്തിയ മുൻകാല പിതാക്കന്മാരെയും, ആചാര്യന്മാരെയും, സമർപ്പിതരെയും, ദൈവജനത്തെയും നമുക്ക് ഓർക്കാം. ‘‘ചെറിയ അജഗണമേ, നിങ്ങൾ ഭയപ്പെടേണ്ട’’ എന്ന ദൈവവചനം, ആശ്വാസവും, പ്രത്യാശയും, ധൈര്യവും, ആത്മവിശ്വാസവും നല്കി നമ്മുടെ പൂർവ്വികരെ നയിച്ചുവെന്നത് ചരിത്രസത്യം. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ആരംഭവും, വളർച്ചയും, ഇപ്പോഴത്തെ അവസ്ഥയും നാം മനസ്സിലാക്കുമ്പോൾ, ദൈവം ഈ സഭയെ എത്രമാത്രം കരുതലോടെ വളർത്തി എന്നത് വ്യക്തം. ഈ സഭയെ ദിശാബോധത്തോടെ, നേർവഴിയിലൂടെ, ദീർഘവീക്ഷണത്തോടെ നയിച്ച് വളർത്തി വലുതാക്കിയ കാലം ചെയ്ത പുണ്യപിതാക്കന്മാരെ ഇത്തരുണത്തിൽ നമുക്ക് ഓർക്കാം.

**കാലം ചെയ്ത പിതാക്കന്മാർ**

1. തോമസ് മാർ ദിയസ്കോറസ് (22 ഫെബ്രുവരി 1943)
2. ദൈവദാസൻ ഗീവർഗീസ് മാർ ഈവാനിയോസ് (15 ജൂലൈ 1953)
3. ജോസഫ് മാർ സേവേറിയോസ് (18 ജനുവരി 1955)
4. യാക്കോബ് മാർ തെയോഫിലോസ് (27 ജൂൺ 1956)
5. സക്കറിയാസ് മാർ അത്തനാസിയോസ് (28 സെപ്റ്റംബർ 1977)
6. ഐസക് മാർ യൂഹാനോൻ (28 ഏപ്രിൽ 1987)
7. ബനഡിക്ട് മാർ ഗ്രിഗോറിയോസ് (10 ഒക്ടോബർ 1994)
8. ലോറൻസ് മാർ അപ്രേം (8 ഏപ്രിൽ 1997)
9. പൗലോസ് മാർ പീലക്സിനോസ് (3 നവംബർ 1998)
10. സിറിൽ മാർ ബസേലിയോസ് (18 ജനുവരി 2007)
11. ഗീവർഗീസ് മാർ ദിവന്നാസിയോസ് (16 ജനുവരി 2018)

**ഇപ്പോഴത്തെ ഹയരാർക്കി (15 മെത്രാന്മാർ)**

മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് കാതോലിക്കാബാവ *(മേജർ ആർച്ചുബിഷപ്പ് & തിരുവനന്തപുരം മേജർ അതിഭദ്രാസനം)*
മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ് *(തിരുവല്ല അതിഭദ്രാസനം)*
മോസ്റ്റ് റവ. ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റം *(പത്തനംതിട്ട)*
മോസ്റ്റ് റവ. ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ് *(മാവേലിക്കര)*
മോസ്റ്റ് റവ. ഡോ. ജോസഫ് മാർ തോമസ് *(ബത്തേരി)*
മോസ്റ്റ് റവ. ഡോ. ജേക്കബ് മാർ ബർണബാസ് *(ഗുഡ്ഗാവ്-ഡൽഹി)*
മോസ്റ്റ് റവ. ഡോ. ഏബ്രഹാം മാർ യൂലിയോസ് *(മൂവാറ്റുപുഴ)*
മോസ്റ്റ് റവ. ഡോ. വിൻസെന്റ് മാർ പൗലോസ് *(മാർത്താണ്ഡം)*
മോസ്റ്റ് റവ. ഡോ. ഫിലിപ്പോസ് മാർ സ്തേഫാനോസ് *(അമേരിക്ക-കാനഡ)*
മോസ്റ്റ് റവ. ഡോ. തോമസ് മാർ യൗസേബിയോസ് *(പാറശ്ശാല)*
മോസ്റ്റ് റവ. ഡോ. ഗീവർഗീസ് മാർ മക്കാറിയോസ് *(പുത്തൂർ)*
മോസ്റ്റ് റവ. ഡോ. യൂഹാനോൻ മാർ തെയഡോഷ്യസ് *(കൂരിയ മെത്രാൻ & മൂവാറ്റുപുഴ ഭദ്രാസനത്തിന്റെ പിൻതുടർച്ചവകാശമുള്ള മെത്രാൻ)*
മോസ്റ്റ് റവ. ഡോ. തോമസ് മാർ അന്തോണിയോസ് *(കഡ്കി-പൂന)*
മോസ്റ്റ് റവ. ഡോ. സാമുവേൽ മാർ ഐറേനിയോസ് *(പത്തനംതിട്ട ഭദ്രാസനത്തിന്റെ പിൻതുടർച്ചവകാശമുള്ള മെത്രാൻ)*
മോസ്റ്റ് റവ. ഡോ. ഗീവർഗീസ് മാർ തിമോത്തിയോസ് *(ബിഷപ്പ് എമരിത്തൂസ് )*

## മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ ഇന്നത്തെ സ്ഥിതി ഒറ്റനോട്ടത്തിൽ

**രൂപതകളും എക്സാർക്കേറ്റും** – 12 (തിരുവനന്തപുരം, തിരുവല്ല, മാർത്താണ്ഡം, മാവേലിക്കര, പത്തനംതിട്ട, പാറശ്ശാല, ബത്തേരി, മൂവാറ്റുപുഴ, പുത്തൂർ, അമേരിക്ക-കാനഡ, ഗുഡ്ഗാവ്-ഡൽഹി, കഡ്കി-പൂനെ)

**അപ്പസ്തോലിക് വിസിറ്റേറ്റർ** – യൂറോപ്പ് (യു.കെ., അയർലണ്ട്, ജർമനി, സ്വിറ്റ്സർലണ്ട്, ഓസ്ട്രിയ, ഇറ്റലി) & ഓഷ്യാനിയ (ഓസ്ട്രേലിയ, ന്യൂസിലന്റ്)

**ഗൾഫ് രാജ്യങ്ങൾ** – കുവൈറ്റ്, ദോഹ-ഖത്തർ, യു.എ.ഇ., മസ്കറ്റ്, സൗദി അറേബ്യ, ബഹ്റൈൻ

**ഇടവകകൾ/മിഷൻ കേന്ദ്രങ്ങൾ** – 1196

**മലങ്കര കത്തോലിക്കർ** – 4,65,759

**രൂപതാ വൈദികർ** – 766

**സന്യസ്ത വൈദികർ** – 233 (ഒ.ഐ.സി. – 206, മറ്റ് സന്യാസ സമൂഹങ്ങൾ – 35)

**സഭയിൽ ശുശ്രൂഷ ചെയ്യുന്ന സന്യാസ സമൂഹങ്ങൾ** – 10 (ഒ.ഐസി., കുരിശുമല ആശ്രമം, ഒ.എഫ്.എം., എസ്.ഡി.ബി., സി.എം.എസ്.എഫ്., ധ്യാന ആശ്രമം, ചായൽപ്പടി ആശ്രമം, ശാന്തി ആശ്രമം, ഒ.സി.ഡി., എം.എഫ്.)

**വൈദികവിദ്യാർത്ഥികൾ** – 469 (മേജർ സെമിനാരിക്കാർ – 300, മൈനർ സെമിനാരിക്കാർ – 169)

**സന്യാസിനികൾ** – 2060 (ഉങ – 917, Sകഇ – 813, മറ്റുള്ളവർ – 330)

**സഭയിൽ ശുശ്രൂഷ ചെയ്യുന്ന സന്യാസിനിസമൂഹങ്ങൾ** – 19 (SIC, DM, SMT, OSS, SH, DSS, SCV, GSS, SMS, LSJ, CSJB, FMM, FSM, FMA, BS, SCSJA, FDSHJ, AMU, CSJS)

**സംഘടനകൾ/പ്രേഷിതവേദികൾ** – എം.സി.എ., എം.സി.വൈ.എം., എം.സി.സി.എൽ., ടീച്ചേഴ്സ് ഗിൽഡ്, വിൻസെന്റ് ഡി പോൾ സൊസൈറ്റി, കെ.സി.എസ്.എൽ., ലീജൺ ഓഫ് മേരി, ഡി.സി.എം.എസ്., മാതൃസമാജം, ഫാമിലി അപ്പസ്തോലേറ്റ്, ലേബർ മൂവ്മെന്റ്

## സ്ഥാപനങ്ങൾ

**1. പ്രധാന പൊതു സംവിധാനങ്ങൾ**

1. കാതോലിക്കേറ്റ് സെന്റർ, പട്ടം (സഭയുടെ ആസ്ഥാന കാര്യാലയം, 2011 സെപ്റ്റംബർ 21 ന് ആശിർവദിച്ചു. തുടർന്ന് സെപ്റ്റംബർ 21 മുതൽ 23 വരെയുള്ള ദിവസങ്ങളിൽ സഭയുടെ ആദ്യത്തെ മേജർ ആർക്കി എപ്പിസ്ക്കോപ്പൽ അസംബ്ലി നടത്തി).
2. സെന്റ് എഫ്രേം എക്യുമെനിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, കോട്ടയം (SEERI) – സഭയുടെ ഔദ്യോഗിക സുറിയാനി പഠനകേന്ദ്രം.

**2. എക്ലേസിയാസ്റ്റിക്കൽ**

മേജർ സെമിനാരി – 1
മൈനർ സെമിനാരി – 10
അജപാലന കേന്ദ്രങ്ങൾ – 10
ധ്യാനകേന്ദ്രങ്ങൾ – 5
റിന്യൂവൽ സെന്റർ – 1
പ്രീസ്റ്റ് ഹോം – 4
സോഷ്യൽ സർവ്വീസ് സൊസൈറ്റി – 8
കൺവൻഷൻ സെന്റർ – 1
തിയോളജിക്കൽ ട്രെയിനിംഗ് സെന്റർ – 2

**3. വിദ്യാഭ്യാസ സ്ഥാപനങ്ങൾ**

കോളേജുകൾ – 42
ട്രെയിനിംഗ് കോളേജുകൾ – 8
ടെക്നിക്കൽ ഇൻസ്റ്റിട്യൂഷൻ – 8
ഹയർ സെക്കണ്ടറി സ്കൂളുകൾ – 52
ഹൈസ്കൂളുകൾ – 86
യുപി സ്കൂളുകൾ – 75
എൽപി സ്കൂളുകൾ – 125
നേഴ്സറി സ്കൂളുകൾ – 89
സ്പെഷ്യൽ സ്കൂളുകൾ – 3
ബോർഡിംഗ് & ഹോസ്റ്റലുകൾ – 22

**4. ചാരിറ്റബിൾ**

മെഡിക്കൽ കോളേജ് – 1
ആശുപത്രികൾ & ആരോഗ്യകേന്ദ്രങ്ങൾ – 15
അനാഥമന്ദിരങ്ങൾ – 10
ബോയ്സ് ഹോം – 4
വൃദ്ധമന്ദിരങ്ങൾ – 19
റീഹാബിലിറ്റേഷൻ കേന്ദ്രങ്ങൾ – 9

**5. മറ്റുള്ളവ**

പ്രിന്റിംഗ് പ്രസ് – 6
ബുക്ക് സ്റ്റാളുകൾ – 7
പ്രസിദ്ധീകരണങ്ങൾ – 30 (രൂപതാതലം – 16, സന്യാസസമൂഹങ്ങൾ – 14)
പാലിയേറ്റീവ് കെയർ കേന്ദ്രങ്ങൾ – 9
അംഗപരിമിതർക്കുള്ള ഭവനങ്ങൾ – 11

## സഭയുടെ വളർച്ചയിലെ നിർണ്ണായക വഴികൾ

| | | |
|---|---|---|
| 1930 സെപ്റ്റംബർ 20 | – | മലങ്കര പുനരൈക്യദിനം (മാർ ഈവാനിയോസ്, മാർ തെയോഫിലോസ് തിരുമേനിമാരുൾപ്പെടെ 5 പേരുടെ പുനരൈക്യം) |
| 1932 ജൂൺ 11 | – | മലങ്കര ഹയരാർക്കി സ്ഥാപനം (തിരുവനന്തപുരം അതിഭദ്രാസനം, തിരുവല്ല ഭദ്രാസനം) |
| 1937 നവംബർ 29 | – | ഓർത്തഡോക്സ് സഭയിലെ ജോസഫ് മാർ സേവേറിയോസ് തിരുമേനിയുടെ പുനരൈക്യം |
| 1938 നവംബർ 12 | – | ക്നാനായ യാക്കോബായ സഭയിലെ തോമസ് മാർ ദിയസ്കോറസ് തിരുമേനിയുടെ പുനരൈക്യം |
| 1962 ഒക്ടോബർ 11 | – | മലങ്കര സുറിയാനി കത്തോലിക്കാസഭയെ പ്രതിനിധീകരിച്ച് ബനഡിക്ട് മാർ ഗ്രിഗോറിയോസ്, സഖറിയാസ് മാർ അത്തനാസിയോസ് എന്നിവർ രണ്ടാം വത്തിക്കാൻ കൗൺസിലിൽ പങ്കെടുത്തു. |
| 1977 ആഗസ്റ്റ് 28 | – | മലബാർ സ്വതന്ത്രസഭയുടെ പൗലോസ് മാർ പീലക്സിനോസ് തിരുമേനിയുടെ പുനരൈക്യം |
| 1978 ഒക്ടോബർ 28 | – | ബത്തേരി ഭദ്രാസന സ്ഥാപനം |
| 1980 ഡിസംബർ 28 | – | പുനരൈക്യ കനകജൂബിലി ആഘോഷം (കോട്ടയം) |
| 1986 ഫെബ്രുവരി 8 | – | ജോൺ പോൾ രണ്ടാമൻ മാർപാപ്പായുടെ തിരുവനന്തപുരം സെന്റ് മേരീസ് കത്തീഡ്രൽ സന്ദർശനം. |
| 1989 മെയ് 25 | – | സെന്റ് മേരീസ് മലങ്കര മേജർ സെമിനാരിയുടെ കൂദാശ |
| 1996 ഡിസംബർ 16 | – | മാർത്താണ്ഡം ഭദ്രാസന സ്ഥാപനം |
| 2003 ജനുവരി 15 | – | മൂവാറ്റുപുഴ ഭദ്രാസന സ്ഥാപനം |
| 2005 ഫെബ്രുവരി 10 | – | മേജർ ആർക്കിഎപ്പിസ്ക്കോപ്പൽ സിംഹാസന സ്ഥാപനം |
| 2005 മെയ് 14 | – | സഭയുടെ പ്രഥമ മേജർ ആർച്ചുബിഷപ്പ്-കാതോലിക്കാ സിറിൽ മാർ ബസേലിയോസ് തിരുമേനിയുടെ സ്ഥാനാരോഹണം |
| 2005 മെയ് 15 | – | കാതോലിക്കേറ്റ് സെന്ററിന്റെ ശിലാശീർവാദം |
| 2005 ആഗസ്റ്റ് 16–18 | – | സഭയുടെ പ്രഥമ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് |
| 2006 മെയ് 15 | – | തിരുവല്ല അതിഭദ്രാസനസ്ഥാപനം, തിരുവല്ല കേന്ദ്രമായ മെത്രാപ്പോലിത്തൻ പ്രവിശ്യയുടെ സ്ഥാപനം |
| 2007 ജനുവരി 1 | – | മാവേലിക്കര ഭദ്രാസന സ്ഥാപനം |
| 2007 ഫെബ്രുവരി 10 | – | ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവായെ, സഭയുടെ ദ്വിതീയ കാതോലിക്കാബാവായായി തിരഞ്ഞെടുത്തു. |
| 2007 ജൂലൈ 14 | – | മാർ ഈവാനിയോസ് തിരുമേനിയെ 'ദൈവദാസനാ'യി പ്രഖ്യാപിച്ചു. |
| 2008 നവംബർ 10 | – | പാളയം സെന്റ് മേരീസ് സമാധാനരാജ്ഞി പള്ളിയെ ബസിലിക്കയായി തിരുസിംഹാസനം ഉയർത്തി |
| 2010 ജനുവരി 25 | – | പത്തനംതിട്ട, പുത്തൂർ ഭദ്രാസനങ്ങളുടെ സ്ഥാപനം |
| 2010 ജൂലൈ 14 | – | അമേരിക്കയിലെ മലങ്കര സുറിയാനി കത്തോലിക്കാ എക്സാർക്കേറ്റിന്റെ സ്ഥാപനം |
| 2011 സെപ്റ്റംബർ 21 | – | കാതോലിക്കേറ്റ് സെന്ററിന്റെ കൂദാശ |
| 2011 സെപ്റ്റംബർ 21–23 | – | മലങ്കര സുറിയാനി കത്തോലിക്കാ പ്രഥമ അസംബ്ലി, സുവിശേഷസംഘത്തിന്റെ പ്രവർത്തനങ്ങളുടെ ആരംഭം. |
| 2012 നവംബർ 24 | – | മോറാൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവ കർദ്ദിനാളായി വത്തിക്കാനിൽ സ്ഥാനാരോഹണം ചെയ്തു. |
| 2013 മാർച്ച് 12–13 | – | ആഗോള കത്തോലിക്കാസഭയുടെ 266–ാം മാർപാപ്പയായ ഫ്രാൻസിസ് പാപ്പായെ തിരഞ്ഞെടുത്ത കോൺക്ലേവിൽ ഇദംപ്രഥമമായി മലങ്കര കത്തോലിക്കാസഭയെ പ്രതിനിധീകരിച്ച് കർദ്ദിനാൾ ക്ലീമീസ് ബാവ പങ്കെടുത്തു. |

| | | |
|---|---|---|
| 2014 ജൂൺ 23 | – | ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ നാമകരണ പരിപാടികളുടെ ഭാഗമായി കബർ തുറന്നുള്ള കാനോനിക പരിശോധന |
| 2015 മാർച്ച് 26 | – | ഗുഡ്ഗാവ് ഭദ്രാസനത്തിന്റെയും, കഡ്കി എക്സാർക്കേറ്റിന്റെയും സ്ഥാപനം |
| 2016 ജനുവരി 4 | – | അമേരിക്ക–കാനഡ ഭദ്രാസന സ്ഥാപനം |
| 2016 ആഗസ്റ്റ് 25 | – | ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ നാമകരണ നടപടികളുടെ അതിഭദ്രാസനതല കാനോനിക അന്വേഷണങ്ങളുടെ സമാപനം |
| 2017 ആഗസ്റ്റ് 5 | – | പാറശ്ശാല ഭദ്രാസന സ്ഥാപനം |



കഴിഞ്ഞ കാലങ്ങളിൽ സഭയെ വളർത്തിയ ദൈവത്തിന്റെ അത്ഭുതകരമായ നടത്തിപ്പിനെയും, പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങളെയും നന്ദിയോടെ നമുക്ക് ഓർക്കാം. പുനരൈക്യപ്രസ്ഥാനത്തിന്റെ ശതാബ്ദിയിലേക്ക് പ്രവേശിക്കുവാൻ പോകുന്ന സഭയെ, പരിശുദ്ധാത്മാവ് വീണ്ടും നിരന്തരം ശക്തിപ്പെടുത്തട്ടെ എന്ന് പ്രാർത്ഥിക്കാം. സഭയിൽ, പുത്തൻ ഉണർവ്വോടെ, പരിശുദ്ധാത്മാ അഭിഷേകത്തോടെ പ്രവർത്തിക്കുന്ന സുവിശേഷസംഘത്തിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്താം. ജാതിമതഭേദമെന്യേ അനേകർക്ക് നന്മ ചെയ്യുവാനും, ദൈവത്തിങ്കലേക്ക് അവരെ കൂടുതൽ അടുപ്പിക്കുവാനും ആരാധനാജീവിതത്തിലൂടെയും, പ്രേഷിതപ്രവർത്തനങ്ങളിലൂടെയും, കാരുണ്യപ്രവർത്തനങ്ങളിലൂടെയും, വിദ്യാഭ്യാസ-ആതുര-സാമൂഹ്യക്ഷേമ മേഖലകളിലെ ശുശ്രൂഷകളിലൂടെയും ക്രിസ്തുവിന്റെ സ്നേഹവും കരുതലും പ്രകടമാക്കുവാൻ ഇടയാകുന്നതിന് വീണ്ടും നമ്മെ സമർപ്പിക്കാം. ദൈവവിശ്വാസം, ജീവിക്കുവാനും സാക്ഷ്യപ്പെടുത്തുവാനുമുള്ളതാണെന്നും, വിശ്വാസിയായിരിക്കുയെന്നാൽ ദൈവേഷ്ടത്തിന് പൂർണമായി സമർപ്പിക്കുക എന്നതാണെന്നും സ്വജീവിതത്തിലൂടെ കാണിച്ചു തന്ന ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ മധ്യസ്ഥം നമുക്ക് യാചിക്കാം. വന്ദ്യ പിതാവിന്റെ ആത്മീയദർശനത്തെ അടിസ്ഥാനമാക്കിയുള്ള പ്രവർത്തനമാണ് മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ വളർച്ചയുടെയും അനുഗ്രഹങ്ങളുടെയും അടിസ്ഥാനം. വരുംകാലങ്ങളിലും, സഭയ്ക്ക് കൂടുതൽ വളരുവാനും, അനേകർക്ക് നന്മ ചെയ്യുവാനും ഇടയാകുന്നതിന് ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ മധ്യസ്ഥം നമുക്ക് തുണയാകട്ടെ.

# മെത്രാൻ സ്ഥാനത്ത് മൂന്ന് പതിറ്റാണ്ട് പിന്നിടുന്ന

# തിരുവല്ലയുടെ വലിയ തിരുമേനി

ജയ്സ് കോഴിമണ്ണിൽ




**1988** മെയ് മാസത്തിൽ, തിരുവല്ല രൂപതയുടെ അഞ്ചാമത്തെ മെത്രാനായി ഫാ. ജോർജ്ജ് ചുണ്ടേവാലേലിനെ നിയമിച്ചുകൊണ്ടുള്ള മാർപാപ്പായുടെ കൽപ്പന തിരുവല്ല സെന്റ് ജോൺസ് കത്തീഡ്രൽ ദേവാലയത്തിൽ സന്നിഹിതരായിരുന്നവരെ അറിയിച്ചത് അന്നത്തെ രൂപതാ ചാൻസലർ ഫാ. യൊവാക്കീം നാഗഞ്ചേരിലായിരുന്നു. തുടർന്ന് വൈദികരുടെ പ്രതിനിധിയായി അഭിനവ മെത്രാന് ആശംസകൾ നേർന്നത് ഫാ. വർഗീസ് കിളിച്ചിമലയും. 'രോഗി ഇച്ഛിച്ചതും, വൈദ്യൻ കൽപ്പിച്ചതും....... ഫാ. ചുണ്ടേവാലേലിന്റെ മെത്രാൻ നിയമനത്തെ കിളിച്ചിമല അച്ചൻ വിശേഷിപ്പിച്ചതിങ്ങനെയായിരുന്നു. അനുമോദനങ്ങൾക്ക് മറുപടിയായി നിയുക്തമെത്രാൻ ഇങ്ങനെ പറഞ്ഞു 'എന്റെ ആത്മീയശുശ്രൂഷകളെല്ലാം തിരുവല്ലാ കേന്ദ്രീകരിച്ചായിരുന്നു. നീ വൈദികനാകാനാണ് ദൈവികപദ്ധതിയെന്ന് അഭി. സേവേറിയോസ് തിരുമേനി ചൂണ്ടിക്കാണിച്ചതായിരുന്നു ജീവിതത്തിലെ വഴിത്തിരിവ്. 1978-ൽ മെത്രാൻ സ്ഥാനത്തേക്ക് എന്നെ പരിഗണിച്ചപ്പോൾ ഞാൻ ഒഴിഞ്ഞുമാറിയതിന് എന്റെ പിതാവ് എന്നെ ശകാരിച്ചു. ഇപ്പോൾ സ്വർഗ്ഗത്തിലിരുന്ന് സന്തോഷിയ്ക്കുന്നുണ്ടാവും. അഭി. യൂഹാനോൻ തിരുമേനി അന്ത്യശ്വാസം വിടുന്നതിന് മുമ്പ് എന്റെ വലതുകരത്തിൽ ബലമായി പിടിച്ചു. എല്ലാം എന്നെ ഏൽപ്പിയ്ക്കുകയാണോ, ഏൽക്കണമെന്നോ ആയിരുന്നിരിയ്ക്കാം അതിന്റെ അർത്ഥം.' ഫാ. ചുണ്ടേവാലേൽ ഉപസംഹരിച്ചു.

പതിനഞ്ച് വർഷങ്ങൾ തിരുവല്ല രൂപതയെ ഊർജ്ജസ്വലമായി പുരോഗതിയിലേക്കും, വളർച്ചയിലേക്കും നയിച്ച് വിശ്രമജീവിതം നയിക്കുന്ന അഭി. ഗീവർഗീസ് മാർ തിമോത്തിയോസ് തിരുമേനി മേൽപ്പട്ട സ്ഥാനത്ത് മുപ്പത് വർഷങ്ങൾ പിന്നിടുകയാണ്. അതോടൊപ്പം അഭി. പിതാവ് ഇക്കഴിഞ്ഞ ഫെബ്രുവരിയിൽ 90 വയസ്സും പൂർത്തിയാക്കി. മലങ്കര കത്തോലിക്കാസഭയിൽ ഇതാദ്യമാണ് ഒരു മെത്രാൻ 90 വയസ്സുവരെ ജീവിച്ചിരിയ്ക്കുന്നത്. മൈനർ സെമിനാരി റെക്ടർ, കത്തീഡ്രൽ വികാരി, രൂപതയുടെ വികാരി ജനറൽ, അഡ്മിനിസ്ട്രേറ്റർ, ബിഷപ്പ് എന്നീ പദവികൾ വഹിച്ചപ്പോഴും തിരുവല്ലയുടെ ആദ്ധ്യാത്മിക മണ്ഡലത്തിൽ അദ്ദേഹം നിറഞ്ഞുനിന്നിരുന്നു. അകത്തോലിക്കാ, അക്രൈസ്തവ സമൂഹങ്ങൾക്ക് എപ്പോഴും സ്വീകാര്യനായിരുന്നു അഭി. തിരുമേനി. വൈദികരെയും, സന്യസ്തരെയും, അല്മായരെയും, യുവജനങ്ങളെയും, കുഞ്ഞുങ്ങളെയും അദ്ദേഹം ഇടയനടുത്ത പിതൃവാൽസല്യത്തിൽ കരുതി. കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ വൈസ് ചെയർമാൻ, സെക്രട്ടറി, ഭാരത കത്തോലിക്കാമെത്രാൻ സംഘത്തിന്റെ വൈസ് പ്രസിഡന്റ് എന്നീ ഉന്നതപദവികളും അദ്ദേഹം അലങ്കരിച്ചു.

പുതിയ രൂപതകളുടെയും, മെത്രാൻമാരുടെയും നിയമന വാർത്ത മാത്രം മുഴങ്ങിക്കേട്ടിട്ടുള്ള തിരുവല്ല സെന്റ് ജോൺസ് കത്തീഡ്രലിൽ, മലങ്കര കത്തോലിക്കാ സഭയിൽ 75 വയസ്സ് പൂർത്തിയാക്കി ഭരണം ഒഴിയുന്ന ആദ്യബിഷപ്പിന്റെ പ്രഖ്യാപനവും അലയടിച്ചു. മാർ തിമോത്തിയോസിന്റെ രാജി മാർപാപ്പ അംഗീകരിച്ചുകൊണ്ടുള്ള ഉത്തരവ് വായിച്ചത് 2003 -ൽ അന്നത്തെ രൂപതാ ചാൻസലർ ഫാ. ഏബ്രഹാം കളക്കുടിയായിരുന്നു. തിരുവല്ല രൂപതാദ്ധ്യക്ഷന്റെ ചുമതലകളിൽ നിന്നു വിരമിച്ചുകൊണ്ട് അഭി. തിമോത്തിയോസ് പിതാവ് നടത്തിയ വിടവാങ്ങൽ സന്ദേശം സെന്റ് ജോൺസ് കത്തീഡ്രലിൽ സന്നിഹിതരായിരുന്ന വൈദികരെയും, കന്യാസ്ത്രീകളെയും, അൽമായ സമൂഹത്തെയും ഒരു പോലെ ദുഃഖിതരാക്കി. 'കഴിഞ്ഞ അമ്പത് വർഷത്തെ പൗരോഹിത്യശുശ്രൂഷാ

ജീവിതത്തിനിടയിൽ ആരെയെങ്കിലും വേദനിപ്പിക്കുന്ന എന്തെങ്കിലും സംസാരമോ, സംഭവമോ എന്നിൽ നിന്നും ഉണ്ടായിട്ടുണ്ടെങ്കിൽ അവരോട് ഞാൻ ക്ഷമ ചോദിയ്ക്കുന്നു'. ഇടറുന്ന സ്വരവും, നിറഞ്ഞ കണ്ണുകളുമായി രണ്ടു തവണ ഇടയൻ ക്ഷമാപണം നടത്തിയപ്പോൾ; അരുത്.... അങ്ങ് ഒരിയ്ക്കലും ഞങ്ങളെ വേദനിപ്പിച്ചിട്ടില്ല. ഞങ്ങൾ എന്തെങ്കിലും....... ഈ മനോഭാവമായിരുന്നു ഏവരുടേയും മുഖത്ത് നിഴലിച്ചത്. ആകാരം കൊണ്ടു മാത്രമല്ല, വിശാലമായ ഹൃദയം കൊണ്ടും വലിയവനായിരുന്നു അഭി. തിമോത്തിയോസ് പിതാവ്. 'നിന്റെ വാക്കനുസരിച്ച് ഞാൻ വലയിടാം' എന്ന ആദർശവാക്യവുമായി മേൽപ്പട്ട ശുശ്രൂഷയ്ക്കിറങ്ങിയ അഭി. തിരുമേനി, വല നിറയെ മൽസ്യവുമായി കടലിൽ നിന്ന് കരയ്ക്കു കയറിയ പ്രഥമ സഭാഇടയന്റെ മനസ്സിനുടമയായി; തന്റെ ശുശ്രൂഷാകാലം അഭൂതപൂർവ്വമായ പുരോഗതി രൂപതയ്ക്ക് നേടിക്കൊടുത്തുകൊണ്ട്.


●



# ബഥനി – ചരിത്രവഴിയിലൂടെ




ബഥനി ജനറൽ




ബഥനി മിഷൻ – നെടുമങ്ങാട്



സീറോ മലബാർ പള്ളിയിൽ മാർ ഈവാനിയോസിനു നൽകിയ സ്വീകരണം



യാക്കൂബ് മാർ തെയോഫിലോസിന്റെ പുനരൈക്യം



കാൽവടി പാരിഷ്, പൂനെ



അബ്ബോ ഗീവർഗീസ് മുണ്ടമല ആശ്രമനിവാസികൾക്കൊപ്പം



ബഥനി മിഷൻ




ബഥാനിയൻ – വയനാട്




ബഥനി നവജീവൻ – ഉദ്ഘാടനം



ബഥനി മിഷൻ




ബഥനി ആശ്രമം – പ്ലാറ്റിനം ജൂബിലി



ബഥനി മിഷൻ



ബഥനി മഠം



ബഥനി ആശ്രമം – മുണ്ടൻമല



ഫാ.മാത്യു പഞ്ഞിക്കാട്ടിൽ

# അച്ചോ, മാതാവ് ഉടലോടെ സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടുവെന്നതിന് തെളിവെന്ത്?

*(ഈ ലേഖനത്തിൽ പറയുന്ന വ്യക്തികൾ- സാങ്കല്പികമാണ്- ആശയം വ്യക്തമായി മനസ്സിലാക്കാൻ അവരുടെ പേരുകൾ പറയുന്നുവെന്ന് മാത്രം)*

മലങ്കര കത്തോലിക്കാസഭയിലെ ഒരു ഇടവക വൈദികൻ രാവിലെ പത്രം വായന കഴിഞ്ഞ്, ഇടവകയിലെ ചില ജോലികൾ ക്രമീകരിക്കാനായി ഓഫീസിൽ ഇരിക്കുന്നു. മുൻ പെന്തക്കോസ്തു പാസ്റ്ററായിരുന്ന സാംകുട്ടി ഇപ്പോൾ ഇടവകക്കാരൻ, കയറിവരുന്നു.

**അച്ചൻ :** സാംകുട്ടി, സ്വാഗതം, വളരെ സന്തോഷം കണ്ടതിൽ, എന്തുണ്ടു വിശേഷം.

**സാംകുട്ടി :** അച്ചൻ ചില ജോലിയിലാണെന്നു തോന്നുന്നു. ഞാൻ വന്നത് ശല്യമായോ?

**അച്ചൻ :** ശല്യമോ? എന്റെ ജോലിയുടെ ഭാഗമല്ലേ ഈ കണ്ടുമുട്ടലും, സംഭാഷണവുമൊക്കെ.

**സാംകുട്ടി :** അച്ചോ, വളരെ സന്തോഷം. ആളുകളെ സ്വീകരിക്കാനുള്ള അച്ചന്റെ സന്നദ്ധത, എന്നെ അത്ഭുതപ്പെടുത്തുന്നു. ഇത്രയും വലിയ ഒരു ഇടവകയിലെ ജോലിക്കിടയിൽ ഞങ്ങളെ സ്വീകരിച്ചു സംഭാഷിക്കുവാൻ മടിയില്ലായെന്നത് എത്ര വലിയ കാര്യമാണ്.

**അച്ചൻ :** മടിയോ? ആത്മാക്കളുടെ നന്മക്കുവേണ്ടി എപ്പോഴും പ്രവർത്തിക്കേണ്ടത് എന്റെ ചുമതല യല്ലേ? ആകട്ടെ, സാംകുട്ടി വന്നതിന്റെ കാര്യം പറഞ്ഞില്ലല്ലോ!

**സാംകുട്ടി :** അച്ചോ, ഞാൻ കത്തോലിക്കാ വിശ്വാസിയാണെങ്കിലും, പഴയ പെന്തക്കോസ്തു ചിന്താ



ഗതി തീർത്തുമാറുന്നില്ല. പരിശുദ്ധ മാതാവിനെപ്പറ്റിയുള്ള പല വിശ്വാസസത്യങ്ങളും ഗ്രഹിക്കുവാൻ സാധിക്കുന്നില്ല. പ്രത്യേകിച്ച് വി.ബൈബിളിൽ ഇല്ലാത്ത കാര്യങ്ങൾ ഇപ്പോൾ ഞാൻ വന്നത്, മാതാവിന്റെ സ്വർഗ്ഗാരോപണം (മാതാവ് ശരീരത്തോടുകൂടി സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടുവെന്ന കാര്യം) എനിക്കു മനസ്സിലാകുന്നില്ല. ബൈബിളിൽ അതിന് ഒരു തെളിവും ഇല്ലല്ലോ, അതുകൊണ്ടാണ്

**അച്ചൻ :** അതിന് ബൈബിളിൽ വ്യക്തമായ തെളിവില്ലെന്നത് ശരിയാണ്. നമ്മുടെ വിശ്വാസത്തിന്റെ അടിസ്ഥാനം ബൈബിൾ മാത്രമല്ലല്ലോ?

**സാംകുട്ടി :** അച്ചൻ പറഞ്ഞതിന്റെ അർത്ഥം?

അച്ചൻ : നമ്മുടെ കർത്താവ് ബൈബിൾ എഴുതിയോ?

**സാംകുട്ടി :** ഇല്ല.

**അച്ചൻ :** ശരി. അവിടുന്ന് ശിഷ്യന്മാരെ പഠിപ്പിച്ചു. അവയെല്ലാം അവർക്കു മനസ്സിലായില്ലെന്നതും ശരിയാണ്. ശിഷ്യന്മാരോട് അവിടുന്നു പഠിപ്പിച്ചതെല്ലാം എഴുതി പുസ്തകമാക്കാനും പറഞ്ഞിട്ടുണ്ടോ?

**സാംകുട്ടി :** ഇല്ല.

**അച്ചൻ :** കർത്താവു പറഞ്ഞു: "ഇനിയും വളരെക്കാര്യങ്ങൾ എനിക്കു നിങ്ങളോടു പറയാനുണ്ട്. എന്നാൽ അവ ഉൾക്കൊള്ളാൻ നിങ്ങൾക്ക് കഴിവില്ല സത്യാത്മാവ് വരുമ്പോൾ നിങ്ങളെ സത്യത്തിന്റെ പൂർണ്ണതയിലേക്കു നയിക്കും (യോഹ. 16:12,13). ഇതിൽ നിന്നും പരിശുദ്ധാത്മാവാണ് ശിഷ്യന്മാരിലൂടെ സഭയെ പഠിപ്പിക്കുന്നത്. എഴുതപ്പെട്ട പുസ്തകമല്ല.

**സാംകുട്ടി :** ഈ കാര്യം മുമ്പ് ഞാൻ ചിന്തിച്ചിട്ടില്ല.

**അച്ചൻ :** ശരി. വേദപുസ്തക ചരിത്രം അതിന്റെ കർത്താവ് ആരെന്നാണ് സാംകുട്ടി മനസ്സിലാക്കിയിരിക്കുന്നത്?

**സാംകുട്ടി :** ദൈവമല്ലേ വി.പുസ്തകത്തിന്റെ കർത്താവ്?

**അച്ചൻ :** ശരി. ദൈവം നേരിട്ട്, എഴുതിയോ? മോശയുടെ പുസ്തകം, മത്തായിയുടെ സുവിശേഷം, പൗലോസിന്റെ ലേഖനം എന്നൊക്കെ പറഞ്ഞാൽ അർത്ഥം എന്താണ്?

**സാംകുട്ടി :** എനിക്ക് അതിനെപ്പറ്റി വലിയ പിടിയില്ലച്ചോ?

**അച്ചൻ :** ശരി. ഞാൻ പറയാം. മനുഷ്യരായ എഴുത്തുകാർ, അവരുടെ കഴിവും, രീതികളും ഉപയോഗിച്ച് മനുഷ്യന്റെ ഭാഷയിൽ എഴുതിയവയാണ്. എന്നാൽ ദൈവത്തിന് വേണ്ടവ വെളിപ്പെടുത്തുവാൻ പരിശുദ്ധാത്മാവ് അവരെ പ്രചോദിപ്പിക്കുന്നു. ദൈവത്തിന് വേണ്ടവയെല്ലാം, വേണ്ടവ മാത്രം, വേണ്ട വിധത്തിൽ എഴുതുവാൻ പരിശുദ്ധാത്മാവ് അവരിലൂടെ പ്രവർത്തിക്കുന്നു.

**സാംകുട്ടി :** അപ്പോൾ അവ ഏതൊക്കെയാണെന്ന് എങ്ങനെ അറിയും?

**അച്ചൻ :** കെട്ടുവാനും അഴിക്കുവാനും വി. പത്രോസിനും, പത്രോസിനോടുകൂടി വി.ശ്ലീഹന്മാർക്കും, (മത്താ. 16:18-19, 18:18-20) കൊടുത്ത അധികാരം ഉപയോഗിച്ച് സഭയാണ് ദൈവത്തിന്റെ പ്രചോദനം കൊണ്ട് എഴുതപ്പെട്ടവ ഏതെന്ന് പഠിപ്പിക്കുന്നത്.

**സാംകുട്ടി :** ശരി. ഇത്രയും മനസ്സിലായി. എന്നാൽ വി. വേദപുസ്തകത്തിൽ മനുഷ്യനു വേണ്ടവ എല്ലാം, വിശ്വസിക്കേണ്ടവ എല്ലാം എഴുതിയിട്ടില്ലേ?

**അച്ചൻ :** എല്ലാം എന്നു പറഞ്ഞുകൂടാ. പ്രധാനപ്പെട്ട വിശ്വാസ സത്യങ്ങൾ വ്യക്തമായോ അവ്യക്തമായോ ഉണ്ട്. പുതിയ നിയമം പോലും അപ്പോസ്തോലന്മാർ പഠിപ്പിച്ചതിന്റെ ചുരുക്കം മാത്രമാണ്. പഠിപ്പിച്ച എല്ലാക്കാര്യങ്ങളും സഭയിലെ അപ്പോസ്തോലിക പഠിപ്പിക്കലിന്റെ പാരമ്പര്യത്തിൽ നിലനില്ക്കുന്നു. ആ വശ്യാനുസരണം പരിശുദ്ധാത്മാവ്, അവ പഠിപ്പിക്കുവാൻ സഹായിക്കുന്നു. എന്നാൽ ഇപ്പോൾ വി. വേദപുസ്തകവും, വി. സഭയുടെ പാരമ്പര്യവുമല്ലല്ലോ വിഷയം. പരിശുദ്ധ മാതാവാണല്ലോ. അതിനാൽ പരിശുദ്ധ മാതാവിനെപ്പറ്റി സംസാരിക്കാം. പരിശുദ്ധ മാതാവിനെപ്പറ്റി അത്യാവശ്യകാര്യങ്ങൾ വ്യക്തമായിട്ടുണ്ടെങ്കിലും, നമുക്കറിയേണ്ട പല കാര്യങ്ങളും സൂചകമായിട്ടു മാത്രമേയുള്ളൂ.

**സാംകുട്ടി :** എന്നുപറഞ്ഞാൽ?

**അച്ചൻ :** നാം തമ്മിൽ സംസാരിക്കുമ്പോൾ നമ്മുടെ വാക്കുകൾ മാത്രമല്ല. മറ്റുപലതും അതിൽ സൂചകമായിട്ടുണ്ട്. അതു വാക്കുകളിലില്ല. ഉദാ: നാം മലയാളത്തിൽ സംസാരിക്കുമ്പോൾ, നാം രണ്ടുപേരും മലയാളം അറിയാവുന്നവരാണ്. നാം രണ്ടുപേരും ചെകിടന്മാരല്ല. എഴുത്തും വായനയും അറിയാവുന്നവരാണ്. തുടങ്ങിയ നൂറുനൂറു കാര്യങ്ങൾ.

**സാംകുട്ടി :** ഓ മനസ്സിലായി. അതുപോലെ മാതാവിനെപ്പറ്റിയും ഒരുപാടുകാര്യങ്ങൾ അറിയാമെന്ന്!

**അച്ചൻ :** പരിശുദ്ധ മാതാവിനെപ്പറ്റി ബന്ധപ്പെട്ട ബൈബിൾ ഭാഗങ്ങൾ (1) നമ്മുടെ കർത്താവിനെപ്പറ്റിയുള്ള വചനിപ്പ്, പരിശുദ്ധ മാതാവ് വി. എലിസബേത്തിനെ സന്ദർശിക്കുന്നത്, (ലൂക്കാ. 1 മുതൽ 56 വരെ) യേശുവിന്റെ ജനനം. ഇടയന്മാരുടെ സന്ദർശനം, പരിഛേദനം (ലൂക്കാ. 2:1 മുതൽ 40 വരെ) ജ്ഞാനികളുടെ സന്ദർശനം, ഈജിപ്തിലേക്കുള്ള പലായനം, തിരിച്ചു വരവ് (മത്താ. 2: 1 മുതൽ 23 വരെ), ബാലനായ യേശുവിനെ ദേവാലയത്തിൽ വച്ചു കാണാതായ സംഭവം (ലൂക്കാ. 2:41 മുതൽ 62 വരെ), കാനായിലെ വിവാഹവിരുന്ന് (യോഹ. 2: 1-11), യേശുവിന്റെ അമ്മയും സഹോദരന്മാരും (മർക്കോ. 3:31-35), ഒരു സ്ത്രീ മഹത്തായ ഭാഗ്യം എന്ന് പറഞ്ഞ് മാതാവിനെ പുകഴ്ത്തുന്നത് (ലൂക്കാ. 11:27-28), പീഡാനുഭവ സമയത്ത് കുരിശിൽ കിടന്നുകൊണ്ട് മാതാവിനെ

യോഹന്നാന് ഏല്പിക്കുന്നത് (യോഹ. 19:25-27) യേശുവിന്റെ സ്വർഗ്ഗാരോഹണത്തിനു ശേഷം സെഹിയോൻ മാളികയിൽ ശിഷ്യന്മാരോടൊപ്പം പരിശുദ്ധാത്മാവിനെ കാത്തിരുന്നത് (അപ്പോ.പ്ര. 1:12-14) എന്നിവയാണ്.

**സാംകുട്ടി :** ഇതെല്ലാം ശരിയാണ്. ഇവിടെയെങ്ങും മാതാവിന്റെ സ്വർഗ്ഗാരോപണത്തെപ്പറ്റി ഒരു സൂചനയും ഇല്ലല്ലോ!

**അച്ചൻ :** അതിനെപ്പറ്റി പറയാനാണ് ഇത്രയും പറഞ്ഞത്. മാതാവിന്റെ സ്വർഗ്ഗാരോപണത്തെപ്പറ്റി, ബൈബിളിൽ മാത്രം നോക്കിയാൽ തെളിവില്ല. ശരി തന്നെ. എന്നാൽ ബൈബിൾ തന്നെ, സഭാ പാരമ്പര്യത്തിന്റെ ഭാഗമാണെന്ന് മുമ്പുഞാൻ പറഞ്ഞുവല്ലോ. സഭാപാരമ്പര്യത്തിൽ മാതാവിന്റെ സ്വർഗ്ഗാരോപണത്തെപ്പറ്റി ധാരാളം തെളിവുകളുണ്ട്.

പരിശുദ്ധ മാതാവ് ഉടലോടെ സ്വർഗ്ഗാരോപണം ചെയ്തുവെന്ന വിശ്വാസസത്യം ഔദ്യോഗികമായി പ്രഖ്യാപിച്ചത് 1950 നവംബർ 1-ാം തീയതി പ. പന്ത്രണ്ടാം പീയൂസ് മാർപാപ്പായാണ്. എങ്കിലും ഇത് ഒരു പുതിയ വിശ്വാസസത്യമല്ല. സഭയുടെ ആദിമുതലുള്ള വിശ്വാസം ഇതുതന്നെയായിരുന്നു. സഭാ പിതാക്കന്മാരുടെ എഴുത്തികളിലും, സഭയുടെ ആദിമുതലുള്ള ഈ സത്യം കാണാവുന്നതാണ്. ആദികാലം മുതൽ തന്നെ പ.മാതാവിന്റെ സ്വർഗ്ഗാരോപണത്തിരുനാൾ ആഘോഷിച്ചിരുന്നത് ഇതിന്റെ തെളിവാണ്. കൂടാതെ സഭയുടെ ആരാധനക്രമങ്ങളിലും ഈ വിശ്വാസം ഏറ്റുപറയുന്നുണ്ട്.

**സാംകുട്ടി :** ശരി. അത്രയും മനസ്സിലായി. എന്നാൽ ബൈബിളിൽ മാതാവിന്റെ സ്വർഗ്ഗാരോപണത്തേ ചില സൂചകങ്ങളെങ്കിലും എടുത്തു കാണിക്കാമോ?

**അച്ചൻ :** ശരി. ആ കാര്യം ഇനി പറയാം. വചനിപ്പു സമയത്ത് പ. മാതാവ് എന്താണ് ചെയ്തത്.?

**സാംകുട്ടി :** ഇതാ ഞാൻ കർത്താവിന്റെ ദാസി, നിന്റെ വാക്കുപോലെ എന്നിൽ ഭവിക്കട്ടെ എന്നു പറഞ്ഞു.

**അച്ചൻ :** അപ്പോൾ എന്തു സംഭവിച്ചു?

സാംകുട്ടി : വചനം മാംസമായി മാതാവിന്റെ ഉദരത്തിൽ ഉരുവായത് ആർക്കുവേണ്ടി, അല്ലെങ്കിൽ എന്തിനു വേണ്ടിയാണ്.

**സാംകുട്ടി :** എല്ലാ മനുഷ്യരുടെയും രക്ഷക്കുവേണ്ടി.

**അച്ചൻ :** അതിന്റെ പൂർണ്ണ അർത്ഥം എന്താണ്?

**സാംകുട്ടി :** ഇതിൽ കൂടുതൽ എനിക്കറിയില്ല.

**അച്ചൻ :** ശരി. ഞാൻ പറയാം. മറിയം സമ്മതം നൽകിയപ്പോൾ വചനം മാംസമായി. സമ്മതം മറിയത്തിനു വേണ്ടി മാത്രമായിരുന്നില്ല. കാരണം എല്ലാവർക്കും വേണ്ടിയാണ്. വചനം മാംസമായതും. നാം മാംസമായതും. നാം ഓരോരുത്തരും ഈ സമ്മതം, രക്ഷ സ്വീകരിക്കൽ നടത്തുമ്പോൾ, വിശ്വസിച്ചു സ്നാനപ്പെടുമ്പോളാണ് സ്വീകരിക്കുന്നത്. മറിയം എല്ലാവരുടെയും പ്രതിനിധിയായി. വചനത്തേ, രക്ഷകനെ സ്വീകരിച്ച മറിയം നമ്മുടെ മദ്ധ്യസ്ഥയായി, പ്രതിനിധിയായി.

**സാംകുട്ടി :** ഈ കാര്യം മനസ്സിലായി. വേറെ സംഭവങ്ങൾ ഉണ്ടോ?

**അച്ചൻ :** പലതുണ്ട്. ഒന്നുകൂടി മാത്രം പറയാം.

**സാംകുട്ടി :** അച്ചാ, പറയൂ.

**അച്ചൻ :** നമ്മുടെ കർത്താവ് ഗോഗുൽത്തായിൽ കുരിശിൽ മരിക്കുമ്പോൾ മറിയം കുരിശിന്റെ ചുവട്ടിൽ നിന്നു. മറിയം അവിടെ വെറുതെ നിന്നതല്ല.

**സാംകുട്ടി :** അല്ലാതെന്തു ചെയ്തു?

**അച്ചൻ :** നമ്മുടെ കർത്താവ്, നാമെല്ലാവർക്കും വേണ്ടി പിതാവിന് അനുസരണം-ബലി അർപ്പിക്കുകയായിരുന്നു. നമുക്ക് ഇതിന്റെ ഫലം ലഭിക്കണമെങ്കിൽ യേശുവിനോടു ചേർന്നു നമ്മുടെ ജീവിതം അനുസരണമായി കർത്താവിന്റെ ബലിയോടു ചേർത്ത് അർപ്പിക്കണം. മറിയമാകട്ടെ, അന്ന് നമ്മുടെ പ്രതിനിധിയായികൂടെ കുരിശിന്റെ ചുവട്ടിൽ നിന്ന് ബലിയർപ്പിച്ചു.

**സാംകുട്ടി :** ഇത്രയും മനസ്സിലായി. എന്നാൽ മാതാവ് ഉടലോടെ സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടു എന്നതിന്റെ സൂചനയുണ്ടോ? പറയാമോ?

**അച്ചൻ :** പറയാം. നമ്മുടെ കർത്താവ് തന്റെ അനുസരണ ബലി തന്നിൽ പൂർത്തിയാക്കി. സാത്താന്റെ അടിമത്തത്തിൽ നിന്നും പാപത്തിന്റെ അടിമത്തത്തിൽ നിന്നും, മനുഷ്യവർഗ്ഗത്തെ രക്ഷിച്ചു. അവിടുന്ന് മരിച്ചുയർത്ത് മരണത്തേയും വിജയിച്ചു. എന്നാൽ ഈ രക്ഷ ഇപ്പോൾ ആരംഭിച്ചിട്ടേയുള്ളൂ. ജ്ഞാനസ്നാനം വഴി നാം സാത്താന്റെ അടിമത്തത്തിൽ നിന്നും, പാപത്തിൽ നിന്നും വിമുക്തമായി ദൈവത്തിന്റെ മക്കളും, സ്വർഗ്ഗത്തിന് അവകാശികളും യേശുമിശിഹായുടെ സഹോദരരും ആയിത്തീർന്നു. ഉയിർപ്പിനും അവകാശിയായിത്തീരുന്നു. എന്നാൽ ജന്മപാപത്തിന്റെ ഫലമായ പാപപ്രവണതകൾ ഇപ്പോഴും ശേഷിക്കുന്നു. മരിക്കുകയും ചെയ്യുന്നു. കർത്താവിന്റെ കൃപ ഉപയോഗിച്ച് ദുഃഷ്പ്രവണതകളെ വിജയിച്ച് പാപം ചെയ്യാതെ ജീവിച്ച് മരിച്ച് ആത്മാവ് സ്വർഗ്ഗത്തിൽ പ്രവേശിക്കണം. എങ്കിലും നാം മരിക്കുന്നു. ദുഃഷ്പ്രവണതകളുടെ ശക്തിയാൽ വേണ്ടവിധം സമരം ചെയ്യാതെ പാപം ചെയ്തു നരകത്തിനും അർഹരാകുന്നു. അതിനാൽ പാപങ്ങളെപ്പറ്റി അനുതപിച്ചു അനുരഞ്ജനകൂദാശയിലൂടെ ശുദ്ധീകരിക്കപ്പെട്ട്, മരിച്ച് ആത്മാവ് സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നു. ശരീരം കർത്താവിന്റെ രണ്ടാം വരവിൽ മഹത്വത്തോടെ ഉയിർത്ത് ആത്മാവോടു ചേർന്ന് കർത്താവിനോടുകൂടി മഹത്വത്തിൽ പ്രവേശിക്കുന്നു.

**സാംകുട്ടി :** അപ്പോൾ, കർത്താവിന്റെ രക്ഷയിൽ മനഃപ്പൂർവം വിശ്വസിക്കാത്തവരുടെയും, അനു

തപിച്ച് പാപമോചനം പ്രാപിക്കാത്തവരുടെയും അവസ്ഥ എന്താണ്?

**അച്ചൻ :** അവർ മരിച്ച് നിത്യനരകത്തിലേക്ക് പോകുന്നു. കർത്താവിന്റെ രണ്ടാമത്തെ വരവിൽ ഉയിർത്താലും മഹത്വീകൃതമല്ലാത്ത ശരീരവുമായി നരകത്തിൽ നിത്യമായി വസിക്കുന്നു.

**സാംകുട്ടി :** ശരി അച്ചോ. ഈ കാര്യം വ്യക്തമായി. എന്നാൽ മാതാവിന്റെ സ്വർഗ്ഗാരോപണകാര്യം പഴയപോലെ തന്നെ എന്റെ മനസ്സിൽ കിടക്കുന്നു.

**അച്ചൻ :** അക്കാര്യം പറയാൻ വേണ്ടിയാണ് ഞാൻ മേൽ പറഞ്ഞ കാര്യങ്ങളെല്ലാം പറഞ്ഞത്. മേൽ പറഞ്ഞതിൽ നിന്നും നമ്മുടെ രക്ഷ ആരംഭിച്ചു, ആത്മീകമായി വളർന്നു മരണത്തിൽ ആത്മാവ് സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നു. ശരീരം ഇവിടെ ശേഷിക്കുന്നു. കർത്താവിന്റെ രണ്ടാം വരവിൽ വിശുദ്ധരുടെ ശരീരം മഹത്വത്തിൽ ഉയിർപ്പിക്കപ്പെട്ട് ആത്മാവോടു ചേർന്ന് സ്വർഗ്ഗപ്രവേശം നേടുമ്പോഴാണ് നമ്മുടെ രക്ഷ പൂർത്തിയാകുന്നത്.

**സാംകുട്ടി :** അതു മനസ്സിലായി.

**അച്ചൻ :** നമ്മുടെ കർത്താവ് രക്ഷ ഒരാളിൽ ഇപ്പോൾത്തന്നെ പൂർത്തിയാക്കി നമുക്കു മാതൃക നൽകാൻ തീരുമാനിച്ചു.

**സാംകുട്ടി :** അതാരാണച്ചോ - യോഹന്നാൻ സ്നാപകനാണോ?

**അച്ചൻ :** യോഹന്നാൻ സ്നാപകൻ ഉയിർത്തില്ലല്ലോ. അതു പ.മാതാവാണ്. മാതാവ് പാപത്തെ പൂർണ്ണമായി വിജയിച്ചവളാണ്.

**സാംകുട്ടി :** അതെങ്ങനെ?

**അച്ചൻ :** ഗബ്രിയേൽ മാലാഖ മറിയത്തെ സംബോധന ചെയ്തത് ദൈവകൃപനിറഞ്ഞവളേ എന്നാണ്. അങ്ങനെ കൃപനിറഞ്ഞവളാകണമെങ്കിൽ, ജന്മപാപത്തിലോ, കർമ്മപാപത്തിലോ, ഉൾപ്പെടുവാൻ പാടില്ലല്ലോ.

**സാംകുട്ടി :** അതെങ്ങനെയാണച്ചോ? കന്യകമറിയാം രക്ഷിക്കപ്പെട്ടവളല്ലേ? എല്ലാ മനുഷ്യരും രക്ഷിക്കപ്പെടണമല്ലോ?

**അച്ചൻ :** നമ്മുടെ കർത്താവേശുമിശിഹായുടെ യോഗ്യതകളെപ്രതി കർത്താവിന്റെ രക്ഷ മുൻകൂട്ടി മറിയത്തിന് നൽകാൻ ദൈവം നിശ്ചയിച്ചു. അതുകൊണ്ടാണ് അവൾ കൃപനിറഞ്ഞവളായത്. ശരീരം നമ്മുടെ ശരീരം പോലെ ഇവിടെ ശേഷിച്ചതും അഴുകിയാൽ രക്ഷ പൂർണ്ണമാകുകയില്ലല്ലോ. അതുകൊണ്ട് ദൈവം അവളെ തന്റെ പുത്രനെപ്പോലെ ശരീരം മഹത്വീകരിച്ച് സ്വർഗ്ഗത്തിലേക്ക് എടുത്തു. ഇത് പാരമ്പര്യമായി സഭയുടെ വിശ്വാസമാണ്. 1950ൽ സഭ ഇക്കാര്യം പ്രഖ്യാപിച്ചുവെന്നു മാത്രം. നാം എങ്ങനെയാണ് രക്ഷിക്കപ്പെടേണ്ടതെന്ന് മറിയത്തെ നോക്കി കാണാം. അതിന് മറിയത്തെ പോലെ നാം പൂർണ്ണമായി കർത്താവിന്റേതാകണം. ഇതാ ഞാൻ കർത്താവിന്റെ ദാസി, ദാസൻ.

**സാംകുട്ടി :** അച്ചോ വളരെ നന്ദി.



**തി**രുവനന്തപുരം: പ്രളയത്തിൽ ഒറ്റപ്പെട്ടുപോയ ആയിരക്കണക്കിന് ആളുകൾക്ക് ജീവൻ തിരിച്ചു നൽകിയ ആറ്റിങ്ങലിലെ 9 ഓളം മത്സ്യതൊഴിലാളികൾ. അവിശ്വസനീയമായ പ്രളയത്തിന്റെ ഭീകരതയിൽ നിലവിളിക്കുന്നവരെ കണ്ടപ്പോൾ അവർക്ക് ഓർമവന്നത് ഓഖി ദുരന്തത്തിൽ നഷ്ടപ്പെട്ട തങ്ങളുടെ പ്രിയപ്പെട്ടവരെ തന്നെയാണ്. ബോട്ടുകളുമായി പ്രളയബാധിത സ്ഥലങ്ങളിൽ പോയി പ്രിയപ്പെട്ടവരെ സഹായിക്കണമെന്ന സൂസപാക്യം പിതാവിന്റെ നിർദ്ദേശം കൂടി കിട്ടിയപ്പോൾ അവർക്ക് അധികം ചിന്തിക്കേണ്ടി വന്നില്ല. മൂന്ന് ബോട്ടുകളിലായി അവർ യാത്ര തിരിച്ചു. മനുഷ്യരെ പിടിക്കാൻ.

പതിനേഴാം തീയതി രാവിലെയാണ് മാമ്പഴി 19-ാം വാർഡ് മെമ്പറും മത്സ്യതൊഴിലാളിയുമായ നെൽസന്റെ നേതൃത്വത്തിൽ 9 അംഗസംഘം രക്ഷാപ്രവർത്തനത്തിന് ഇറങ്ങിതിരിക്കുന്നത്. വെള്ളത്തിന്റെ കുത്തൊഴുക്ക് കണ്ട് പിൻതിരിപ്പിക്കാൻ ചിലർ ശ്രമിച്ചെങ്കിലും, ഇവരുടെ തീരുമാനത്തിന് മാറ്റമില്ലായിരുന്നു. സുഹൃത്തുകളുടെ മൂന്ന് ബോട്ടുകളുമായി അവർ യാത്ര ആരംഭിച്ചു.

ബോട്ടുകൾ ലോറികളിലാക്കി ചെങ്ങന്നൂർ എത്തി. കാലാവസ്ഥ മാറി, മാനം കറുത്തു, അന്തരീക്ഷമാകെ ഇരുട്ട്, കേൾക്കുന്നത് മനുഷ്യരുടെ നിലവിളികൾ മാത്രം.. കനത്ത മഴയെക്കാൾ ഉയർന്ന



സെലഷ് മെറിൻ

# മറക്കാൻ കഴിയില്ല ആ ദിവസങ്ങൾ



ശബ്ദത്തിൽ സ്ത്രീകളുടെയും കുഞ്ഞുങ്ങളുടെയും കരച്ചിൽ....

എത്രയും പെട്ടെന്ന് ആളുകളെ രക്ഷിക്കണം. വെള്ളം കയറികൊണ്ടിരിക്കുന്നു. പലരും കഴുത്തൊപ്പം വെള്ളത്തിലാണ്. ലോറിയിൽ നിന്ന് ബോട്ടുകൾ ഇറക്കി രക്ഷാപ്രവർത്തനത്തിന് ഒരുങ്ങുമ്പോൾ സർക്കാരിന്റെ പതിവ് നയങ്ങൾ, വില്ലേജ് ഓഫീസറെ കാണണം, താലൂക്ക് ഓഫിസിൽ പോകണം, പോലീസുകാരെ കാണണം. പുരക്കത്തുമ്പോൾ വാഴ വയ്ക്കുന്ന രീതി. ക്ഷമ നശിച്ചപ്പോൾ അവർ ബോട്ടുകളുമായി പാഞ്ഞു.

കല്ലിശ്ശേരിയിൽ നിന്നാണ് രക്ഷാപ്രവർത്തനം ആരംഭിച്ചത്. പ്രദേശം മുഴുവൻ വെള്ളത്തിൽ മുങ്ങി. ആയിരക്കണക്കിന് കുടുംബങ്ങൾ ഒറ്റപ്പെട്ടു. ആരും രക്ഷാപ്രവർത്തനത്തിന് എത്തിയിട്ടില്ല. ബോട്ടു വരുന്നത് കണ്ട് ഒരാൾ കരഞ്ഞുകൊണ്ട് ഓടിവരുന്നു. എന്റെ കുട്ടികളും, ഭാര്യയും വീടുനു മുകളിൽ കുടുങ്ങി. എങ്ങനെയെങ്കിലും രക്ഷിക്കണം. അദ്ദേഹത്തെയും കുടുംബത്തെയും രക്ഷിച്ച് രക്ഷാപ്രവർത്തനം ആ നിമിഷം തന്നെ ആരംഭിച്ചു. ഒരു കുടുംബത്തെ രക്ഷിച്ചതോടെ മനക്കരുത്തായി, രക്ഷിക്കണം എന്ന് ആളുകൾ കരഞ്ഞു പറഞ്ഞപ്പോൾ ഞങ്ങളുടെ ജീവൻ പോയാലും നിങ്ങളെ രക്ഷിക്കും എന്ന് വാക്ക് കൊടുത്തു. ആദ്യ ദിവസം തന്നെ 550 കുടുംബങ്ങളെ രക്ഷിച്ചു. അന്ന് രാത്രി ബോട്ടിൽ തന്നെ ഉറങ്ങി, തണുത്ത് വിറങ്ങലിച്ച ദേഹത്ത് പ്ലാസ്റ്റിക്ക് മൂടി, ഭക്ഷണമില്ല, മാറാൻ വസ്ത്രമില്ല, ഒരു പരാധിയുമില്ലാതെ..



കല്ലിശ്ശേരി ഭാഗത്ത് രക്ഷാപ്രവർത്തനം എത്തിയിട്ടില്ല. കുത്തൊഴുക്കു കാരണം പല ബോട്ടുകാരും മടിച്ചു. വീടുകളുടെ ഒരു നിലയ്ക്കു മുകളിലായി വെള്ളം. പ്രായമായവരെ അടക്കം ടെറസിനു മുകളിൽ കയറ്റിനിർത്തി രക്ഷക്കായി നോക്കി നിൽക്കുന്നു. കല്ലിശ്ശരി ഉൾപ്രദേശത്ത് എത്തിയപ്പോൾ കുഞ്ഞുങ്ങളുടെ കരച്ചിൽ. കയർ കെട്ടി വീടിനു മുകളിൽ കയറി. പ്രസവിച്ചു വെറും രണ്ടാഴ്ച്ചയായ അമ്മയും, കുഞ്ഞും രണ്ട് മക്കളും. കുട്ടികൾ പേടിച്ചു കരയുകയാണ്, അമ്മയെയും കുഞ്ഞിനെയും ടാർപ്പായിൽ മൂടി ഇട്ടിരിക്കുന്നു. അച്ഛൻ ബോട്ട് തിരക്കിപോയിട്ട് രണ്ട് ദിവസം ആയി. മരണത്തെ മുന്നിൽകണ്ട് കിടക്കുന്ന കുടുംബം. ഒരു മഹാപ്രളയത്തിന്റെ അതിഭീകരമായ കാഴ്ച്ച. തിരിച്ചു കരയ്ക്കു എത്തിച്ചപ്പോൾ കൂപ്പു കൈയോടെ ആ കുടുംബം പൊട്ടി കരഞ്ഞു.. ജീവിതത്തിൽ ഒരിക്കലും മറക്കാനാവാത്ത കാഴ്ച എന്ന് നെൽസൻ പറഞ്ഞു.

വീണ്ടും ഊടുവഴികളിലൂടെയുള്ള രക്ഷാപ്രവർത്തനം ബോട്ടിനു പോകാൻ കഴിയാത്ത വഴികൾ അതിനിടയിൽ അപകടങ്ങൾ ബോട്ടിൽ നിന്ന് ഒരാൾ തെറിച്ചു വെള്ളത്തിൽ പോയി, കുത്തൊഴുക്കിൽ ബോട്ടുകൾ തുരുത്തുകളിൽ ഇടിച്ചു, പലർക്കും പരിക്കുപറ്റി. കുഞ്ഞുങ്ങളുടെ നിലവിളികളിൽ ആ വേദനകൾ ഒലിച്ചു പോയി. രണ്ടാം ദിവസം കല്ലിശ്ശേരി ഇടവക അച്ചൻ വയറു നിറയെ ഭക്ഷണം നൽകി. പിന്നീട് ആയിരക്കണക്കിന് ആളുകൾ കുടുങ്ങി കിടക്കുന്ന അപ്പർ കുട്ടനാട് ഭാഗത്തേക്ക്...

അധികൃതരുടെ ഭാഗത്തു നിന്ന് യാതൊരു പിൻതുണയും ലഭിച്ചില്ലെന്ന് നെൽസൻ പറഞ്ഞു. മാർഗനിർദേശം നൽകാൻ ഒരു പോലീസുകാരു പോലും വന്നില്ല. ആദ്യമായി പോകുന്ന വഴികൾ, അവിടെ ജനിച്ചു വളർന്നവർക്കുപോലും മനസിലാക്കാൻ കഴിയാത്ത അവസ്ഥ, എങ്കിലും ദിവസങ്ങളായി ജലപാനം പോലും ലഭിക്കാത്ത 1500 ഓളം ആളുകൾക്ക് ഭക്ഷണം എത്തിച്ചു. ആയിരക്കണക്കിന് കുടുംബങ്ങളെ രക്ഷപ്പെടുത്തി. രാത്രിയും പകലും നീണ്ട 3 ദിവസത്തെ രക്ഷാപ്രവർത്തനത്തിനൊടുവിൽ, അവർ മടങ്ങി. സ്വന്തം നാട്ടിലേക്ക്.

വീട്ടിലെത്തി അടുത്ത ദിവസം വീണ്ടും കടലിലേക്ക്. കടലമ്മ തന്ന അനുഗ്രഹത്തിന് നന്ദി പറയാൻ. അപ്പർ കുട്ടനാട്, കല്ലിശ്ശേരി, ചെങ്ങന്നൂർ ഭാഗത്തുള്ള ആയിരങ്ങൾ അവരുടെ ഹൃദയത്തിൽ വച്ചു കഴിഞ്ഞു ഈ മത്സ്യ തൊഴിലാളികളെ. ജീവിതത്തിലെ ഏറ്റവും വലിയ കടമ ചെയ്തു കഴിഞ്ഞു എന്ന് മെമ്പർ നെൽസൻ പറഞ്ഞു. ●

# പനി വരുമ്പോൾ എന്ത് ചെയ്യണം....



സി. ഐറിൻ എസ്.ഐ.സി.

**കാ**ലാവസ്ഥ മാറി വരുന്ന ഈ കാലഘട്ടത്തിൽ പലതരം പനികൾ ആണ് കേരളത്തിൽ പടർന്ന് പിടിക്കുന്നത്. ഡെങ്കിപ്പനി, മലേറിയ, വൈറൽഫീവർ, നിപ്പ പനി, എലിപ്പനി അങ്ങനെ നിരവധി. കുട്ടികൾ മുതൽ വൃദ്ധർ വരെ പനിയുടെ തീക്ഷ്ണത അനുഭവിക്കുന്ന ഈ സമയത്തു പനിയെക്കുറിച്ചും വീട്ടിലെ പരിചരണത്തെപ്പറ്റിയും സംശയം ഉയരുക സ്വഭാവികം. പ്രധാനമായും സംശയം വരുന്നത് ആഹാരം, മരുന്നുകൾ തുടങ്ങിയ കാര്യങ്ങളെക്കുറിച്ചാണ്.

**പനി വരുമ്പോൾ പെട്ടെന്ന് നാം എന്താണ് ചെയ്യേണ്ടത്?**

ആദ്യമേ നാം പനിയുടെ തീവ്രത കൂടാതിരിക്കാനുള്ള മാർഗ്ഗമെന്ന നിലയിൽ രോഗിയുടെ നെറ്റിയിൽ തുണി നനച്ച് ഇടാവുന്നതാണ്. തണുത്ത വെള്ളത്തിൽ മുക്കിയ തുണിയാണ് നെറ്റിയിൽ ഇടേണ്ടത്. ശരീരത്തിൽ ചൂട് കൂടുമ്പോഴുള്ള അസ്വസ്ഥത കുറയ്ക്കാൻ ഇത് ചെയ്യുന്നത് നല്ലതാണ്. മരുന്നിനു പകരമുള്ള ചികിത്സാവിധിയല്ലിത്. പക്ഷെ പനി കൂടാതിരിക്കാൻ ഇത് സഹായിക്കും. നെറ്റിയിൽ നനഞ്ഞ തുണി ഇടുന്നതിനു പകരം ഐസ് വയ്ക്കുന്നത് നല്ലതല്ല. കൈയോ, കാലോ എവിടെയെങ്കിലും ഇടിച്ചു മുഴ വന്നാലാണ് ഐസ് വയ്ക്കുക.

**പനി വരുമ്പോൾ സ്വയം മരുന്ന് കഴിച്ച് പരീക്ഷിക്കരുത്.**

ഒരു അസ്വസ്ഥത വരുമ്പോൾ എല്ലാവരും സ്വയം മരുന്ന് എടുത്ത് ചികിത്സിക്കും. അതിന്റെ ഭവിഷ്യത്ത് വളരെ വലുതാണ്. പനിയുടെ അസ്വസ്ഥത കാണുമ്പോൾ തന്നെ ഡോക്ടറെ കണ്ട്



കൃത്യമായി മരുന്ന് മേടിക്കുക.

ഹോമിയോപതിയിൽ പനി വരുമ്പോൾ എല്ലാവർക്കും ഒരുപോലത്തെ മെഡിസിനല്ല കൊടുക്കുന്നത്. അത് രോഗലക്ഷണങ്ങൾ മനസ്സിലാക്കി അതിന് അനുസരിച്ചാണ് മരുന്ന് കൊടുക്കുന്നത്. ഉദാഹരണത്തിന് മഴ നനഞ്ഞതു കൊണ്ട് പനി വരാം, ഇഞ്ചക്ഷൻ മൂലവും പനി വരാം. ഈ രണ്ട് രോഗലക്ഷണങ്ങൾ മനസ്സിലാക്കി മരുന്ന് കൊടുക്കുന്നു. നമ്മൾ ഇത് സ്വന്തമായി ചികിത്സിച്ചാൽ നമ്മുടെ ആരോഗ്യം നമ്മൾ തന്നെ നശിപ്പിക്കുകയാണെന്ന് ഓർക്കുക.

**പനി വരുമ്പോൾ എന്തെല്ലാം ഭക്ഷണപാനീയങ്ങൾ സ്വീകരിക്കാം.**

പനിയുള്ളപ്പോൾ നമ്മുടെ ശരീരത്തിനു സാധാരണയിലധികം കാലറി ആവശ്യമാണ്. കാരണം ശരീരത്തിന്റെ താപനില കൂടുതലായതിനാൽ ഉപാപചയപ്രവർത്തനത്തിനു വളരെ കൂടുതലാണ്. പനിയുള്ളപ്പോൾ ആദ്യ ദിവസങ്ങളിൽ കഞ്ഞി കുടിക്കുന്നതാണ് ഏറ്റവും ഉത്തമം. റാഗി കുറുക്കും കഴിക്കാം. 2 ദിവസം കഴിഞ്ഞാൽ ആവിയിൽ വേവിച്ച് ഭക്ഷണം കഴിക്കാം. ഉദാ : ഇഡ്ഡലി, പുട്ട് മുതലായവ. അരിയാഹാരം കഴിക്കാൻ പാടില്ലെന്ന ധാരണ തെറ്റാണ്. എണ്ണയിൽ വറുത്തത്, മാംസ്യം അടങ്ങിയ ഭക്ഷണ പദാർത്ഥങ്ങൾ ഇവ ഒഴിവാക്കണം. ഓറഞ്ച്, ആപ്പിൾ മുതലായ ധാരാളം പഴവർഗ്ഗങ്ങൾ കഴിക്കാം. വാഴപ്പഴം പുഴുങ്ങി കഴിക്കാം. അപ്പോൾ ദഹിക്കാൻ പ്രയാസമുണ്ടാവില്ല. ബ്രഡ്, ബിസ്ക്കറ്റ് തുടങ്ങിയവ ലഘുഭക്ഷണമായതുകൊണ്ട് അവയും കഴിക്കാം. ക്രീം ബിസ്ക്കറ്റുകൾ ഒഴിവാക്കണം. ദഹിക്കാൻ എളുപ്പമുള്ള പദാർത്ഥങ്ങൾ കഴിക്കുക. പ്രോട്ടീൻ അടങ്ങിയ പാൽ പനിയുള്ളപ്പോൾ ദഹിക്കാൻ പ്രയാസമാണ്.

ഉപ്പിട്ട കഞ്ഞിവെള്ളം കുടിക്കുന്നത് ക്ഷീണം അകറ്റാൻ സഹായിക്കും. കരിക്കിൻവെള്ളവും വളരെ നല്ലതാണ്. കാരണം ഇതിൽ പൊട്ടാസ്യം അടങ്ങിയിരിക്കുന്നു. ലെമൺ ടീ ഒരു എനർജൈസർ ആണ്. ഇതിൽ ആന്റിഓക്സിഡറുകൾ ഉണ്ട്. ഇതു ശരീരത്തിന് ഊർജ്ജം നൽകും. ഇതിനെല്ലാം പുറമേ പനിയുള്ളപ്പോൾ തിളപ്പിച്ചാറിയ വെള്ളം ധാരാളം കുടിക്കുക. പനിമൂലമുള്ള നിർജലീകരണം തടയാൻ 3 മുതൽ 5 ലിറ്റർ വരെ വെള്ളം കുടിക്കണം.

**ശ്രദ്ധിക്കുക : ഈ 4 കാര്യങ്ങൾ**

1. വിശ്രമം അത്യാവശ്യം
2. നന്നായി ഭക്ഷണം കഴിക്കുക
3. തല കുളിക്കരുത്
4. വെള്ളം ധാരാളം കുടിക്കുക






# കുട്ടികൾക്കുള്ള കഥകൾ



**പ്രൊഫ. ഡോ. ബാബു ഫിലിപ്പ്**

## മണ്ടനും മടിയനുമായ കാക്ക



**ക**ഠിനമായ ഒരു വേനൽക്കാലത്ത്, ദാഹിച്ചു വലഞ്ഞ ഒരു കാക്ക, വെള്ളം തേടി അലഞ്ഞു. പറന്നു പറന്ന്, അവൻ ഒരു കിണറിന്റെ അടുത്തെത്തി. അവിടെ, ഒരു മൺകലത്തിന്റെ അകത്ത് അല്പം വെള്ളം ഉണ്ടെന്ന് അവൻ കണ്ടു. പണ്ടൊരിക്കൽ ഇത്തരത്തിലുള്ള ഒരു കലത്തിലേക്ക് ചെറിയ ചെറിയ ചരലുകൾ കൊത്തിയിട്ട്, വെള്ളം ഉയർത്തി കുടിച്ച തന്റെ പൂർവികനായ ഒരു മിടുക്കൻ കാക്കയുടെ കഥ അവൻ ഓർത്തു. അവനും കുറേ ചെറിയ കല്ലുകൾ കൊത്തി കലത്തിലിട്ടു നോക്കി. എന്നാൽ വളരെ നേരം പരിശ്രമിച്ചിട്ടും വെള്ളം വേണ്ടത്ര ഉയരുന്നില്ല എന്നു കണ്ട മടിയൻ കാക്ക മടുത്തു. അവന്റെ ക്ഷമ നശിച്ചു. ചെറിയ കല്ലുകൾ സാവധാനത്തിൽ ക്ഷമയോടെ ഇട്ടുകൊണ്ടിരിക്കുവാൻ അവൻ ഇഷ്ടപ്പെട്ടില്ല. അക്ഷമനും മടിയനുമായ ആ കാക്ക അടുത്തുള്ള ഒരു വലിയ കല്ല് വളരെ പ്രയാസപ്പെട്ട്, ചുണ്ടും കാലുകളും ഉപയോഗിച്ച് ഉയർത്തി ആ കലത്തിലേക്ക് ശക്തിയോടെ ഇട്ടു. 'പൊത്തോ' എന്ന ശബ്ദം കേട്ട് അവൻ ഞെട്ടിപ്പോയി. വലിയ കല്ല് വന്നുവീണതോടെ കലം പൊട്ടിപ്പോയി. വെള്ളം മുഴുവനും ഒഴുകിപ്പോയി. മടിയൻ കാക്ക ദാഹത്തോടെ പറന്നുപോയി. ''മടിയൻ മല ചുമക്കും'' എന്ന് നാം കേട്ടിട്ടുണ്ട്. മടിയന്റെ മനസ്സ് പിശാചിന്റെ പണിപ്പുര ആണ്. ക്ഷമയോടെ അധ്വാനിക്കുന്നവർക്കേ വിജയം ഉള്ളൂ.

## കുറുക്കനെ തോൽപ്പിച്ച കോഴി



**ഒ**രാൾ വീട്ടിൽ കുറേ കോഴികളെ വളർത്തിയിരുന്നു. പതിവുപോലെ ഒരു ദിവസം വൈകിട്ട്, അയാൾ കോഴികളെ കൂട്ടിലാക്കി പൂട്ടിയിട്ടിട്ട് വീട്ടിലേക്ക് കയറിപ്പോയി. കൂട്ടത്തിലെ ഒരു കോഴി കൂട്ടിൽ കയറാതെ പുറത്തിരുന്നത് അയാൾ ഇരുട്ടിന്റെ മറവിൽ കാണാതെ പോയി. രാത്രിയിൽ ഒരു കുറുക്കൻ കൂടിന്റെ അടുത്തെത്തി. കൂടിന്റെ പുറത്തുള്ള കോഴിയെ അവൻ പിടിക്കാൻ ഒരുങ്ങി. തന്റെ മരണം ഉറപ്പായി എന്ന് കോഴിക്കു മനസ്സിലായി. ബുദ്ധിമതിയായ ആ കോഴി ധൈര്യപൂർവ്വം കുറുക്കനോട് പറഞ്ഞു, ''കുറുക്കൻ ചേട്ടാ, ചേട്ടൻ എന്നെ തിന്നുന്നതിൽ എനിക്ക് സന്തോഷമേയുള്ളൂ. കാരണം, ചേട്ടനാണ് കാട്ടിലെ ഏറ്റവും നല്ല പാട്ടുകാരൻ. എന്റെ അവസാനത്തെ ആഗ്രഹം ചേട്ടൻ സാധിച്ചു തരണം. ചേട്ടന്റെ മനോഹരമായ ഒരു പാട്ടു കേട്ടശേഷം മരിക്കണം എന്നതാണ് എന്റെ അന്ത്യാഭിലാഷം.'' കോഴിയുടെ പ്രശംസ കുറുക്കന് വളരെ ഇഷ്ടമായി. അവൻ ഉറക്കെ സംഗീതകച്ചേരി തുടങ്ങി. അവന്റെ കൂവലിന്റെ ശബ്ദം കേട്ട വീട്ടിലെ പട്ടികൾ കൂട്ടമായി പാഞ്ഞുവന്ന് കുറുക്കനെ ആക്രമിച്ചു. അവൻ ജീവനും കൊണ്ട് ഓടിയൊളിച്ചു. വിവേകപൂർവ്വം പ്രവർത്തിച്ച മിടുക്കിയായ കോഴി അങ്ങനെ സ്വന്തം ജീവൻ രക്ഷിച്ചു.

## സമീക്ഷ
### എം.സി.സി.എൽ. തിരുവല്ല അതിരൂപത
### SAPIENZA QUIZ - 2018 നവംബർ 6, 20

എം.സി.സി.എൽ. ക്വിസ് മത്സരം മേഖലാ തലത്തിൽ 2018 നവംബർ 6 നും അതിരൂപതാ തലത്തിൽ നവംബർ 20 നും നടത്തുന്നതാണ്. ഒരു ടീമിൽ 3 പേർ.

**വിഷയം :**


***ജൂണിയർ :*** പ്രഭാഷകൻ 1-10, വി.മത്തായി 10-18, വെളിപാട് 10-16, ഐക്യദീപം മാസിക 2018 മെയ്, ജൂൺ ലക്കങ്ങൾ.

***സീനിയർ :*** നിയമാവർത്തനം 1-11, പ്രഭാഷകൻ 1-10, വി. മത്തായി 10-18, വെളിപാട് 10-16, ഐക്യദീപം മാസിക 2018 ജൂലൈ, സെപ്റ്റംബർ ലക്കങ്ങൾ.

**മതാദ്ധ്യാപകർക്കുള്ള ക്വിസ് മത്സരം 2018 നവംബർ 6, 20**

2018 നവംബർ 6 ന് മേഖലാതലത്തിലും നവംബർ 20 ന് അതിരൂപതാതലത്തിലും നടത്തുന്നതാണ്. ഒരു ഇടവകയിൽ നിന്നും ഒരു ടീം മാത്രം.

***വിഷയം :*** നിയമാവർത്തനം 1-11, പ്രഭാഷകൻ 1-10, വി. മത്തായി 10-18, ഐക്യദീപം മാസിക 2018 ജൂലൈ, സെപ്റ്റംബർ ലക്കങ്ങൾ.


ജൂനിയർ
മോസസ്
കുട്ടികളുടെ കൂട്ടുകാരൻ
SAMEEKSHA
CATECHISM
Thiruvalla
തന്റെ ഓഫീസിൽ ഇരുന്ന് സ്വപ്നം കാണുന്ന ജോസഫ് കോൺട്രാക്ടർ.
മറ്റൊരിടത്ത്
നമ്മുടെ കളിസ്ഥലങ്ങൾ എല്ലാം കയ്യേറി കെട്ടിടങ്ങൾ പണിതുയർത്തുകയാണല്ലോ ഇവൻ
നമ്മളിനി എന്തു ചെയ്യും?
വരൂ... ജൂനിയർ മോസ്സസിനെ കാണാം.
ആടുകളെ മേയ്ക്കുക ആയിരുന്നു മോസ്സസ്.
ഹായ്... മോസ്സസ്!
ഹായ്... കൂട്ടുകാരെ!
തുടരും

# THE LADY WITH LAMP



Krupa Grace Mathew



***In the deep recesses of the day, when darkness enveloped the skies, she appeared bearing a bright beacon of amenity, an air of tranquility. Neither darkness nor weariness could hinder her subtlesolitary stroll, tending to those who lay broken before her.***

Night have swallowed the world, the medical officers and the nurses with her retired for the night. But her eyes fail to find its rest, the war is raging outside and sleep does not find her. With a lamp in her hand Florence Nightingale makes her rounds gliding swiftly between beds tending and easing the pain of the fallen on the battlefield. No eyes greeted her sans gratitude embedded in them. She was miles away from home and yet when she first arrived she experienced only horror at the detrimental conditions in which soldiers were left to fight for their life. The sheer lack of medical supplies, the lack of hygiene and higher incidence of infection which is often fatal, induced her to strive for change. She had appealed to the government, implemented hygiene practicesand toiled meticulously without distinction and she had succeeded. The Crimean War named her the 'the lady with the lamp.' And she had only begun.

Her dedication to humanity had come much earlier in life during one of her travels. Being of an intellectual disposition and possessing a deep lust from the unknown she had ventured out into the world seeking pleasures in new lands. On her outing to Thebes, Egypt she wrote of being "called to God", while a week later near Cairo she wrote in her diary "God called me in the morning and asked me would I do good for him alone without reputation. Later in 1850, she visited the Lutheran religious

community at Kaiserswerth-am-Rhein in Germany, where she observed Pastor Theodor Fliedner and the deaconesses working for the sick and the deprived. She regarded the experience as a turning point in her life, the call she received tovolunteer as medical nurse during the war.

Despite opposition, she refused to accede to the traditional roles expected of her. Originating from the better classes of society, her decision incited rebuke and resentment from her all quarters.Yet she did not falter. She worked hard to educate herself in the art and science of nursing, even in the face of opposition from her family and the restrictive social code for affluent young English women. Her success during the war is testimony of her enormous will which had led to the establishment of the Nightingale Fund in 1855 for training nurses. The first trained Nightingale nurses began work on 16 May 1865 at the Liverpool Workhouse Infirmary.Thechange had already begun.

Florence transformed nursing. She had access to people in high places and she used it to get things done. She was stubborn, opinionated and forthright but she had to be those things in order to achieve all that she did.Apart from being an excellent nurse she also had a literary inclination. She had often published her opinions on women's rights and nursing. Her most remarkable work was Notes on Nursing (1859). The book served as the cornerstone of the curriculum at the Nightingale School and other nursing schools, though it was written specifically for the education of those nursing at home. Her efforts bestowed her numerous accolades and recognition. She turned the first recipient of the Royal Red Cross and the first woman to receive the Order of Merit. History goes on to call her the mother of modern nursing profession.


She set an example of compassion, commitment and diligence. Her exemplary services and creative and pioneering spirit inspired many to trod her path after her. The lamp she held gave warmth and rays of hope during the darkest despair of the lives of hundreds of soldiers. It is the very same lamp she had shined at the face of the world flashing her ever radiant smile, her touch a boon of compassion.And she still lives in those who chose follow her, the eternal beacon of hope.

●

**Word Intake**

***Order of Merit***-*An order of merit recognising distinguished service in the armed forces, science, art, literature, or for the promotion of culture.*

***Crimean War*** - *Was a military conflict fought from October 1853 to February 1856[6] in which the Russian Empire lost to an alliance of the Ottoman Empire, France, Britain and Sardinia.*



# ദുരിതാശ്വാസ പ്രവർത്തനം






















# എം.സി.സി.എൽ. ബൈബിൾ ക്വിസ്

തയ്യാറാക്കിയത് :
**സി. അലീന എസ്.ഐ.സി.**
2018 സെപ്റ്റംബർ

11. കർത്താവേ അവിടുത്തെ വാഗ്ദാനമനുസരിച്ച് ഇപ്പോൾ ഈ ദാസനെ സമാധാനത്തിൽ വിട്ടയയ്ക്കണമെ.... ആര് എപ്പോൾ പറഞ്ഞു?
2. സഖറിയായുടെ പുത്രന്റെ പേര്?
3. വംശാവലിയിൽ ആദം ആരുടേതായിരുന്നു?
4. വചനം കേൾക്കുകയും എന്നാൽ, അതനുസരിച്ചു പ്രവർത്തിക്കാതിരിക്കുകയും ചെയ്യുന്ന മനുഷ്യൻ ആർക്കു തുല്യൻ.
5. ജ്ഞാനം ശരിയെന്നു തെളിയുന്നത് ആരിലൂടെയാണ്?
6. ഒടുങ്ങാത്ത നിക്ഷേപം സംഭരിച്ചു വയ്ക്കേണ്ടത് എവിടെ?
7. നഷ്ടപ്പെട്ടുപോയതിനെ കണ്ടെത്തി രക്ഷിക്കാൻ ആരാണ് വന്നിരിക്കുന്നത്?
8. പടയാളികൾ അടുത്ത്ചെന്ന് യേശുവിന് വിനാഗിരി കൊടുത്തുകൊണ്ട് എന്താണ് പറഞ്ഞത്?
9. ഉന്നതത്തിൽ നിന്നു ശക്തി ധരിക്കുന്നതുവരെ എവിടെ വസിക്കാനാണ് യേശുപറഞ്ഞത്?
10. യേശുവിനെ കുരിശിൽ തറച്ച സമയത്ത് ഭൂമി മുഴുവൻ അന്ധകാരം വ്യാപിച്ചിരുന്നു. ഏതുമണിക്കൂർ മുതൽ എത്രാം മണിക്കൂർ വരെ?

*N.B* : ഉത്തരങ്ങൾ ഒക്ടോബർ 10 ന് മുൻപായി **തിയോളജിക്കൽ & കാറ്റകെറ്റിക്കൽ സെന്റർ, സമീക്ഷ, കുളക്കാട്, തിരുവല്ല - 689 101** എന്ന മേൽവിലാസത്തിലേക്ക് അയച്ചു തരിക

തയ്യാറാക്കിയത് :
**സി. ജെറോസ് എസ്.ഐ.സി.**

## ബൈബിൾ ക്വിസ് ശരി ഉത്തരം

ആഗസ്റ്റ് **2018**

1. നിയമാവർത്തനം 34
2. ശക്തനോട് (പ്രഭാ.8:1)
3. നിങ്ങളുടെ പുത്രന്മാർ (മത്തായി 12:27)
4. സർപ്പത്തെ (വെളി. 13:4)
5. സകല മഹാമാരികളും കൊണ്ട് (വെളി. 11:6)
6. നിയമാവർത്തനം 5:7
7. നിയമജ്ഞർ (മത്തായി 17:10)
8. സ്വർഗ്ഗീയ പിതാവ് (മത്തായി 15:3)
9. നന്നായിരിക്കുന്നു (നിയമ. 5:28)
10. അവർക്ക് വിശ്വാസമില്ല (പ്രഭാ. 2:13)

## ആദരാഞ്ജലികൾ



**റവ. ഡോ. ജോൺ ബർക്കുമെൻസ് ഒ.ഐ.സി.**

**ജനനം : 29.12.1934** **മരണം : 09.09.2018**

## സ്മൈൽ പ്ലീസ് പദ്ധതിയുടെ ഉദ്ഘാടനം



എം.സി.സി.എൽ.ന്റെ നേതൃത്വത്തിൽ പ്രളയബാധിത പ്രദേശങ്ങളിലെ കുട്ടികൾക്ക് ഒരു കൈത്താങ്ങായി ആവശ്യമായ പഠനോപകരണങ്ങൾ വിതരണം ചെയ്യുന്ന സ്മൈൽ പ്ലീസ് പദ്ധതിയുടെ ഉദ്ഘാടനം എം.സി.സി.എൽ പ്രസിഡന്റ് രഹൻ സെപ്റ്റംബർ 8-ാം തീയതി ഉച്ചയ്ക്ക് 3 മണിക്ക് സമീക്ഷയിൽ നിർവ്വഹിച്ചു.

"Make a difference to the lives of people all around the world"

# CAREER OPPORTUNITIES IN DISASTER MANAGEMENT STUDIES



**Jojo Mathew**
Goonj , Kerala

Disaster Management Studies is emerging globally as a full-fledged academic discipline . Disaster management professionals play a role in reducing the impact of calamity. Careers in disaster management are usually in government sector, jobs with emergency services, law enforcement, local authorities, relief agencies, Voluntary Organizations and international agencies.Private sector careers are also available while fulfilling their corporate social responsibilities.

In the international scenario a disaster management professional typically work in in emergency planning, crisis management, risk analysis, emergency logistics, humanitarian management.Management of disasters requires a multidisciplinary approach . This would be building requisite skills and capabilities adequate enough to effectively deal with the whole cycle of disaster management – prevention, mitigation, preparedness, response, relief and rehabilitation.

A postgraduate qualification in Disaster Management Studies subject prepares you for many different careers within the field.

**Academic institutions offer Disaster Management Courses**

1. National Institute of Disaster Management (NIDM) , New Delhi
2. Jamsetji Tata School of Disaster Studies, Mumbai
3. Centre of Excellence in Disaster Mitigation and Management, IIT Roorkee
4. Amity Institute of Disaster Management
5. Pondicherry University

---

**ഉപകാരസ്മരണ**

**പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന**

പരിശുദ്ധാത്മാവേ, എനിക്കെല്ലാം വെളിപ്പെടുത്തുകയും എനിക്ക് വഴി കാണിച്ചുതരികയും എന്നോട് മറ്റുള്ള വർ ചെയ്തതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവുതരുന്ന ദൈവിക ദാനം തരികയും എന്റെ ജീവിത ത്തിൽ എല്ലാ ചിന്തകളിലും ഉള്ളവനു മായ അങ്ങേക്ക് ഞാൻ നന്ദി പറയു ന്നു. എത്ര വലിയ ഭൗതിക ആഗ്രഹങ്ങൾ എന്നിലു ണ്ടായാലും ഒരു നിമിഷം പോലും അങ്ങ യിൽനിന്ന് അകലുവാനോ വേർപെടു വാനോ ഞാൻ ആഗ്രഹിക്കുന്നില്ല എന്നു ഞാൻ തീർത്തു പറയുന്നു. നിത്യമഹത്വ ത്തിൽ അങ്ങയുടെകൂടെ ആയിരിക്കു വാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവഹി തത്തിന് വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോട് ചോദിക്കുന്നു.

**ഒരു വിശ്വാസി, നിരണം**



റാന്നി മേഖല എം.സി.എ.യുടെ ആഭിമുഖ്യത്തിൽ വരവൂർ പള്ളി യിൽ വച്ച് പരിസ്ഥിതി സംരക്ഷണത്തെപ്പറ്റി മാർത്തോമ്മാ കോ ളേജ് റിട്ടേഡ് പ്രൊഫ. തോമസ് മാത്യു ക്ലാസെടുത്തു. എം.സി. എ. അതിരൂപത പ്രസിഡന്റ് ജോജി വിഴലിൽ, മേഖല വികാരി ഫാ. ജെയിംസ് കുമ്പന്താനം, മേഖലാ ഉപദേഷ്ടാവ് ഫാ. വർഗീ സ് തെക്കേമണ്ണിൽ, വികാരി ഫാ. ആന്റണി ഒ.സി.ഡി., ശോശാമ്മ വർഗീസ്, മേഖല പ്രസിഡന്റ് റ്റി.എസ്.ജോർജ്ജ്, മേഖല സെക്രട്ടറി ജെയ്സൺ മാത്യു, പാപ്പച്ചൻ ഇടയിൽത്താനം, സെലിൻ ചാമക്കാലയിൽ എന്നിവർ പങ്കെടുത്തു.

## വിവാഹ ഒരുക്ക സെമിനാർ 2018


**സ്ഥലം: ശാന്തിനിലയം, തിരുവല്ല**
**ഫോൺ: 0469–2603968, 9447823752**

**തീയതി : സെപ്റ്റംബർ 2018 – 11, 12,13 – 25, 26, 27**
**ഒക്ടോബർ 2018 – 23, 24, 25**
**നവംബർ 2018 – 06,07,08 – 20,21,22**

**ഒക്ടോബർ മാസത്തിലെ ആദ്യത്തെ ആഴ്ചയിലെ വിവാഹ ഒരുക്ക സെമിനാർ ഉണ്ടായിരിക്കുന്നതല്ല.**

### നിർദ്ദേശങ്ങൾ

- സെമിനാറിൽ പങ്കെടുക്കുന്നവർ മൂന്ന് ദിവസം മുമ്പെങ്കിലും പേര് രജിസ്റ്റർ ചെയ്യണം.
- സെമിനാർ ചൊവ്വാഴ്ച രാവിലെ 9.00 ന് ആരംഭിച്ച് വ്യാഴാഴ്ച വൈകുന്നേരം 4 മണിക്ക് അവസാനിക്കും.
- സെമിനാറിൽ പൂർണ്ണമായും പങ്കെടുക്കുന്നവർക്ക് മാത്രമേ സർട്ടിഫിക്കറ്റ് നൽകുകയുള്ളൂ.
- രജിസ്ട്രേഷൻ ഫീസ് 1000 രൂപയായിരിക്കും. പങ്കെടുക്കുന്നവർ വികാരിയച്ചന്റെ സാക്ഷ്യപത്രവും 2 ഫോട്ടോയും കൊണ്ടുവരണം.
- സെമിനാറിന്റെ അവസാന ദിവസമായ വ്യാഴാഴ്ച 2 മണിക്ക് വിവാഹ ഒരുക്ക സെമിനാറിൽ പങ്കെടുക്കുന്ന കുട്ടികളുടെ മാതാപിതാക്കൾക്കായി പ്രത്യേക ക്ലാസ്സ് ഉണ്ടായിരിക്കുന്നതാണ്. ഇതിൽ എല്ലാ മാതാപിതാക്കളും നിർബന്ധമായും പങ്കെടുക്കണം.




## വിവാഹിതരായി



വേങ്ങൽ ശ്രീ ജോസഫ് ഐപ്പിന്റെയും ശ്രീമതി മേരി ജോസഫിന്റെയും മകൾ ജസീന ജോസഫും തോട്ടത്തിൽ ശ്രീ രാജൻ ജോർജ്ജിന്റെയും ശ്രീമതി സോഫി രാജന്റെയും മകൻ നിതിൻ രാജ് ജോർജ്ജും തമ്മിലുള്ള വിവാഹം സെന്റ് മേരീസ് മെത്രാപ്പോലിത്തൻ കത്തീഡ്രലിൽ വച്ച് അഭി. സാമുവേൽ മാർ ഐറേനിയോസ് പിതാവിന്റെ കാർമ്മികത്വത്തിൽ 26-08-2018 ഞായറാഴ്ച ആശിർവദിക്കപ്പെട്ടു.

*(ഇടയശബ്ദം തുടർച്ച)*

രുടെ സാമിപ്യവും സാന്ത്വനവും നന്മകളും താത്പര്യത്തോടെ സ്വീകരിച്ചു.

ആശ്രമപ്രസ്ഥാനമെന്ന നിലയിൽ മാർ ഈവാനിയോസ് പിതാവ് മലങ്കരസഭയുടെ നവോത്ഥാനത്തിനു ആരംഭംകുറിച്ച ദൈവാത്മപദ്ധതിയാണ് ബഥനി ആശ്രമം. മലങ്കരസഭയിലെ വ്യവഹാരങ്ങളും മറ്റു പ്രതിസന്ധികളും പ്രാർത്ഥനയുടെയും തപചര്യയുടെയും കുറവുമൂലം ഉണ്ടാകുന്നതാണെന്ന ഉറച്ചബോദ്ധ്യമാണ് ഇപ്രകാരം ഒരു ക്രിയാത്മകമായ ഉത്തരത്തിലേക്കു പിതാവിനെ നയിച്ചത്. പിന്നീട് ബഥനി മലങ്കര സഭയുടെ പുനരൈക്യശുശ്രൂഷകൾക്ക് അടിത്തറപാകി. മലങ്കരസഭ ബഥനിയോട് അതീവ കടപ്പെട്ടിരിക്കുന്നു.

മറ്റു സന്യാസപ്രസ്ഥാനങ്ങളിൽ നിന്നും ബഥനി വ്യത്യസ്തമാണ്. മറ്റു പ്രസ്ഥാനങ്ങൾ ഏതെങ്കിലും ഒരു പ്രത്യേക 'കാരിസ' ത്തിലൂടെ തങ്ങളുടെ വിളി സാധൂകരിക്കുമ്പോൾ, ബഥനി സഭയ്ക്കു മുഴുവനായി ശക്തി പകർന്നു നിൽക്കുന്നു. എന്തെങ്കിലും ഒരു പ്രത്യേക ശുശ്രൂഷ എന്നതല്ല; സഭയുടെ എല്ലാശുശ്രൂഷയും ബഥനിയുടെതുമാണ്. അയതുകൊണ്ട് ബഥനി നിലകൊള്ളുന്നത് സഭയുടെ ആകമാനമായ വിശുദ്ധീകരണത്തിനും പ്രേഷിത പ്രവർത്തനത്തിനു മാകുന്നു, ആകണം. എന്തും സഭയ്ക്കുവേണ്ടി ത്യജിക്കുവാൻ കഴിയുന്നവരാകണം ബഥാനിയന്മാർ. സഭയെ എല്ലാത്തരത്തിലും കെട്ടിപ്പടുക്കുന്നതിനെക്കാൾ വലിയ ഒരു ശുശ്രൂഷയും കാരിസവും ബഥനിയനില്ല. നാം ജീവിക്കുന്ന വർത്തമാനകാലത്ത് മറ്റെന്തിനെക്കാൾ വിശ്വാസത്തിനും ലാളിത്യത്തിനും കാരുണ്യത്തിനും സാക്ഷ്യം നൽകാൻ എല്ലാവർക്കും വിശിഷ്യ ആശ്രമസ്തർക്കും സാധിക്കണം. 2013 ൽ ഫ്രാൻസിസ് മാർപാപ്പ സന്യസ്തരോടു പറഞ്ഞത് എല്ലാക്കാലവും പ്രധാനപ്പെട്ടതായി നിലകൊള്ളുന്നു. യേശുക്രിസ്തുവിനെയും അവന്റെ സഭയേയും ആകർഷകമാക്കുകയാണ് സന്യസ്ത ധർമ്മം. ആകർഷണംകൊണ്ടു മാത്രമെ യേശുവിലേയ്ക്ക് ആളുകൾ വരികയുള്ളു.


നമ്മുടെ വിചിന്തനങ്ങൾ ശക്തമാകേണ്ടസമയമാണ്. സഭയെ തേജോവധം ചെയ്യുന്ന തിന്മകളുടെ ശക്തികളോട് ചിലർ കൂട്ടുകൂടുന്ന ദാരുണ സംഭവങ്ങൾ സഭാമക്കളെ മാത്രമല്ല, നന്മയാഗ്രഹിക്കുന്ന സകലരേയും വേദനിപ്പിക്കുന്നു. സ്വാർത്ഥതയും ധനാർത്തിയും അധികാരഗർവ്വും സമർപ്പിതരിലും അധികാരികളിലും നാമ്പെടുക്കുമ്പോൾ ലജ്ജാവഹവും ജുഗുപ്സാവഹവുമായ കാര്യങ്ങൾ, പൊതുസമൂഹത്തെ ഞെട്ടിപ്പിക്കുന്ന തരത്തിലുള്ള ക്രിയവിക്രയങ്ങളെയും ആശാസ്യമല്ലാത്ത ബന്ധങ്ങളെയുംപ്പറ്റിയുള്ള വെളിപ്പെടുത്തലുകളും സമൂഹത്തിന്റെ ധാർമ്മിക, മനസ്സാക്ഷി സൂക്ഷിപ്പുകാർ എന്ന നിലയിലുള്ള സഭയുടെ സ്ഥാനം അപ്രത്യക്ഷമാക്കുകയാണ്. എന്തുനു വേണ്ടി സഭ എന്ന ചോദ്യം നിലനിൽക്കുന്നു. സഭ യേശുക്രിസ്തുവിന്റെ പിന്തുടർച്ചയും സാന്നിദ്ധ്യവുമാണെങ്കിൽ യേശുക്രിസ്തുവിന്റെ മൂല്യങ്ങൾ സംരക്ഷിക്കുവാൻ അവൾക്കു കടമയുണ്ട്. 30 വെള്ളിക്കാശിനു സ്വന്തം ശിഷ്യൻ തന്നെ ഒറ്റിക്കൊടുക്കുമ്പോൾ ആ വേദനയ്ക്ക് തീവ്രതയേറുന്നു. സഭാതനയർതന്നെ, പ്രത്യേകിച്ചും നേതൃത്വത്തിൽ നിൽക്കുന്നവർ സഭയെ ആക്രമിക്കുമ്പോൾ അതിന്റെ വേദന എത്ര കഠിനമാണ്. ഈ അവസരത്തിൽ ശക്തമായ പ്രാർത്ഥനയും ഉപവാസവും ആണ് നമുക്ക് ആശ്രയമാകാനുള്ളത്. ഈ പ്രതിസന്ധികളെയെല്ലാം നമ്മുടെ കർത്താവിന്റെ ശക്തിയാൽ നമുക്കു തരണം ചെയ്യാൻ കഴിയും. അതിനാൽ മുട്ടിന്മേൽ അഭയം പ്രാപിക്കാം. ●



തച്ചമം സെന്റ് ജോസഫ് ഇടവകയിലെ എം.സി.സി.എൽ. അംഗമായ റിറ്റോ ജോൺ റോയി തുടർച്ചയായി 2-ാം വർഷവും ഈവാനിയോസ് പിതാവിന്റെ കബറിങ്കലേക്കുള്ള പദയാത്രയിൽ പങ്കെടുത്തു.

**സെപ്റ്റംബർ 21**


**മെത്രാഭിഷേക വാർഷികം**



**അഭി. തോമസ് മാർ യൗസേബിയൂസ്**

**സെപ്റ്റംബർ 21**


**മെത്രാഭിഷേക വാർഷികം**



**അഭി. ഗീവർഗീസ് മാർ മക്കാറിയോസ്**

**സെപ്റ്റംബർ 21**

**മെത്രാഭിഷേക വാർഷികം**



**അഭി. യൂഹാനോൻ മാർ തെയഡോഷ്യസ്**


Bodhana
Tiruvalla Social Service Society
Pushpagiri Road,Tiruvalla -1
Ph. 0469 2730561, 2606063, Fax. 0469 2633295
E-mail : bodhanatiruvalla@gmail.com, www.bodhanatiruvalla.org
प्रधानमंत्री
भारतीय
जन औषधि
परियोजना
ജൻ ഔഷധി
ഗുണമേന്മയുടെ
മുഖമുദ്ര
പ്രധാന മന്ത്രി
ഭാരതീയ ജൻ ഔഷധി കേന്ദ്രം
ബോധന
മഴവെള്ള സംഭരണി
Social Work Department of the Malankara Archdiocese of Thiruvalla





## മാമ്മോദീസ




പാറപ്പാട്ട്, എജി പാറപ്പാട്ടിന്റെയും ജിനു എജിയുടെയും മകൻ എവിൻ എജി പാറപ്പാട്ടിന്റെ മാമ്മോദീസ 2018 ആഗസ്റ്റ് 23-ാം തീയതി വാകത്താനം സെന്റ് തോമസ് മലങ്കര കാത്തോലിക്കപള്ളിയിൽ വെച്ച് അഭി. യൂഹാനോൻ മാർ തിയോഡോഷ്യസ് മെത്രാപ്പോലീത്തായുടെ കാർമ്മികത്വത്തിൽ നടത്തപ്പെട്ടു.


# REMEMBRANCE SEPTEMBER



**Fr Joseph Palackal**
Date of Demise: 10 September 1940




**Fr Joseph Ettumanoorkaran**
Date of Demise: 26 September 1972



**Fr Zacharias Vadakkethalackal**
Date of Demise: 11 September 1979




**Fr Bernard Thomas Pandippally**
Date of Demise: 07 August 1986



**Msgr Mathew Nedungatt**
Date of Demise: 16 September 1991



**Fr Joseph Ayrookuzhy**
Date of Demise: 26 September 1991



**Fr Cherian Mylakatt**
Date of Demise: 18 September 1992



**Fr Theophilos Paul Malayil**
Date of Demise: 02 August 2000



**Fr Joachim Nagancheril**
Date of Demise: 18 September 2007



**Msgr Alexander Payyampallil**
Date of Demise: 18 September 2009



**Fr Andrews Puthenparampil**
Date of Demise: 18 September 2011



**Fr Mathew Chundamannil**
Date of Demise: 27 August 2013

## *Matrimonial*



### Matrimony - M 262


തിരുവല്ല അതിരൂപതാംഗമായ യുവതി, വയസ്സ് 27, Msc B.Ed. ഉയരം 5 അടി 2 ഇഞ്ച്, വെളുത്ത നിറം. വിദേശത്തോ നാട്ടിലോ ജോലിയുള്ള വിദ്യാസമ്പന്നരായ മലങ്കര കത്തോലിക്ക യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു.

Contact : 04735 230901, 9744862886, 9947335477

കാറ്റക്കിസം ഡിപ്ലോമ കോഴ്സിന്റെ രണ്ടാമത്തെ സെമസ്റ്റർ ക്ലാസ്സ് 2018 ഒക്ടോബർ 2-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.30 മുതൽ 4 മണി വരെ ശാന്തിനിലയത്തിൽ വച്ച് നടത്തുന്നതാണ്.

**സെപ്റ്റംബർ 28**

**ഓർമ്മ തിരുനാൾ**



**അഭി. സഖറിയാസ് മാർ അത്തനാസിയോസ്**

RUBY
WEDDING
ANNIVERSARY



# THOMAS MATHEW & MOLLY MATHEW

**AMPAZHAPALLIL,**

**ST. MARY'S CATHOLIC CHURCH, NIRANAM-ALUMTHURUTHY**

*Best Wishes...*

**Bejoy Mathew, Namitha Bejoy, Shaniah Bejoy**
**Benoy Mathew, Menna Benoy, Jonathan Benoy**

Date of Publication : 15.09.2018
Price : ₹ 10/-

AIKYADEEPAM MONTHLY
Marygiri, Tiruvalla, Kerala
Ph: 0469-2600626, Fax : 0469-2600822

R.N.I 35982/80
September 2018



GIRIDEEPAM INSTITUTIONS

BETHANY HILLS,
VADAVATHOOR P.O KOTTAYAM - 686010
Mobile: +91 7356550952 ,+91 9207458515
Email:hmgirideepam@gmail.com
Website: www.girideepamschool.org

- Girideepam Bethany Central School
- Girideepam Bethany Higher Secondary School
- Girideepam Shemrock Kindercity
- Girideepam Business School (MBA)
- Girideepam Institute of Advanced Learning





Printed and Published by Fr. Thomas Kodinattumkunnel, Published from Marygiri, Archbishop's House, Tiruvalla, Kerala and Printed at Viani Press Ernakulam. Kerala, Chief Editor : Rev. Dr. Abraham Irimbinikal